"ആത്മനിരീക്ഷണം ചെയ്യുന്നതിനു സമുചിതമായ ഒരു സമയം തിരിഞ്ഞെടുക്കുകയും ഈശ്വരന്റെ അനുഗ്രഹങ്ങളെപ്പററി മുറയ്ക്കു ചിന്തിക്കുകയും ചെയ്യുക. കൗതുകകരങ്ങളായ കാര്യങ്ങളെ വർജ്ജിക്കുക. നിനക്കു മനോവ്യാപാരം നൽകുമെന്നതിനേക്കാൾ നിന്നിൽ പശ്ചാത്താപം ഉളവാക്കും എന്നുള്ള സംഗതികൾ വായിക്കുക."

—ക്രിസ്ത്വനുകരണം

# സത്യദീപം

"പിശാചന്റെ കണികളോടു എതിർത്തു നിൽക്കുവാൻ നിങ്ങൾക്കു കഴിയേണ്ടതിനു ദൈവത്തിന്റെ ആയുധമെല്ലാം ധരിക്കുകയും ചെയ്യുവിൻ. എന്തുകൊണ്ടെന്നാൽ നിങ്ങളുടെ യുദ്ധം ശരീരത്തോടും രക്തത്തോടുമല്ല, പ്രഭുത്വങ്ങളോടും, അധികാരികളോടും, അന്ധകാരമയമായ ഈ ലോകത്തെ കീഴടക്കിയിരിക്കുന്നവരോടും, ആകാശത്തിൻ കീഴുള്ള ദുരാത്മാക്കളോടുമാകുന്നു."

—അപ്പ: VI: 11—12

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ഒക്ടോബർ 30—ബുധനാഴ്ച | Vol. 31, No. 12

## റോമിൽ നടന്ന ജോസിസ്ററ് കോൺഗ്രസ്സ്

(ജെ. മാണിക്കത്തു്, റോം)


ആഗസ്റ്റ് 21 മുതൽ 25 വരെ റോമിൽവച്ചാഘോഷിച്ച അഖിലലോക കത്തോലിക്കാ യുവതൊഴിലാളികോൺഗ്രസ്സിനോടനുബന്ധിച്ചു നടന്ന ആഡംബരാത്മകവും അഭൂതപൂർവ്വവുമായ പരിപാടികളെപ്പററി എല്ലാവരും കേട്ടിരിക്കുമല്ലോ. 24-ാം തീയതി 30,000 വരുന്ന ഈ യുവതൊഴിലാളികൾ പ്രകടിപ്പിച്ച മതതീക്ഷ്ണത ആരേയും രോമാഞ്ചംകൊള്ളിക്കത്തക്കതായിരുന്നു. 25-ാം തീയതി വിശുദ്ധനഗരത്തിൽ ദിവ്യനാഥന്റെ വികാരിയുടെ മുമ്പിൽ അവർ നടത്തിയ ഭക്തിവാത്സല്യപ്രകടനങ്ങൾ എത്രയോ ഹൃദയാവർജ്ജകങ്ങളായിരുന്നു!

### കൊളോസിയത്തിൽ കുരിശിന്റെ വഴി

ഞായറാഴ്ച നടക്കുവാനിരുന്ന വമ്പിച്ച പരിപാടികൾ ഭംഗിയായി കലാശിക്കുവാൻ അതിന്റെ തലേദിവസം പ്രാർത്ഥനയുടേയും പ്രായശ്ചിത്തത്തിന്റേയും ഒരു ദിനമായാണ് അവർ കൊണ്ടാടിയതു്. ശനിയാഴ്ച രാത്രി 8 മണിക്കു് റോമിലെ 14 ദേവാലയങ്ങൾ ഭാഷാടിസ്ഥാനത്തിൽ വിഭജിച്ചു് അവയിൽ തിരുമണിക്കൂർ നടത്തപ്പെട്ടു. ലോകമാസകലമുള്ള യുവതൊഴിലാളികൾ തങ്ങളുടെ ദൈവവിളി എന്തെന്നു ശരിയായി മനസ്സിലാക്കുന്നതിനും അതുവഴി വിശുദ്ധ സഭയുമായി രമ്യതയിൽ കഴിഞ്ഞുകൂടുന്നതിനുമുള്ള അനുഗ്രഹം തങ്ങൾക്കും അവർക്കും ലഭിക്കുന്നതിനായി 30000 ജോസിസ്റ്റ്ഹൃദയങ്ങൾ ദൈവത്തിങ്കലേക്കുയർത്തപ്പെട്ടു. തിരുമണിക്കൂർ അവസാനിച്ചതോടെ നഗരത്തിന്റെ വിവിധപാർശ്വങ്ങളിൽനിന്നു് 30000 കത്തിച്ച തിരികളോടുകൂടി അവർ കൊളോസിയ(രക്തസാക്ഷികളുടെ രക്തത്താൽ പവിത്രീകരിക്കപ്പെട്ട ഒരു മല്ലരംഗം)ത്തിലേക്കു നീങ്ങി. അഞ്ചു കർദ്ദിനാളന്മാരും 30-ൽപ്പരം വൈദികാദ്ധ്യക്ഷന്മാരും പതിനായിരക്കണക്കിനു ജനങ്ങളും അവരോടൊന്നിച്ചു് ഈ സ്ഥലത്തേക്കു യാത്ര ചെയ്തു. തന്റെ ദിവാസ്വപ്നങ്ങൾ ഒരു തികഞ്ഞ യാഥാർത്ഥ്യമായി അനുഭവിച്ചറിഞ്ഞ ജോസിസ്റ്റ് സ്ഥാപകൻ മോൺ: കാർഡൈൻ ഈ യുവജനങ്ങളോടൊന്നിച്ചു പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. മൈതാനത്തിന്റെ നടുഭാഗത്തു് സ്ഥാപിച്ചിരുന്ന ബിസാന്റൈൻ കുരിശിനെ ലക്ഷ്യമാക്കി, കുരിശിന്റെവഴിയുടെ പതിന്നാലുസ്ഥലങ്ങളെ ഓർമ്മിപ്പിക്കുന്നതിനായി തിരുമണിക്കൂർ നടത്തിയ പതിന്നാലുപള്ളികളിൽനിന്നും യുവജനങ്ങൾ തോളിലേററിക്കൊണ്ടുവന്ന കുരിശുകൾ ഓരോ സ്ഥലങ്ങളിൽ സ്ഥാപിക്കപ്പെട്ടു. ഇവ കൂടാതെ, തൊഴിലാളികളുടെ കഷ്ടപ്പാടുകളേയും ദുരിതങ്ങളേയും അനുസ്മരിപ്പിക്കുന്നതിനും, ഇരുമ്പുയവനികയ്ക്കുള്ളിൽ ദുരിതമനുഭവിക്കുന്ന സഹോദരങ്ങളുടെ സ്മരണയ്ക്കായും രണ്ടു കുരിശുകളും സ്ഥാപിക്കപ്പെട്ടു. പരിപൂർണ്ണമായ നിശ്ശബ്ദതയിലും ഭക്തിപ്രചുരിമയിലും ജനസഞ്ചയം അതിൽ പങ്കെടുത്തു. തുടർന്നു മോൺ: കാർഡൈൻ കുരിശിന്റെവഴിക്കു മുമ്പുള്ള പ്രാർത്ഥന ചൊല്ലി. പതിന്നാലുസ്ഥലത്തും 14 ഭാഷയിലായിരുന്നു പ്രാർത്ഥന. 13-ാം സ്ഥലത്തു അതു ഹിന്ദിയിലാണു് നിർവ്വഹിക്കപ്പെട്ടതു്. "ഈശോയേ, കുരിശുംതാങ്ങി"യെന്നാരംഭിക്കുന്ന ഭക്തഗാനം ഓരോ സ്ഥലത്തും ആലപിക്കുകയുണ്ടായി. ചടങ്ങുകളുടെ അവസാനത്തിൽ കർദ്ദിനാൾ ഒട്ടാവിയാനി വി. കുരിശുകൊണ്ടു ഭക്തിനിർഭരമായ ആ ജനക്കൂട്ടത്തെ ആശീർവ്വദിച്ചു. വിശ്വാസപ്രമാണ മാല പിച്ചുകൊണ്ടു് യുവജനങ്ങൾ പിരിഞ്ഞുപോയി.

### പരിശുദ്ധ പിതാവിന്റെ സന്നിധിയിൽ

ആഗസ്റ്റ് 25-ാം തീയതി ഞായറാഴ്ച കാലത്തു കർദ്ദിനാൾ തിസ്സരാങ്ങ് തിരുമനസ്സുകൊണ്ട് വി. പത്രോസിന്റെ ബസ്സിലിക്കായിലെ മാർപ്പാപ്പായുടെ അൾത്താരയിൽ ജോസിസ്റ്റ്തൊഴിലാളികൾക്കായി പൊന്തിഫിക്കൽകുർബാന അർപ്പിച്ചു. വി. കുർബാന ആരംഭിക്കുന്നതിനു ഒരുമണിക്കൂർ മുമ്പുതന്നെ ഏതാണ്ടു ഒരുലക്ഷം ജനങ്ങൾക്കു നിൽക്കാവുന്ന ബസ്സിലിക്കാ നിറഞ്ഞുകഴിഞ്ഞിരുന്നു. യുവതൊഴിലാളികൾതന്നെയാണ് കുർബാനസമയത്തു പാടിയതു്. ദിവ്യബലിയിൽ സജീവമായി പങ്കെടുക്കുന്നതിനു മോൺ: കാർഡൈൻ യുവജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ടിരുന്നു. എല്ലാവരുംതന്നെ വി. കുർബാനസ്വീകരണവുംനടത്തി. ദിവ്യബലിയുടെ അവസാനത്തിൽ "Christus vincit" (ക്രിസ്തു ജയിക്കട്ടെ) എന്നാരംഭിക്കുന്ന ഭക്തഗാനം ശ്രുതിമധുരമായ രീതിയിൽ ആലപിക്കപ്പെട്ടു.



**തൊഴിലാളിനേതാക്കന്മാരെ മാർപ്പാപ്പാ സ്വീകരിക്കുന്നു**

(റോമിൽ നടന്ന ജോസിസ്റ്റ് കോൺഗ്രസ്സിൽ വിവിധഗ്രൂപ്പുകളുടെ നേതാക്കന്മാരെ ഓരോരുത്തരെയായി സംഘടനാസ്ഥാപകൻ മോൺ. കാർഡൈൻ പരിശുദ്ധപിതാവിനു പരിചയപ്പെടുത്തുന്നതാണ് ചിത്രം)

ഉച്ചതിരിഞ്ഞു് കൃത്യം 4-30 നു് വി. പത്രോസിന്റെ ബസ്സിലിക്കായുടെ അങ്കണത്തിൽ വി. പത്രോസിന്റെ പിൻഗാമിയുടെ സാന്നിദ്ധ്യത്തിൽ യുവകത്തോലിക്കാതൊഴിലാളി കോൺഗ്രസ്സിന്റെ അവസാനപ്രകടനങ്ങൾ സമാരംഭിച്ചു. യുവതൊഴിലാളികൾക്കു് വി. സഭയോടും മാർപ്പാപ്പായോടും ഹയരാർക്കിയോടുമുള്ള ബഹുമാനാദരപ്രകടനങ്ങളായിരുന്നു മിക്കതും. അനേകം നദികൾ ഒന്നിച്ചു സമുദ്രത്തിൽ ചേരുന്നതുപോലെ റോമിന്റെ നാനാഭാഗത്തുനിന്നും ആയിരക്കണക്കിനു ജനങ്ങൾ ബസ്സിലിക്കാങ്കണത്തിൽ തടിച്ചുകൂടി ഒരു മനുഷ്യമഹാസമുദ്രമായിത്തീർന്നു. അതെ, ഒന്നരലക്ഷത്തോളംവരുന്ന കത്തോലിക്കാ ജനതതി!

അഞ്ചു വൻകരകളിൽനിന്നും വന്നുചേർന്ന ഈ യുവതൊഴിലാളികൾതന്നെ ബസ്സിലിക്കാങ്കണത്തിന്റെ നടുഭാഗത്തു പ്രത്യേകമായി നിർമ്മിച്ചിരുന്ന ഭംഗിയേറിയ മണ്ഡപത്തിൽ തങ്ങളുടെ പ്രകടനങ്ങളാരംഭിച്ചു. ആദ്യത്തേതു ഒരു ക്രിസ്തീയ യുവതൊഴിലാളിയുടെ പ്രതിദിനജീവിതമായിരുന്നു. 87 രാജ്യങ്ങളിൽപ്പെട്ട 400 യുവതീയുവാക്കൾ ഒരേവർണ്ണത്തിലുള്ള വസ്ത്രങ്ങളണിഞ്ഞു് മണ്ഡപത്തിൽ പ്രത്യക്ഷരായി. "യാന്ത്രികത്വത്തെ കീഴടക്കുന്ന തൊഴിലാളി" (Man the Victor of Mechanisation) എന്നതായിരുന്നു പ്രധാനഭാഗം. കുടുംബജീവിതത്തിലെ നിത്യാനുഭവങ്ങൾ വളരെ തന്മയത്വത്തോടുകൂടി ഈ യുവതീയുവാക്കൾ അഭിനയിച്ചു. സ്ത്രീകൾ തോട്ടപ്പണികളിൽ വ്യാപൃതരായിരിക്കുമ്പോൾ, പുരുഷന്മാർ വേട്ടയാടുന്നതിനും മീൻപിടിക്കുന്നതിനുമായി പോകുന്ന ചില ഭാഗങ്ങൾ; സ്ത്രീകൾ ഗൃഹവൃത്തിയിലേർപ്പെട്ടിരിക്കുമ്പോൾ പുരുഷന്മാർ വിറകുകീറുന്നതും ചെരുപ്പുകൾ നന്നാക്കുന്നതുമായി പലതും......പലതും. ഓരോ രംഗവും അഭിനയിക്കുന്നതനുസരിച്ചു് അതോടൊത്തുപോകുന്ന രാഗാലാപവും പാട്ടുപെട്ടിവഴി നിർവ്വഹിച്ചുകൊണ്ടിരുന്നു. അടുത്തതായി യാന്ത്രികവിപ്ലവം തൊഴിലാളിലോകത്തിൽ വരുത്തിയ മാററങ്ങളായിരുന്നു പ്രകടനവിഷയം. ഈ മാററങ്ങൾക്കിരയായ തൊഴിലാളി പണ്ടത്തെപ്പോലെ സന്തോഷവാനും ഉന്മേഷമുള്ളവനുമായി കാണപ്പെടുന്നില്ല. ആകപ്പാടെ യാന്ത്രീകരിക്കപ്പെട്ടുപോയി അവന്റെ ജീവിതം. അവന്റെ ജീവിതത്തിനു് സംതൃപ്തിയും ആശ്വാസവും നൽകുന്ന ഒരു സന്ദേശം—സത്യസഭയുടെ ദിവ്യസന്ദേശം—അപ്പോൾ അവൻ ശ്രവിക്കുന്നു! ആ സന്ദേശം യാന്ത്രികത്വത്തെ കീഴടക്കുവാൻ അവനെ പഠിപ്പിച്ചു.

ഈ പ്രകടനങ്ങളുടെയിടയ്ക്കു് ഓരോ രാജ്യത്തിലും നിലനിന്നു വരുന്ന പ്രത്യേകതരം നൃത്തങ്ങൾ അവർ നടത്തുകയുണ്ടായി. ഹൃദയാവർജ്ജകങ്ങളായ ഈ ചടങ്ങുകൾ പരി. പിതാവിന്റെ പൈതൃകഹൃദയത്തെ വളരെയേറെ ആനന്ദിപ്പിച്ചു. ഓരോ പ്രകടനത്തിനുമിടയ്ക്കു ജനക്കൂട്ടം ഹർഷാരവം മുഴക്കിക്കൊണ്ടിരുന്നു. തുടർന്നു തൊഴിലാളികൾ കത്തോലിക്കാസഭയുടെ തത്വങ്ങൾ അനുസരിച്ചു ജീവിച്ചുകൊള്ളാമെന്നും, തങ്ങളുടെ പിതാവായ പരി. മാർപ്പാപ്പായെ എല്ലാകാര്യങ്ങളിലും അനുസരിക്കുമെന്നും പ്രതിജ്ഞചെയ്തു. തലതാഴ്ത്തി അവരുടെ പ്രതിജ്ഞാവചനങ്ങളെ പരി. പിതാവു് അംഗീകരിച്ചു. പ്രകടനങ്ങളുടെ അവസാനം പരി. മാർപ്പാപ്പാ അവിടെ സന്നിഹിതരായിരുന്ന യുവതൊഴിലാളികളോടും അവരോടൊപ്പം തന്റെ സ്വരം ശ്രവിക്കുന്ന മററനേകായിരം തൊഴിലാളികളോടുമായി ഫ്രഞ്ചുഭാഷയിൽ 40 മി

(ശേഷം 4-ാംപേജിൽ)

ജീവചരിത്രം

# കാപ്പിരികളുടെ ഇടയിൽ

(ജി. മാളിയേക്കൽ എസ്. ജെ.)

300 കൊല്ലങ്ങൾക്കപ്പുറം, സെപ്റ്റംബർമാസത്തിലെ ആ സുപ്രഭാതം! തെക്കേഅമേരിക്കായിലുള്ള "കാർത്തജീനാ"പട്ടണത്തിലെ ഈശോസഭാശ്രമത്തിൽ എന്തെന്നില്ലാത്ത ആൾത്തിരക്ക്. അൾത്താരയ്ക്കു മുമ്പിലായി ഉയർത്തപ്പെട്ട ശവമഞ്ചത്തിൽ ഒരു വൃദ്ധവൈദികൻെറ അവശിഷ്ടങ്ങൾ പ്രതിഷ്ഠിച്ചിരിക്കുന്നു. കാർത്തജീനാപട്ടണം മുഴുവൻ അതിനു ചുററും തിങ്ങിക്കൂടിയിട്ടുണ്ടു്, കറുത്തവരും വെളുത്തവരും ഇരുനിറക്കാരും. രാഷ്ട്രാധികാരികളും നീതിപാലകന്മാരും പ്രഭുക്കന്മാരും സന്നിഹിതരായിട്ടുണ്ടു്. അടിമകളെന്നും യജമാനന്മാരെന്നുമുള്ള ഭേദം അവർ അപ്പോൾ മറന്നുപോയി. കഴിഞ്ഞ 44 വർഷക്കാലം തങ്ങളോടുകൂടിയുണ്ടായിരുന്ന ത്യാഗമൂർത്തിയെ—അവരുടെ വത്സലപിതാവിനെ— അവസാനമായി ഒരു നോക്കുകാണുവാൻ ഓടിക്കൂടിയിരിക്കുകയാണവർ.

പീററർ ക്ലേവർ സ്പെയിനിൽ "വെർഡു" എന്ന ഗ്രാമത്തിൽ 1570-ൽ ജാതനായി. ദാരിദ്ര്യത്തിൻെറ പിടിയിലമർന്നിരുന്ന കൊച്ചുപീററർ മഹാമനസ്കനായ ഒരു ധനികൻെറ സഹായത്താൽ ഉപരിവിദ്യാഭ്യാസം നടത്തി. 20-ാമത്തെ വയസ്സിൽ ഈശോസഭയിൽ ചേർന്നു് നവസന്യാസമാരംഭിച്ചു. 1605-ൽ തത്വശാസ്ത്രപഠനത്തിനായി മജോർക്കാ ദ്വീപിലേക്കയക്കപ്പെട്ടു. അവിടെ വച്ചു് കോളേജിൽ പോർട്ടർജോലി നോക്കിയിരുന്ന അൽഫോൻസസു് റൊഡ്റിഗസ്സു് എന്ന തുണസഹോദരനുമായി പരിചയപ്പെടുവാനിടയായി. ആ വൃദ്ധവിശുദ്ധനാണു് ക്ലേവറിൻെറ ഹൃദയത്തിൽ മിഷ്യനറിജീവിതത്തിൻെറ വിത്തുകൾ പാകിയതു്.

എളിമയുടെ വിളനിലമായ ആ തുണസഹോദരനു് ആയിടെ ഒരു ദൈവവെളിപാടുണ്ടായി: പ്രഭാപ്രസരങ്ങളായ 12 സിംഹാസനങ്ങൾ! അവയിലൊന്നുമാത്രം ശൂന്യമായികിടക്കുന്നു, എണ്ണമററ ആത്മാക്കളെ രക്ഷിക്കുവാനിരിക്കുന്ന പീററർ ക്ലേവറിനെ പ്രതീക്ഷിച്ചുകൊണ്ടു്. നേരെ തൻെറ സ്നേഹിതനായ കൊച്ചുശെമ്മാശ്ശൻെറയടുക്കൽചെന്നു് താൻ കണ്ട കാഴ്ചയെപ്പററി വിസ്തരിച്ചു കേൾപ്പിക്കാനല്ല അൽഫോൻസസു് വെമ്പൽകൊണ്ടതു്. അതിനുപകരം അവസരം കിട്ടുമ്പോഴെല്ലാം അന്ധതയിൽ ഉഴലുന്ന അനേകായിരം ആത്മാക്കളുടെ ദയനീയസ്ഥിതിയെ എടുത്തുകാണിച്ചു് അവർക്കുവേണ്ടി ജീവത്യാഗം ചെയ്യുന്നതിനുള്ള അദ്ദേഹത്തിൻെറ അഭിവാഞ്ഛയെ തട്ടിയുണർത്തുവാൻ ശ്രമിച്ചുവന്നു: "എത്രയധികം വൈദികർ നമ്മുടെയിടയിലുണ്ടു്. അവർ വിചാരിച്ചാൽ അമേരിക്കയിൽചെന്നു് എത്രയേറെ ആത്മാക്കളെ രക്ഷിക്കുവാൻ സാധിക്കും! കച്ചവടക്കാർ തുച്ഛലാഭത്തിനുവേണ്ടി ഘോരസമുദ്രങ്ങൾ തരണംചെയ്യുന്നു. അത്രത്തോളമെങ്കിലും ചെയ്യുന്നതിനു് യഥാർത്ഥസ്നേഹം നമ്മളെ പ്രേരിപ്പിക്കേണ്ടതല്ലേ? അധികാരികളുടെ ആജ്ഞയെക്കാത്തിരിക്കാതെ സ്വമനസ്സാ ചെന്നു് അങ്ങോട്ടയക്കണമെന്നപേക്ഷിക്കുക..."


മജോർക്കായിൽനിന്നു് മടങ്ങുമ്പോൾ ഈ വാക്കുകൾ ക്ലേവറിൻെറ ചെവിയിൽ മുഴങ്ങിക്കൊണ്ടിരുന്നു. സ്പെയിനിലെത്തിയയുടനെ അമേരിക്കയ്ക്കയക്കണമെന്നു് അപേക്ഷയയച്ചു. വീണ്ടും വീണ്ടും അപേക്ഷിച്ചു. ഒടുവിൽ അവിടെ ചെന്നെത്തിയപ്പോൾ നേരെ ആത്മാക്കളുടെയടുക്കലേക്കല്ല, ഒരു തുണസഹോദരനെപ്പോലെ ആസ്പത്രിയിലേക്കും അടുക്കളയിലേക്കുമൊക്കെയാണു് ആ മിഷ്യനറിയുവാവു് നിയുക്തനായതു്. അധികം താമസിയാതെ ദൈവശാസ്ത്രപഠനത്തിനു് അയക്കപ്പെട്ടു. അങ്ങനെ 40-ാമത്തെ വയസ്സിൽ മാത്രമേ അദ്ദേഹമാഗ്രഹിച്ചപേക്ഷിച്ച മിഷ്യനറിജീവിതം അനുവദിക്കപ്പെട്ടുള്ളു. പക്ഷേ ആരംഭംമുതൽ നമ്മുടെ യുവവൈദികൻെറ മുമ്പിൽ വിലങ്ങുതടികൾ അണിനിരക്കുവാൻ തുടങ്ങി. ഒരു വെള്ളക്കാരൻ കാപ്പിരികളുമായി ഇടപെടുന്നതു് ആരും ഇഷ്ടപ്പെട്ടില്ല. തങ്ങൾക്കതപമാനകരമാണെന്നു് വെളുത്ത യജമാനന്മാർ. വൈദികാന്തസ്സിനതനുയോജ്യമല്ലെന്നു് മററു വൈദികർ. ആരോഗ്യത്തിനു് ഹാനികരമാണെന്നു് അധികാരികൾ.

ഇതെല്ലാം തള്ളിനീക്കിക്കൊണ്ടു് മുന്നോട്ടുപോകുവാൻ വിശുദ്ധനു് സാധിച്ചെങ്കിലും അതത്ര എളുപ്പമായിരുന്നില്ല. അടിമക്കച്ചവടത്തിൻെറ നാമംമാത്രം അവശേഷിക്കുന്ന ഇക്കാലത്തു്, സ്പാനിഷ്സാമ്രാജ്യത്തിൻെറ പ്രതാപയുഗമായ 17-ാംനൂററാണ്ടിൻെറ പരിതസ്ഥിതികളെപ്പററി ഊഹിക്കുവാൻപോലും പ്രയാസം. തോട്ടവേലയ്ക്കായിട്ടു കൊണ്ടുവന്നിട്ടുള്ള കന്നുകാലിക്കൂട്ടങ്ങൾ എന്നതിൽക്കവിഞ്ഞു് അടിമകളെപ്പററി ആരും കരുതിയിരുന്നില്ല. കററക്കാർ ആരായിരുന്നാലും സ്ഥിതിഗതികൾ പരിതാപകരമായിരുന്നു. ആഫ്റിക്കയിൽനിന്നു് വരുന്ന അടിമക്കപ്പൽ "കാർത്തജീനാ"യിൽ വന്നടുക്കുമ്പോൾ എന്തൊരു കോലാഹലം! കാപ്പിരികളുടെ ദീനരോദനത്തെയും നെടുവീർപ്പുകളേയും ഭേദിച്ചുകൊണ്ടു് യജമാനന്മാരുടെ ശകാരപ്രയോഗങ്ങളും അസഭ്യവചനങ്ങളും പ്രഹരങ്ങളും. കരയിൽ കാത്തുനില്ക്കുന്ന ദല്ലാളന്മാരുടെ വിലപേച്ചും ശുണ്ഠിപിടിത്തവും അതുപോലെതന്നെ. വെളുത്ത മുഖങ്ങളിലെല്ലാം ക്രൂരതയുടെ കരിനിഴൽ! കപ്പലിൽനിന്നു് അസഹ്യമായ ദുർഗന്ധം വീശുന്നതുകൊണ്ടു് കാഴ്ചക്കാർ അധികം അടുത്തുവരുന്നില്ല. അടിമകൾ ശരിയായ ഭക്ഷണമില്ലാതെ കന്നുകാലികളെപ്പോലെ കപ്പലിൻെറ അടിത്തട്ടിൽ കെട്ടിയടയ്ക്കപ്പെട്ടിരിക്കുന്നു. പലരുടേയും കാലുകളിൽ ഇരുമ്പുചങ്ങലകളുണ്ടു്. യജമാനന്മാരുടെ ചാട്ടയടികളുടേയും, തമ്മിൽ തമ്മിൽ നടക്കുന്ന കലഹങ്ങളുടേയും പാടുകൾ കരിയാത്ത വ്രണങ്ങളായി പലരുടേയും പുറത്തു് ദൃശ്യമാണു്. ചിലർ കരിഞ്ഞുണങ്ങിയ ജീവച്ഛവങ്ങളായി കാണപ്പെടുന്നു. മർദ്ദനമേററു മരിക്കുന്നവരെ കടലിലേക്കെറിയുകയേ വേണ്ടു. ആരു ചോദിക്കാനാണു്? പല മാസങ്ങളായി യാതൊരു പരിചരണവുമില്ലാത്തതുകൊണ്ടു് പലവക അശുദ്ധിയും ചിലപ്പോൾ സാംക്രമികരോഗങ്ങളും പടർന്നിരിക്കും. ചീഞ്ഞുനാറുന്ന മുറിവുകളും മററു കുപ്പത്തൊട്ടികളുമെല്ലാം വമിക്കുന്ന ദുർഗന്ധം അടിത്തട്ടിൽ കയറുവാൻ ധൈര്യപ്പെടുന്ന ഏതു മനുഷ്യനെയും ബോധരഹിതനാക്കത്തക്കതാണു്. കാപ്പിരികളുടെയിടയിൽ ജോലി ചെയ്യുവാൻ വരുന്ന വൈദികർപോലും പുതിയതായി വരുന്ന കപ്പലിനെ സമീപിക്കുവാൻ ധൈര്യപ്പെടുകയില്ല. പക്ഷെ പീററർ ക്ലേവറിനുമാത്രം അടിമക്കപ്പൽ വന്നടുക്കുന്ന ദിവസം വലിയൊരുത്സവദിനമാണു്. പല ദിവസങ്ങൾക്കുമുൻപേ അതിനുള്ള ഒരുക്കമാരംഭിക്കും. ഒരു വലിയ ചാക്കുമായി തെരുവീഥികളിലും കടകളിലും മാളികമുററത്തും ചെററക്കുടിലിലുംചെന്നു് അടിമകൾക്കുവേണ്ടി ഭിക്ഷയാചിക്കും. തോളിൽ തൂക്കിയിട്ടിരിക്കുന്ന ചാക്കുകണ്ടു് അവരെല്ലാം പുഞ്ചിരിയിടുമെങ്കിലും അദ്ദേഹം അതൊന്നും കൂട്ടാക്കുകയില്ല. ഭക്ഷണസാധനങ്ങളും പഴയ തുണിയും മരുന്നുകളുംകൊണ്ടു് ആ ചാക്കു നിറഞ്ഞെങ്കിലേ അദ്ദേഹം തിരിച്ചുപോവുകയുള്ളു. കപ്പൽ വന്നടുത്തയുടനെ ജനതാമദ്ധ്യത്തിൽക്കൂടി കൈയിൽ കൂടയുമായി ആ കൃശഗാത്രൻ നേരെ കപ്പലിൻെറ അടുക്കലേക്കു നീങ്ങുന്നതുകാണാം. ആ പ്രശാന്തവദനത്തിൽ ഒരു പ്രസന്നത തങ്ങിനില്ക്കുന്നുണ്ടു്. സ്നേഹവും ദയയും ആ വിശുദ്ധമുഖത്തുനിന്നു് ബഹിർഗമിക്കുന്നതുകണ്ടു് ആശ്ചര്യഭരിതരായി നില്ക്കുന്നു കരക്കിറക്കപ്പെട്ട കറുത്തരൂപങ്ങൾ. ഒരു വെള്ളക്കാരൻ തങ്ങൾക്കു പഴങ്ങളും പലഹാരങ്ങളും വച്ചുനീട്ടുന്നതുകണ്ടു് ആ സാധുക്കൾ പകച്ചുനോക്കുന്നു. "ഭയപ്പെടാതെ, വാങ്ങിക്കൊള്ളുക, നമ്മൾ സ്നേഹിതന്മാരാണു്." കരുണാമസൃണമായ ഈ വചനങ്ങൾകേട്ടു് പലരും വശീകൃതരാകുന്നെങ്കിലും പെട്ടെന്നു് അതുച്ചരിച്ചതു വെളുത്ത അധരങ്ങളാണെന്നോർത്തു അവർ ഞെട്ടിമാറുന്നു. വെള്ളക്കാരനിൽ കാരുണ്യമോ? ഇതിൽ ഏതോ ഒരടവുണ്ടു്, തീർച്ചയായും. പക്ഷെ നിഷ്കപടമായ ആ സ്നേഹപ്രകടനങ്ങൾ ഒടുവിൽ അവരെ കീഴ്പ്പെടുത്തും. സുമധുരമായ ആ പുഞ്ചിരിയെ അധികനേരം ചെറുത്തുനില്ക്കുവാൻ അവർക്കു ശക്തിയില്ല. സ്നേഹപൂർവ്വം വീണ്ടും വീണ്ടും അദ്ദേഹം വച്ചുനീട്ടുന്ന പഴങ്ങളും മരുന്നുകളും സ്വീകരിച്ചുകൊണ്ടു് കൃതജ്ഞതാദ്യോതകമായി ആ തടിച്ച ചുണ്ടുകൾ വളരെ നാളുകൾക്കുശേഷം ആദ്യമായിട്ടു് ഒന്നു ചിരിക്കുവാൻശ്രമിക്കും. അവർക്കദ്ദേഹത്തെ വിശ്വാസമായി.

അടുത്ത പരിപാടി യാത്രാമദ്ധ്യേ ജനിച്ച കുട്ടികൾക്കു ജ്ഞാനസ്നാനം നൽകുകയെന്നതാണു്. അതുകഴിഞ്ഞു് രോഗികളും വൃദ്ധന്മാരും നിത്യയാത്രയ്ക്കായി ഒരുക്കപ്പെടുന്നു. ഇതിനകം കരക്കിറക്കിയ അടിമക്കൂട്ടത്തെ വലിയ ഷെഡ്ഡുകളിൽ അടച്ചിരിക്കും. നല്ല വിലകൊടുക്കുന്നവർ വരുന്നതുവരെ അവിടെ കിടക്കണം. നമ്മുടെ വിശുദ്ധൻ മാറിമാറി ഓരോ ഷെഡ്ഡിലും കയറിയിറങ്ങി രോഗികളെ ശുശ്രൂഷിച്ചും മററുള്ളവർക്കു് സത്യവേദത്തിൻെറ ആരംഭപ്രമാണങ്ങൾ പറഞ്ഞുകൊടുത്തും മററും കർത്തവ്യനിരതനായിരിക്കും. ആതുരശുശ്രൂഷയിൽ അദ്ദേഹത്തെ സഹായിച്ചുകൊണ്ടിരുന്ന മഗ്ദലേനാ എന്ന നീഗ്രോവൃദ്ധ ഒരിക്കൽ ഒരു രോഗിയുടെ വ്രണത്തിൻെറ ഭയങ്കരത കണ്ടയുടനെ തിരിച്ചോടിക്കളഞ്ഞു. അതുകണ്ടു ക്ലേവർ "മടങ്ങിവരൂ മഗ്ദലേനാ, അശുദ്ധിയിൽ പുതഞ്ഞുകിടക്കുന്ന ഈ മനുഷ്യൻ നമ്മുടെ സഹോദരനാണു്. ഈശോ അവനുവേണ്ടിക്കൂടെയാണു മരിച്ചതു്" എന്നിങ്ങനെ വിളിച്ചുപറഞ്ഞു. നീഗ്രോകൾക്കുവേണ്ടിയുള്ള സ്വാർത്ഥചിന്ത ലവലേശമില്ലാത്ത, സേവനത്തിൻെറ ഉറവയും അടിസ്ഥാനവും യേശുനാഥനോടുള്ള അദ്ദേഹത്തിൻെറ സീമയററ സ്നേഹമാണെന്നു ഇതിൽനിന്നു തെളിയുന്നുണ്ടല്ലോ.

ക്ലേശപൂർണ്ണമായ അദ്ധ്വാനം കൊണ്ടുമാത്രം തൃപ്തിപ്പെടാതെ രാത്രിയുടെ ഭൂരിഭാഗവും വിശുദ്ധൻ പ്രാർത്ഥനയിൽ ചിലവഴിച്ചിരുന്നു. ക്രൂശിതനായ ദിവ്യനാഥനെയോർത്തു് തൻെറ ശരീരത്തെ നിർദ്ദയം മർദ്ദിച്ചു, പലപ്പോഴും പുറം പൊട്ടി ചോരയൊഴുകുന്നതുവരെ. മററുള്ളവർ പറഞ്ഞുപരത്തിയ അപവാദങ്ങളും മൗനപൂർവ്വം സഹിച്ചു. ദിവ്യനാഥനും തൻെറ പ്രിയദാസനോടു് പ്രത്യേകസ്നേഹം കാണിച്ചിരുന്നു. പലപ്പോഴും ആത്മരക്ഷയ്ക്കായി അത്ഭുതങ്ങൾ ചെയ്യുന്നതിനു് അദ്ദേഹത്തെ അനുവദിച്ചിട്ടുണ്ടു്. ഒരിക്കൽ മരിച്ചുപോയ ഒരാളെ വിളിച്ചുണർത്തി ജ്ഞാനസ്നാനം നൽകുകയുണ്ടായി. അതുപോലെ പലതും. ദീർഘകാലം സാംക്രമികരോഗങ്ങളുടെ മദ്ധ്യേ യാതൊരു രോഗവും ബാധിക്കാതെ ചുററിത്തിരിയുവാൻ സാധിച്ചതുതന്നെ വലിയൊരത്ഭുതമല്ലേ?

മരിക്കുന്നതിനുമുമ്പു് പ്രിയദാസനെ പൂർവാധികം തന്നോടു് സദൃശനാക്കണമെന്നു് ക്രൂശിതനായ യേശു നിശ്ചയിച്ചു. 3 വർഷക്കാലം രോഗബാധിതനായിക്കിടന്നു് ദുഃഖദുരിതങ്ങളാൽ അദ്ദേഹം ശുദ്ധീകരിക്കപ്പെടണമെന്നു് അവിടുന്നു് തിരുമനസ്സായി. രോഗിയെ ശുശ്രൂഷിക്കുവാൻ അലസനും തീററക്കൊതിയനുമായ ഒരു കാപ്പിരി യുവാവിനെയാണു് നിയോഗിച്ചിരുന്നതു്. അദ്ദേഹത്തിനുവേണ്ട സഹായങ്ങൾ ചെയ്തുകൊടുക്കുന്നതിനു് അവൻ തീരെ ശ്രദ്ധിച്ചില്ലെന്നു മാത്രമല്ല, കൊണ്ടുവരുന്ന ഭക്ഷണത്തിൽ ഭൂരിഭാഗം അവൻതന്നെ അകത്താക്കും. വിശുദ്ധനാകട്ടെ അധികാരികളോടുപോലും ഇക്കാര്യത്തെപ്പററി പരാതിപ്പെടാതെ എല്ലാം സന്തോഷത്തോടെ സഹിച്ചു. തൻെറ പ്രിയപ്പെട്ട കാപ്പിരികളിൽഒരുവനിൽനിന്നു വന്ന ഈ കൃതഘ്നത,




ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

താമസിച്ചതിനു ക്ഷമാപണം.

ജോൺ, മററക്കര


## സിറിയ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ്:—ആലപ്പുഴ

ബ്രാഞ്ചുകൾ:— പുളിംകുന്നു് & മണിമല

പിരിഞ്ഞുകിട്ടിയ മൂലധനവും കരുതൽ ധനവും Rs. 170000

പ്രവർത്തനമൂലധനം (30-9-57) Rs. 1500000

**Chitty Department:-**

ബാങ്ക് തലയാൾനിന്നു് ആലപ്പുഴ ആഫീസിൽ നടത്തിയിരുന്നതായ 7000 രൂപാ മുതലുള്ള ഒന്നാമതു ചിട്ടി വട്ടമറുതി ആയി അവസാനിച്ചിരിക്കുന്നതും 10000 രൂപാ മുതലുള്ള രണ്ടാമതു ചിട്ടിയുടെ 25 തവണകൾ കഴിഞ്ഞിരിക്കുന്നതുമാകുന്നു. മൂന്നാമതായി ഒരു പ്രതിമാസലേലചിട്ടി നവംബർ 9-ാംതീയതി ആരംഭിച്ചു് നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്നു.

ആകെ മുതൽ 10000 രൂപാ

തവണ ഒന്നിനു് 200 രൂപാ വീതം 50 തവണകൾ

| | | | |
|---|---|---|---|
| 100 രൂപാ വീതം | 5000 രൂപ | മുതലുള്ള $\frac{1}{2}$ | നമ്പരുകളും |
| 50 രൂപാ | " 2500 രൂപ | " $\frac{1}{4}$ | " |
| 25 രൂപാ | " 1250 രൂപ | " $\frac{1}{8}$ | " |

ചേരുന്നതിനുള്ള വ്യവസ്ഥകൾ:—

* ചിട്ടിദിവസം പണം അടയ്ക്കുന്നവർക്കു ആകർഷണീയമായ ഡിസ്കൗണ്ടു്.
* ചിട്ടിപിടിയ്ക്കാത്തവർക്കുമാത്രം വീതപലിശാവകാശം.
* ബാങ്കിൻെറ എല്ലാ ആഫീസുകളിലും കമ്മീഷൻകൂടാതെ ചിട്ടിപണം സ്വീകരിക്കപ്പെടും.

ചിട്ടിയിൽ ചേരണമെന്നാഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്കും തലവര്യോലയ്ക്കും ഞങ്ങളുടെ ഏതെങ്കിലും ആഫീസിൽ ഉടൻ ആവശ്യപ്പെടുക.

മാനേജിംഗ് ഡയറക്ടർ



## നിങ്ങളുടെ കുട്ടിയുടെ ഭാവി സുരക്ഷിതമാക്കുക



നിങ്ങളുടെ കുട്ടികൾക്കു് നല്ല വീടു്, നല്ല ജോലി, നല്ല വിദ്യാഭ്യാസം ഇവ ലഭിക്കുവാൻ അവകാശമുണ്ടു്. അതിനുവേണ്ടി ഇപ്പോൾതന്നെ പണം കരുതിവയ്ക്കുവാൻ ആരംഭിക്കുക. അഞ്ചു രൂപ കൊണ്ടു് ഒരു സേവിംഗ്സ് കണക്കു തുടങ്ങാം. കുട്ടികൾക്കു് വിശേഷദിവസങ്ങളിൽ സമ്മാനം ലഭിക്കുന്ന സംഖ്യകൾ അതിനോടു് ചേർക്കാവുന്നതാണു്. പണം ബാങ്കിൽ സുരക്ഷിതമായിരിക്കുകയും നല്ല പലിശ ലഭിക്കുകയും ചെയ്യും.

നിങ്ങളുടെ അടുത്തുള്ള പാലാ ബാങ്ക് മാനേജരെ സന്ദർശിച്ചു് ഓരോ കുട്ടിയുടേയും പേരിൽ ഓരോ സേവിംഗ്സ് കണക്കു് തുടങ്ങുക.

PC. 4664

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡ് ആഫീസ്: പാലാ

കേരളമൊട്ടാകെ 13 ശാഖകൾ

# പരസ്പരസഹായംവഴി
# തൊഴിൽ കൊടുക്കുക
## കത്തോലിക്കരുടെ അടിയന്തിരകടമ

(ഡോക്ടർ പി. ജെ. തോമസ്)

ഈ നാട്ടിൽ തൊഴിലില്ലാതെയും, ഉണ്ടായാൽ തന്നെ ശരിയായ വരുമാനമില്ലാതെയും വലയുന്ന സ്ത്രീപുരുഷന്മാർ വളരെയുണ്ടു്. അംഗഭംഗംകൊണ്ടോ മററോ പുറത്തിറങ്ങി തൊഴിൽ ചെയ്യാൻ കഴിവില്ലാതെ പട്ടിണിയിൽ കഴിയുന്നവരും ഉണ്ടു്. ഇന്നു് അവരിൽ പലരും തങ്ങളേക്കാൾ വളരെ ഭേദമല്ലാത്ത ബന്ധുക്കളെയും അന്യന്മാരെയും ആശ്രയിച്ചായിരിക്കും കഴിയുന്നതു്. പലരും ധനസഹായത്തിനായി തെണ്ടിയും. മുനിസിപ്പൽ നിയമമനുസരിച്ചു് എറണാകുളത്തും മററും ഇക്കൂട്ടർക്കു് ഇനി രക്ഷയില്ലായിരിക്കും. അഗതിമന്ദിരത്തിൽ പോവാൻ തയാറില്ലാത്തവർ ഇങ്ങനെ കൂടുതൽ വിഷമത്തിലായി.

വിൻസെൻറു് ഡി പോൾ സംഘങ്ങൾക്കു് ഇക്കാര്യത്തിൽ പരിമിതമായ കഴിവേയുള്ളു. ഒന്നാമതു മിക്ക ദിക്കുകളിലും അവയുടെ വരവു തുച്ഛം; സഹായം വേണ്ടവർ അധികവും. ഏതെങ്കിലും വേല ചെയ്യാൻ കഴിയുന്നവർക്കു വേലയാണു വേണ്ടതു്; ധനസഹായമോ ഭക്ഷണദാനമോ അല്ല. അംഗഭംഗക്കാർക്കുപോലും ചെയ്യാൻ കഴിയുന്ന വേലയുണ്ടു്; എന്നാല തറിവില്ല, അല്ലെങ്കിൽ സൗകര്യമില്ല, വേണ്ട അനുസാരികളില്ല, എന്തെങ്കിലും ഉണ്ടാക്കിയാൽ അതു വില്ക്കാൻ നിവൃത്തിയില്ല ഇങ്ങനെ പല വിഷമങ്ങൾ.

ഇതെല്ലാം നടത്താൻ സഹകരണസംഘങ്ങൾകൊണ്ടേ കഴിയൂ. ഉൽപ്പാദനപരമായ ഏതു വേലയ്ക്കും കടം കൊടുക്കാൻ അവയ്ക്കിന്നു മാർഗ്ഗമുണ്ടു്; പലിശകൂടാതെ വളരെ പണം ഡിപ്പോസിററു കിട്ടുന്ന റിസർവ്വ് ബാങ്ക് കുറഞ്ഞ പലിശയ്ക്കു സഹകരണസംഘങ്ങൾക്കു് പണം കടം കൊടുക്കാൻ ഒരുക്കമുണ്ടു്, വളരെപ്പണം അതിനു നീക്കിവച്ചിട്ടുമുണ്ടു്. ആവശ്യക്കാരില്ലായ്കയാൽ ഈ പണത്തിലേറെ വെറുതെ കിടക്കുന്നു. കാരണമെന്തു്? സഹകരണനിയമമനുസരിച്ചു് വേണ്ട നിലയിൽ മെംബർമാർ ചേർന്നു സംഘടിച്ച സംഘങ്ങൾ ഇല്ലായ്കയാൽ. ഉണ്ടായാൽ തന്നെ അവ ശരിയായി നടത്താൻ കഴിവുള്ള പ്രവർത്തകർ ഇല്ലായ്കയാൽ, പ്രവർത്തകർ ഉണ്ടെങ്കിൽതന്നെ അവർതമ്മിൽ യോജിച്ചു പ്രവർത്തിക്കായ്കയാൽ. ചില തൻകാര്യക്കാർ സംഘത്തിൽ ഏർപ്പെടുന്നതു കൊണ്ടാണു ഈ തരക്കേടെല്ലാം എന്നാണു് അടുത്ത കാലത്തുണ്ടായ ഒരു വിദഗ്ദ്ധകമ്മിററിയുടെ അനുമാനം.

ഈവക കുറവെല്ലാം പരിഹരിക്കാൻ മാർഗ്ഗമെന്തു്. കഴിവും നേരും നെറിവും ഉള്ളവർ ഈ രംഗത്തു പ്രവേശിച്ചു ശക്തിയായി പ്രവർത്തിക്കണം. അങ്ങനെ പ്രവേശിക്കുന്നവർക്കു വേണ്ട ഒത്താശ നൽകണം; മത്സരബുദ്ധിയുള്ളവരെ അതിൽ കയററാതിരിക്കണം. അല്ലെങ്കിൽ അവരെ നിയന്ത്രിച്ചു നടത്തണം.

കത്തോലിക്കർക്കെന്തു ചെയ്യാം ഇക്കാര്യത്തിൽ? ഏതു വശത്തു നിന്നു നോക്കിയാലും കത്തോലിക്കർ മുൻകൈ എടുക്കേണ്ട ഒരു തുറയാണിതു്. ഇതെല്ലാം കരുതിയാണല്ലോ സമൂഹ്യപ്രവർത്തനത്തിനായി അടുത്തകാലത്തു കേരളാടിസ്ഥാനത്തിൽ സംഘം രൂപീകരിച്ചതും, കോൺഫറൻസുകൾ നടത്തിയതും. ഇതിൻെറ ഫലമായി എന്തെല്ലാം നടന്നു, എന്നറിയേണ്ടതത്യാവശ്യമാണു്.

കോട്ടയം മുതൽ തൃശ്ശൂർവരെയുള്ള അനേകപ്രദേശങ്ങളിൽ തൊഴിൽചെയ്യാൻ കഴിവുള്ളവരെങ്കിലും പട്ടിണിയിൽ കഴിയുന്ന അനേകശതം പേരെ ഞാൻ കണ്ടിട്ടുണ്ടു്. അവരിൽ വളരെപ്പേർ കത്തോലിക്കരാണു്. കത്തോലിക്കാ പ്രവർത്തനം കൊണ്ടുള്ള സഹായം തുച്ഛമായിട്ടേ അവർക്കു കിട്ടിയിട്ടുള്ളു. സഹകരണയത്നംവഴിക്കുള്ള പ്രയോജനം അവർക്കാർക്കും സിദ്ധിച്ചതായിക്കാണുന്നില്ല. ഇതു കഷ്ടം തന്നെ.

പല സ്ഥലങ്ങളിലും അവരെ സഹായിക്കാൻ തയാറായി നിൽക്കുന്ന വിപ്ലവകാരികളായ ഒരു കൂട്ടരെ മാത്രമേ അവർ കാണുന്നുള്ളു. ക്രിസ്തുവിൻെറ അനുയായികൾക്കു്—സഭ കല്പിച്ചിട്ടുള്ള കർമ്മമെല്ലാം മുറയ്ക്കു നടത്തുന്ന നമുക്കെല്ലാം—ഇതെന്തൊരു അമളി!

ഏററവും വിപ്ലവകരമായ ഒരു വേദമാണു ക്രിസ്തുമതം. എന്നാൽ അതു സ്നേഹം വഴിക്കുള്ള വിപ്ലവമാണു്. ആ വിപ്ലവം പശ്ചിമയൂറോപ്പിൽ പണ്ടേ സംഭവിച്ചു; ഇന്നും തുടരുന്നു. പട്ടിണിക്കാരെ അവിടെയെങ്ങും കാണാനില്ല. ക്രിസ്തീയ സാഹോദര്യം അവിടെ എല്ലവരും അനുഭവിക്കുന്നു.

ഇവിടെയും ക്രിസ്ത്യാനികൾ ഭൂരിപക്ഷമായ പല പ്രദേശങ്ങൾ ഉണ്ടല്ലോ. അവിടങ്ങളിലെ നില മേൽക്കാണിച്ചതിൽനിന്നു് എത്ര വ്യത്യസ്തം! കാരണം, ക്രിസ്തു കർശനമായി കല്പിച്ച സഹോദരജീവിതമുറ നാം സ്വീകരിച്ചു പ്രവർത്തിക്കായ്കയാൽ. ഹിന്ദു പൂർവ്വികർ തന്നെ ചെയ്തിരുന്ന ചില്ലറക്കാശേറിയൽ മാത്രം നമ്മുടെ കടമയായി നാം കരുതുന്നതിനാൽ.

നാം ഒന്നു മനസ്സിലാക്കണം, വൈകിയ ഇക്കാലത്തെങ്കിലും. പട്ടിണിയും നിരാശയും മൂലം വിപ്ലവത്തിലേക്കും വിപ്ലവകാരികളുടെ കൂട്ടത്തിലേക്കും അധികംപേർ പോകുന്ന ഈ രാജ്യത്തു് വിപ്ലവം തെററാണെന്നും വിപ്ലവക്കാർ അക്രമികളാണെന്നും എത്രയും ശാസ്ത്രീയമായി വാദിച്ചതുകൊണ്ടുമാത്രം ആയില്ല; ക്രിസ്തീയമായ നമ്മുടെ കടമ ഇന്നെങ്കിലും ഉടനെ ശാന്തമായി, എന്നാൽ എരിവോടെ, പ്രവൃത്തിയിൽ വരുത്തിയാലേ പ്രയോജനമുള്ളു. വെറുതെ പണം പെരുക്കിക്കൊടുത്തല്ല, വേല ചെയ്യാവുന്നവർക്കു പററിയ വേലയ്ക്കുള്ള മാർഗ്ഗം ഉണ്ടാക്കിക്കൊടുത്തും അവശർക്കു വേണ്ട സഹായം വീട്ടിൽ കൊടുത്തും.

അമേരിക്കയിൽ നിന്നുമുള്ള പണം ഇവിടെ വരണ്ട. വരികയുമില്ല. ഇവിടെ ധാരാളം പണം നിട്ടിക്കൊണ്ടു് റിസർവു ബാങ്ക് മാടി വിളിക്കുന്നു. എന്നാൽ ശരിയായ വിധം സമീപിക്കാൻ ആവശ്യക്കാർ തയാറാകുന്നില്ല. അതിനാൽ ഒന്നും ശരിയായി നടക്കുന്നുമില്ല. ഇതിനു പരിഹാരം പ്രസംഗമല്ല, പ്രവൃത്തി, സംഘടിതമായ പ്രവർത്തനമാണു്.

ചോരത്തിളപ്പും ആദർശശുദ്ധിയുമുള്ള ചെറുപ്പക്കാർ ഉടനെ രംഗപ്രവേശം ചെയ്യട്ടെ. അത്തരം ചെറുപ്പക്കാർ ആയിരക്കണക്കിനു കത്തോലിക്കരുടെ—ക്രിസ്ത്യാനികളുടെ—ഇടയിൽ ഉണ്ടെന്നു അടുത്ത കാലത്തെ സംഭവങ്ങൾകൊണ്ടു കാണാം. എന്നാൽ ഉജാറിൽ കവാത്തു നടന്നതുകൊണ്ടു മാത്രം സഹോദരസ്നേഹമാകയില്ല. സഹോദരനുവേണ്ടി—നമുക്കും വേണ്ടി—ഉൽപ്പാദനകരമായ വേല സംഘടിപ്പിക്കണം, മുകളിൽ കാണിച്ചതുപോലെ. ഇതിലാണു നമ്മുടെ ചെറുപ്പക്കാരുടെ മിടുക്കു കാണേണ്ടതു്.

—ഠ—

പ്രിയ ശിഷ്യനാൽ ഒററിക്കൊടുക്കപ്പെട്ട ദിവ്യനാഥൻെറ സ്മരണയുദിപ്പിക്കുന്നു. മാതൃഭക്തനായ നമ്മുടെ വൃദ്ധവൈദികൻ മാതാവിൻെറ ജനനത്തിരുനാൾദിവസം പരലോകപ്രാപ്തനായി. അന്നു് അദ്ദേഹത്തിനു് വയസ്സു് 74. 13-ാം ലെയോൻ മാർപ്പാപ്പാ അദ്ദേഹത്തെ വിശുദ്ധനെന്നു് പേരു വിളിച്ചു് 1894-ൽ നിഗ്രോകളുടെ മദ്ധ്യസ്ഥനായി പ്രഖ്യാപിച്ചു. ഇക്കൊല്ലം സെപ്റ്റംബർ 9-ാംനു ലോകമാസകലമുള്ള നിഗ്രോകൾ തങ്ങളുടെ വത്സലപിതാവിൻെറ മൂന്നാം ശതവർഷജൂബിലി യാഘോഷിക്കുന്നതാണു്. സമീപകാലങ്ങളിൽ കൂട്ടംകൂട്ടമായി ക്രിസ്തുവിൻെറ കൊടിക്കീഴിൽ അഭയം തേടിക്കൊണ്ടിരിക്കുന്ന ഈ നിഗ്രോസഹോദരങ്ങളുടെ സംഖ്യ മേൽക്കുമേൽ അധികരിക്കുന്നതിനുവേണ്ടി വിശുദ്ധൻെറ മാദ്ധ്യസ്ഥം വഴി വിളവിൻെറ നാഥനോടു് നമുക്കു പ്രാർത്ഥിക്കാം.

## ഒരു ചരമം



തുറവൂർ (അങ്കമാലി) ഇടവകാംഗവും പരേതനായ ശ്രീ പയ്യപ്പിള്ളി (കൊളുവൻ) ദേവസ്സിയുടെ ധർമ്മപത്നിയുമായ ശ്രീമതി മറിയം 68-ാമത്തെ വയസ്സിൽ സ്വപുത്രൻ റവ. ഫാ. തോമസ് അവർകളിൽനിന്നും അന്ത്യകൂദാശകൾ സ്വീകരിച്ചു് ഒക്ടോ. 19-ാംനു ശനിയാഴ്ച നിര്യാതയായിരിക്കുന്നു. മൃതദേഹം ഞായറാഴ്ച ഉച്ച കഴിഞ്ഞു് മൂന്നുമണിക്കു് സ്വപുത്രൻെറ പ്രധാനകാർമ്മികത്വത്തിലും കുടുംബാംഗങ്ങളായ റവ. ഫാ. ജോസഫ്, റവ. ഫാ. ജോർജ്ജ, റവ. ഫാ. ജോൺ, റവ. ഫാ. ആൻറണി എന്നിവരടക്കം മററു പല വൈദികരുടെ സഹകരണത്തിലും ബന്ധുമിത്രാദികളടക്കം വലിയൊരു ജനക്കൂട്ടത്തിൻെറ സാന്നിദ്ധ്യത്തിലും സമീററി കപ്പേളയിൽ യഥാവിധി സംസ്കരിക്കപ്പെട്ടു. വെരി റവ. ഫാ. ചെറിയാൻ പാറയ്ക്കൽ അവർകളാണു് ചരമപ്രഭാഷണം നിർവഹിച്ചതു്. വൈകുന്നേരം സാധുക്കൾക്കു് അന്നദാനവുമുണ്ടായിരുന്നു.

R. I. P.

## മാതൃകാപരമായ കത്തോലിക്കാവിദ്യാഭ്യാസം

(ഫാദർ ആൻറണി പുതുശ്ശേരി, റോം)

റോമിലേക്കുള്ള മാർഗ്ഗമദ്ധ്യേ ഒക്ടോബർ 8-ാം തിയതി ഞങ്ങൾ യാത്രചെയ്തിരുന്ന കപ്പൽ മാൾട്ടാ ദ്വീപിലെത്തി. 60 ചതുരശ്രമൈൽ മാത്രം വിസ്തീർണ്ണമുള്ള ഈ ചെറിയ ദ്വീപിലെ ജനങ്ങൾ നൂറു ശതമാനവും കത്തോലിക്കരാണു്. തികഞ്ഞ കത്തോലിക്കാ അന്തരീക്ഷം എവിടെയും കാണാം. മനോഹരമായ ബസ്ലിക്കാകൾ, കത്തീഡ്രൽ ദേവാലയങ്ങൾ, ആശ്രമകപ്പേളകൾ മുതലായ സൗധങ്ങൾ ചേതോഹരമാണു്. കെട്ടിടങ്ങൾ വളരെയധികം നിലകളുള്ളവയാണു്. അടുത്തടുത്തു വളരെയധികം സ്കൂളുകളുണ്ടു്. യൂണിഫാറം ധരിച്ച വിദ്യാർത്ഥിവിദ്യാർത്ഥിനികൾ പരിപൂർണ്ണമായ അച്ചടക്കത്തോടെ കൂട്ടം കൂട്ടമായി നടന്നുപോകുന്നതു കാണാൻ ഇമ്പമാണു്.

ഈ ലേഖകൻ ആറേഴ് സ്കൂളുകൾ സന്ദർശിച്ചു ക്ലാസ്സിൽ കയറിച്ചെന്നു് കുട്ടികളുമായി കുശലപ്രശ്നം ചെയ്തു് സമ്പർക്കത്തിലേർപ്പെടുകയുണ്ടായി. ക്ലാസ്സിലെ പഠനവിഷയങ്ങൾ ഗവമ്മെണ്ടു് സ്കൂളുകളിലേതുൾപ്പെടെ പൂർണ്ണമായും മതപരമായിരിക്കുന്നു. കുട്ടികൾക്കുള്ള ചോദ്യങ്ങൾ പരിശോധിച്ചതിൽ വി. ലൂക്കാ സുവിശേഷകനെപററി ഒരുപന്യാസം എഴുതുക, വി. മത്തായിയുടെ ചരിത്രം സംഗ്രഹിക്കുക, വി. പൗലോസിൻെറ ലേഖനങ്ങളുടെ പേരെഴുതുക തുടങ്ങിയവയാണു് കണ്ടതു്. അതൊന്നും വേദപാഠക്ലാസ്സിലെ വിഷയമല്ലെന്നും സാധാരണ പാഠനവിഷയം സംബന്ധമായവയാണെന്നും അവിടെ പഠിപ്പിച്ചിരുന്ന അദ്ധ്യാപികമാർ പറയുകയുണ്ടായി. വളരെ അച്ചടക്കമായി വസ്ത്രം ധരിച്ചിരിക്കുന്ന ആൺകുട്ടികളും പെൺകുട്ടികളും അത്യന്തം വിനയത്തോടെ പെരുമാറുന്നതു് ഞങ്ങളെ ഹഠാദാകർഷിച്ചു. ക്രൈസ്തവാന്തരീക്ഷത്തിലുള്ള പ്രസ്തുത വിദ്യാഭ്യാസരീതിയെ ഞങ്ങളുടെ കൂടെയുണ്ടായിരുന്ന അക്രൈസ്തവരായവർപോലും മുക്തകണ്ഠം പ്രശംസിച്ചു. വേദപാഠത്തിൽ നല്ല പാണ്ഡിത്യം കുഞ്ഞുങ്ങൾക്കുണ്ടായിരുന്നതു് സംഭാഷണമദ്ധ്യേ ഞങ്ങൾക്കു ഗ്രഹിക്കുവാൻ സാധിച്ചു. ബഹുഭൂരിപക്ഷം കന്യാസ്ത്രീകളുൾപ്പെടെ സ്ത്രീകളാണു് അദ്ധ്യയനജോലിയിലേർപ്പെട്ടിരിക്കുന്നതു്.

പട്ടണമദ്ധ്യേ ഞങ്ങൾ നടന്നുപോകുമ്പോൾ ചന്തയിൽനിന്നും സാമാനംവാങ്ങി ഒരു മനുഷ്യൻ കുതിരവണ്ടിയിൽ കയററി ഓടിച്ചുപോകയായിരുന്നു. വണ്ടി ഓടിപ്പോകുമ്പോൾ ഉരുളക്കിഴങ്ങു നിറച്ചിരുന്ന ഒരു ചാക്കിൻെറ കെട്ടഴിഞ്ഞു് കിഴങ്ങു താഴെ വീണുകൊണ്ടിരുന്നതു് പാവപ്പെട്ട ആ വണ്ടിക്കാരൻ കണ്ടില്ല. സ്കൂൾ വിട്ടു വീട്ടിൽപ്പോകുന്ന കുട്ടികളിൽ ഒരുവൻ ഓടി വണ്ടിയുടെ മുമ്പിൽച്ചെന്നു് വണ്ടി തടുത്തുനിർത്തി വണ്ടിക്കാരനെ വിവരമറിയിച്ചു. ഇതിനിടയിൽ അരഫർലോങ്ങ്ദൂരം വണ്ടി ഓടിക്കഴിഞ്ഞിരുന്നു. വഴിനീളം ചിതറിക്കിടന്നിരുന്ന ഉരുളക്കിഴങ്ങെല്ലാം ആ സ്കൂൾകുട്ടികൾ പെറുക്കിയെടുത്തു് ചാക്കിലിട്ടുകൊടുക്കുവാൻ അവർ ഓടിവന്നുകഴിഞ്ഞു. വണ്ടിക്കാരൻ ചാക്കു തുറന്നു കാണിക്കേണ്ട താമസം, ഒരൊററക്കിഴങ്ങു പോലും നഷ്ടപ്പെടാതെ കുട്ടികളെല്ലാം അതിൽ നിക്ഷേപിച്ചുകഴിഞ്ഞു. ഇതുകണ്ടു ഞങ്ങൾ അത്ഭുതപ്പെടുകയും നമ്മുടെ നാട്ടിലെ കുട്ടികളുടെ സ്ഥിതിയെപ്പററി ചിന്തിക്കുകയുംചെയ്തെന്നു പറയേണ്ടതില്ലല്ലോ. നമ്മുടെ കുഞ്ഞുങ്ങൾ മാൾട്ടായിലെ ഈ നല്ല കുട്ടികളെ കണ്ടുപഠിച്ചിരുന്നെങ്കിൽ! അവർക്കു ഇതുപോലുള്ള ഒരു നല്ല ശിക്ഷണം ലഭിച്ചിരുന്നെങ്കിൽ!

(10-ാംപേജ് തുടർച്ച)

നാത്തി പ്രലോഭനകരമായ ഒരു തിന്മയാണു്; പക്ഷെ കുബേരപുത്രനായ ഫ്റാൻസീസ് തൻെറ സമ്പത്തു മുഴുവൻ ഉപേക്ഷിച്ചു ദാരിദ്ര്യത്തെ വരിച്ചില്ലേ? സ്വാർത്ഥത പ്രലോഭനകരമായ ഒരു തിന്മയാണു്; പക്ഷെ ഇന്നും ലക്ഷക്കണക്കിനാളുകൾ സർവ്വവും പരിത്യജിച്ചു സഹജീവിസേവനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നില്ലേ? എളുപ്പവും പ്രലോഭനകരവുമായ തിന്മയെ ഉപേക്ഷിക്കുവാനും, നന്മ കൈവരിക്കുവാനും സാധിക്കുന്നുവെന്നതുതന്നെ മനുഷ്യനു സ്വാതന്ത്ര്യമുണ്ടെന്നതിനു തെളിവായിരിക്കുന്നു.

സ്വാതന്ത്ര്യം എന്നു പറയുന്നതു എന്നും തിരഞ്ഞെടുക്കുന്നതിനുള്ള കഴിവാണു്; തിന്മചെയ്താൽ ശിക്ഷയുണ്ടു് എന്നതുകൊണ്ടു അതു തിരഞ്ഞെടുക്കുവാനുള്ള കഴിവു മനുഷ്യനില്ലെങ്കിൽ അവനു സ്വാതന്ത്ര്യമുണ്ടെന്നു പറയാവതല്ല. തിന്മയ്ക്കു ശിക്ഷ വച്ചിരിക്കുന്നതു് അതു തിരഞ്ഞെടുക്കാതിരിക്കുന്നതിലേക്കു മനുഷ്യനെ ഭയപ്പെടുത്തുവാനല്ല. പ്രത്യുത തിന്മയുടെ അവശ്യഫലമാണു ശിക്ഷ. ആകയാൽ തിന്മയ്ക്കു ശിക്ഷയുണ്ടായിരിക്കുന്നുവെന്നതു നമ്മുടെ സ്വാതന്ത്ര്യത്തെ ഒരുവിധത്തിലും ബാധിക്കുന്നില്ല. തൻെറ പ്രവാചകൻവഴി ദൈവം ഇപ്പോഴും നമ്മോടു പറയുന്നുണ്ടു്: "കണ്ടാലും, ഞാൻ നിങ്ങളുടെ മുൻപിൽ ജീവൻെറവഴിയും മരണത്തിൻെറ വഴിയും വച്ചിരിക്കുന്നു." (ജറെമി: XXI, 8)

## വിനോദവീഥി



"എൻെറ വാച്ചു് ഈയിടെ നടക്കുന്നില്ലല്ലോ റിപ്പേറർസാറെ. ഇനി എന്താ ചെയ്ക."

"അത്രേയുള്ളോ കുഴപ്പം. എന്നാൽ ഇന്നുതന്നെ സാറതഴിച്ചു ശരിപ്പെടുത്തു. എന്നിട്ടു നാളെ എല്ലാംകൂടെ പൊതിഞ്ഞു് ഞങ്ങളുടെ വർക്ക്ഷോപ്പിലേക്കു കൊടുത്തയച്ചേക്കൂ."

× × ×



"അപ്പൊ ഞാനിങ്ങു നിൽക്കട്ടെ. പൊന്നമ്മസാറിൻെറ ദയക്കൊരായിരം നന്ദി."

"ച്ഛേ! അതു വേണ്ട മി. നായർ. എൻെറ കാറിനു കേടുകാണിക്കാനുണ്ടായ നിങ്ങളുടെ ധൈര്യത്തിനാണു് നന്ദിപറയേണ്ടതു്. അതിനെൻെറ പതിനായിരം നന്ദി".

ആഖ്യായിക




## അദ്ധ്യായം 25 (തുടർച്ച)

## ഏകാകിത

(വി. സി. ജോർജ്ജ് ബി. എ. എൽ. ററി.)

ദശാധിപൻ ലജ്ജാപൂർവ്വം എണീററു. "പ്രൊക്കുറയിററർ, അങ്ങ് എനിക്ക മാപ്പുതരേണമെ; പക്ഷെ ഞാൻ കണ്ടതു് ഇവിടുന്നു കണ്ടിരുന്നുവെങ്കിൽ........!" ആ സ്മരണയാൽ ഭയചകിതനായി അയാൾ വിരമിച്ചു.

"കൊള്ളാം, താൻ എന്താണു കണ്ടതു്? മഹാ മൂഢനോയെന്നു തോന്നുമാറു് പൊറുപാറുക്കാതെ കാര്യം തുറന്നുപറയൂ" പീലാത്തോസലറി.

"കൊലക്കളത്തിനു ചുററും എന്റെ ആളുകളെ ഞാൻ വൃത്തത്തിൽ കാവൽനിറുത്തി. കുരിശിൽ തൂങ്ങിക്കിടന്ന ആ മനുഷ്യനേയും കുരിശിൻചുവട്ടിൽ കൂടിയ സ്ത്രീകളേയും ഉപദ്രവിക്കുവാനൊരുങ്ങി നിലത്തുനിന്നു കല്ലുകൾപെറുക്കിയെടുത്ത പ്രാകൃതജനത്തിൽനിന്നു അവരെ രക്ഷിക്കുവാൻ ഭടന്മാർ കുന്തങ്ങളേന്തി നിലകൊണ്ടു. കല്ലുകൾ എറിയത്തക്കവണ്ണം ഉയർത്തിയെങ്കിലും കുന്തമുനയോർത്തു് ജനം ആക്ഷേപവാക്കുകൾ പുലമ്പിയതേയുള്ളു. കുരിശിലെ മനുഷ്യൻ ദീർഘനിശ്വാസംചെയ്തതൊഴിച്ചാൽ നിശ്ശബ്ദനായിരുന്നു. അയാൾ ഈശ്വരപ്രാർത്ഥനയിൽ സമയം കഴിച്ചതായിട്ടു തോന്നി. മരണവേദനയായപ്പോൾ മാത്രമേ അയാൾ നൈരാശ്യത്തിൽ ആർത്തനാദം പുറപ്പെടുവിച്ചുള്ളു. അപ്പോഴാകട്ടെ, ഓ, ട്രിബ്യൂൺ, അയാളുടെ തൊലിയില്ലാശരീരമാസകലം വിറച്ചതുപോലെ കാണപ്പെട്ടു. അയാളും കുരിശും വളരെ വലുതായി വളന്നതുപോലെ തോന്നി. പ്രകാശം അയാളുടെ ശരീരത്തിൽനിന്നു നാലുപാടും വീശി. അനന്തരം കാഹളധ്വനിപോലെ തെളിഞ്ഞും ഉച്ചത്തിലും അയാളുടെ സ്വരമുയന്നു: "ഇതാ, അവസാനിച്ചു. പിതാവേ, അങ്ങേ കരങ്ങളിൽ എന്റെ ആത്മാവിനെ ഞാൻ അപ്പിക്കുന്നു." അതിനുശേഷം അയാളുടെ തല ചാഞ്ഞു, അയാൾ മരിച്ചുകഴിഞ്ഞു. പക്ഷെ ആ പ്രകാശപൂരം അവസാനിച്ചില്ല. സ്ത്രീകൾ വാവിട്ടുകരഞ്ഞു, ജനക്കൂട്ടത്തിന്റെ ഒച്ചപ്പാടിനറുതിവന്നു. എന്റെ ഭടന്മാരോ, അവർ സേവനബദ്ധരാണെന്നു അങ്ങു ധരിക്കണമേ, ട്രിബ്യൂൺ, അവരിൽ പകുതിയിലധികവും കുരിശിന്റനേരെ മുഖംതിരിച്ചു മുട്ടിന്മേൽവീണു നമസ്കരിച്ചു; ഞാനും അങ്ങനെ ചെയ്തു. തുടന്നു ഭൂമി ഞങ്ങളുടെ പാദങ്ങൾക്കടിയിൽ കുലുങ്ങി. വെളിച്ചം നീങ്ങി, സവ്വത്ര അന്ധകാരമായി. കൂരിരുട്ടിൽ കുരിശും അതിന്മേൽ തൂങ്ങിയ ആ മനുഷ്യനും താനെ തിളങ്ങി."

"സ്ത്രീകളോ!" പീലാത്തോസ് അവജ്ഞാപൂർവ്വം ചോദിച്ചു.

"ജനം നാലുപാടും പാഞ്ഞു. അതിന്റശേഷം അന്ധകാരം നീങ്ങി. രണ്ടുപ്രാവശ്യംകൂടി ഭൂമി കുലുക്കവും ഇരുളും, തുടന്നു പ്രകാശവുമുണ്ടായി. എന്റെ ഉള്ളിലോ പുറമേയോ അനുഭവപ്പെട്ട ഏതോ ഒന്നു് "സത്യമായും ഇദ്ദേഹം ദൈവപുത്രനായിരുന്നു"വെന്നു് ഉച്ചത്തിൽ വിളിച്ചുപറയുവാനെന്നെ നിർബന്ധിച്ചു. പിന്നീടു ഞാൻ ഭടന്മാരോടുകൂടി അതിശീഘ്രം ആ സ്ഥലംവിട്ടിങ്ങോട്ടുപോന്നു. പരിഭ്രാന്തരായ ജനങ്ങൾ തെരുവുകളിലെവിടേയും കാണപ്പെടുന്നു, ഗാഗുൽത്താമലമുകളിൽ പാറകൾ പിളന്നു. പ്രേതാലയങ്ങൾ തുറന്നു. ഇടിവാൾകണ്ടു ഭയപ്പെട്ടു് ആളുകൾ കാലിക്കൂട്ടങ്ങളെപ്പോലെ അങ്ങുമിങ്ങും ഓടി അലറിക്കഴിയുന്നു. "മരിച്ചവർ ഉയത്തെഴുന്നേല്ക്കുന്നു"വെന്നുള്ള മുറവിളി എവിടേയും കേൾക്കാം. നഗരംമുഴുവനും ഭയംപൂണ്ടു ഉഴലുകയാണു്... ട്രിബ്യൂൺ, ആഗസ്റ്റസ് മരിച്ച അവസരത്തിൽ ഞാനടുത്തുണ്ടായിരുന്നു. എന്നാൽ ഇവിടെ, ജറുസലേമിൽ, ഒക്ടാവിനെക്കാളധികം ദൈവസാമീപ്യമുള്ള ഒരു മനുഷ്യനത്രെ ക്രൂശിൽ തറയ്ക്കപ്പെട്ടതു്... ..."

"സംസാരം നിറുത്തു" പീലാത്തോസ് ആജ്ഞാപിച്ചു. "സ്വല്പം കഴിഞ്ഞിട്ടു പോകാം" എന്നു ദശാധിപനോടു പറഞ്ഞു. അയാൾ ആചാരംചെയ്തു പീലാത്തോസിന്റെ സന്നിധിയിൽനിന്നു പിരിഞ്ഞു.

പീലാത്തോസ് ശതാധിപന്റനേരെ തിരിഞ്ഞു് സംസാരിച്ചു: "ചില സൈന്യങ്ങളെ ഇവിടെനിന്നു മാററുവാൻ കാലമായിയെന്നു ഞാൻ കരുതുന്നു. ഈ ദേശത്തു നടമാടുന്ന അന്ധവിശ്വാസം ഭടന്മാരെ പൊട്ടപ്പെണ്ണുങ്ങൾക്ക സമമാക്കിത്തീത്തിനാൽ അവർ പട്ടാപ്പകലിൽ ഭൂതങ്ങളും പ്രേതങ്ങളും കണ്ടുതുടങ്ങിയിരിക്കുന്നു. അവനും അവനോടുകൂടി കുരിശിങ്കൽ കാവൽനിന്നിരുന്ന ചെറുസംഘത്തിൽപ്പെട്ട ഭടന്മാരും ഈ രാത്രിയിൽതന്നെ ഉത്തരദേശത്തേക്കയക്കപ്പെടേണ്ടവരാകുന്നു, മനസ്സിലായോ?"

ദശാധിപന്റെ കഥകേട്ടു് അതിൽ ദത്തശ്രദ്ധനായിരുന്ന ശതാധിപൻ ഏതാണ്ടു സങ്കോചത്തോടുകൂടി തറയിൽ നോക്കിക്കൊണ്ടു നിന്നു, "മനസ്സി...ലായി....ല്ലെ" എന്നിങ്ങനെ അയാൾ വിക്കിപ്പറയുകയിൽ പീലാത്തോസ് അയാളെ തടഞ്ഞു. "താനൊന്നും മനസ്സിലാക്കേണ്ടതില്ല. വായുംപൂട്ടി പറയുന്നതുകേട്ടു പ്രവർത്തിച്ചാൽ തന്റെ ചുമതലയായി. പൊയ്ക്കോ."

ആചാരപൂർവ്വം ശതാധിപനും വിടവാങ്ങി. ക്ലോയെ അപ്പോഴും നിലത്തുകിടക്കുകയായിരുന്നു. അവളുടെ മുഖം ചുളുങ്ങിയും നയനങ്ങൾ അശ്രുധാരയൊഴുക്കിയും കാണപ്പെട്ടു. പീലാത്തോസ് മുറിയിൽക്കൂടി നടക്കുകയായി. ക്ലോയെയോടല്ലാ, തന്നോടെന്ന ഭാവത്തിൽ അദ്ദേഹം സംസാരിച്ചു: "അതു തന്നെയായിരിക്കും വിദ്യ. കുരിശിൽ തറയ്ക്കപ്പെട്ടയാൾ മിശിഹാ, ദൈവപുത്രൻ ആയിരുന്നു" എന്നവർ വിജ്ഞാപനംചെയ്യും. അയാളുടെ മരണാവസരത്തിൽ അത്ഭുതങ്ങൾ നടന്നു, ഭൂകമ്പമുണ്ടായി, അന്തരിക്ഷം അന്ധകാരമയമായി എന്നൊക്കെ. എന്നാൽ ഇതേപ്പററി എനിക്ക പറയുവാനുള്ളതു് "മൌഢ്യം, മൌഢ്യം" എന്നു മാത്രമാണു്. മിശിഹാ കുരിശിൽ തൂങ്ങിക്കിടക്കാതിരുന്ന അവസരങ്ങളിലും ഭൂകമ്പങ്ങളുണ്ടായിട്ടില്ലേ? മേഘപരമ്പര സൂര്യനെ അദൃശ്യനാക്കിച്ചെയ്തതിനാൽ അന്തരിക്ഷം ഇതിനുമുമ്പും അന്ധകാരമയമായിട്ടില്ലയോ? ഇല്ലാ, സകല ദേവന്മാരാണു്, ഈ നിരത്ഥചാപല്യങ്ങളൊന്നും എനിക്ക പററുകയില്ലാ, എന്റെ സുബുദ്ധിയെ ഞാൻ അവശ്യധീനനാക്കുകയുമില്ലാ? അദ്ദേഹം കുററരഹിതനായിരുന്നുവെന്നു നിങ്ങൾ പറയുന്നു. ഞാനും അദ്ദേഹത്തെ കുററമില്ലാത്തവനായിട്ടാണു് കണ്ടതു്. എങ്കിലും അദ്ദേഹം മരിക്കേണ്ടിയിരുന്നു. എന്തുകൊണ്ടെന്നോ? സുഖദുഃഖസമത്വവാദികൾ പ്രസ്താവിക്കുന്നതനുസരിച്ചു് പറയുകയാണെങ്കിൽ അതാണു് ദിഷ്ടം. സംഗതി അവിടെ അവസാനിച്ചു. ഈവിധം മരിക്കണമെന്നായിരുന്നു അദ്ദേഹത്തിന്റെ ദിഷ്ടം. ഒരു മനുഷ്യായുസ്സു്! ഉത്തമരും വരിഷ്ഠരുമായവരുടെ ആയുസ്സുപോലും ഒരു ക്ഷണത്തിൽ കവിഞ്ഞ സമയത്തെ ചിന്ത അർഹിക്കുന്നില്ല. അദ്ദേഹം മരിച്ചു; അതെ, മൃതനായിക്കഴിഞ്ഞു. ഇനി എന്താണാലോചിക്കാനുള്ളതു്?"

അട്ടഹാസവും മുറവിളിയും അപ്പോഴും തെരുവിൽനിന്നു് കേൾക്കാമായിരുന്നു, ബറാബാസ് എന്ന ശബ്ദവും ആ ബഹളത്തിനിടയിൽ കേട്ടതായി പീലാത്തോസിനു തോന്നി. അയാൾ തുടന്നു: "അതുതന്നെ. ഉത്തരം കിട്ടി. ഒരുത്തൻ ചാകേണ്ടിയിരുന്നു അപരൻ ജീവിക്കുന്നതിലേക്കു്. ദിഷ്ടം! യേശു മരിച്ചിട്ടു് ബറാബാസ് ജീവിക്കണമെന്നുള്ളതിൽ അത്ഥമുണ്ടോ? അർത്ഥം എന്തെങ്കിലുമുണ്ടായിരിക്കണം. എല്ലാററിനും അത്ഥമുണ്ടു്. ക്ലോയെ, മാർക്കസ് ഇങ്ങു് വരുവാൻ പറയൂ" ആ പെണ്ണു് പ്രൊക്കുറയിററരുടെ നേക്കു് ലജ്ജിതയായി പ്രശ്നരൂപത്തിൽ നോക്കിയിട്ടു് മുറിയിൽനിന്നു പോയി. ഉടൻതന്നെ സിക്രട്ടറി ആഗതനായി. മുറിയിൽ മങ്ങിയ ഒരു പ്രകാശമേ അപ്പോൾ ഉണ്ടായിരുന്നുള്ളു. മാർക്കസ് വിളറി വികാരാധീനനായി കാണപ്പെട്ടു. സാധാരണ ചികി വെടിപ്പാക്കി വെക്കാറുള്ള അയാളുടെ മൂർദ്ധജം ശ്മശ്രുരഹിതമായ മുഖത്തിന്റെ ഇരുവശങ്ങളിൽ കെട്ടിപ്പിണഞ്ഞു തൂങ്ങിക്കിടന്നു.

"പ്രൊക്കുറയിററർ, അങ്ങു് കേട്ടല്ലോ ആ......" എന്നു് അയാൾ ചോദിച്ചു.

"ഉവ്വ്. ഞാനതേപ്പററിയെല്ലാം പരിപൂർണ്ണമായി കേട്ടു. രംഗത്തിറങ്ങിയിട്ടുള്ള ജാട്യങ്ങളും പ്രാകൃതരുടെയിടയിൽ പ്രചാരത്തിലിരിക്കുന്ന പ്രേതകഥകളുമെല്ലാം, ഭൂമികുലുങ്ങുന്നു, സൂര്യനെ അന്ധകാരം ആവരണംചെയ്യുന്നു, മൃതർ പുനർജീവിക്കുന്നു, ഇങ്ങനെ അത്ഭുതങ്ങളുടെ മീതെ അത്ഭുതങ്ങൾ!"

പീലാത്തോസ് സത്യാപനം ചെയ്യുകയാണെന്നു് കരുതിയ മാർക്കസ് തുടൻ:- "ഇപ്പോഴും ചന്ദ്രബിംബം രക്തവർണ്ണം അണിഞ്ഞിട്ടാണു് ആകാശത്തിൽ ദൃശ്യമാകുന്നതു്. ദേവാലയത്തിലെ തിരശ്ശീല രണ്ടായി കീറുകയുണ്ടായി. ജനങ്ങൾക്കു് പരിശുദ്ധതയുടെ പരിശുദ്ധസ്ഥലം നേരിൽ കാണത്തക്കവണ്ണംതന്നെ."

പീലാത്തോസ് സിക്രട്ടറിയെ തുറിച്ചുനോക്കി. മാർക്കസ് സ്തബ്ധനെന്നപോലെ തോന്നി.

"പറയൂ മാർക്കസ്, നിങ്ങളീ കഥകളൊക്കെ സാക്ഷാൽ വിശ്വസിക്കുന്നുണ്ടോ?"

കാര്യദശി തലകുനിച്ചു് ആചാരംചെയ്തു, ഒന്നും സംസാരിച്ചുമില്ല.

പീലാത്തോസ് സംസാരം തുടന്നു: "മാർക്കസ്, ഞാൻ അസാധാരണബുദ്ധിസാമത്ഥ്യമുള്ള ഒരാളായിട്ടാണു് തന്നെ എല്ലായ്പോഴും കരുതിപ്പോന്നതു്. എനിക്ക തെററുപററിയില്ലയോയെന്നു് ഞാൻ ഭയപ്പെടുന്നു. പ്രത്യക്ഷത്തിൽ താൻ സ്വന്തം സദേശ്യരിൽനിന്നു് ഒട്ടും വ്യത്യസ്തനല്ല. തന്റെ മനസ്സു് യവനസംസ്കാരം നിറഞ്ഞതാകയാൽ താൻ മററുള്ളവരെക്കാൾ ഉന്നതതരനാണെന്നു് സ്വയം കരുതുന്നു. പക്ഷെ തന്റെ യുക്തിവാദത്തിനുത്തരം കണ്ടുപിടിക്കുവാൻ കഴിയാത്ത ഒന്നാമത്തെ സംഗതി കാര്യമുണ്ടാകുമ്പോൾ അതു തന്നെ തലകീഴായി മറിക്കുന്നു, പ്രകൃത്യതീതകാര്യങ്ങളിൽ വിശ്വസിക്കുവാൻ തനിക്ക പ്രേരണ നൽകുകയുംചെയ്യുന്നു ഭൂമിയുടെ ഏതാനും കമ്പങ്ങൾ, കുറെ കാളമേഘങ്ങൾ, ഉണ്ടായാൽ താൻ തന്റെ യുക്തിയൊക്കെ ദൂരെ വലിച്ചെറിയുന്നു. പ്രകൃതിയിലെ ഉല്പാതങ്ങളെ നസ്രായൻ ഈശോയുടെ വധവുമായി സംഘടിപ്പിക്കുന്ന മൂഢജനങ്ങളെ അപേക്ഷിച്ചു് കൂടുതൽ ബുദ്ധി തനിക്കില്ലെന്നു് താൻ പ്രവൃത്തികൊണ്ടു് കാണിച്ചിരിക്കുന്നു. താൻ ഇതിലുമധികം ബുദ്ധിപൂർവ്വം പ്രവത്തിക്കുമെന്നാണു് ഞാൻ കരുതിയിരുന്നതു്... ... ബറാബാസിനെ എന്തുകൊണ്ടാണു് വിട്ടയക്കാഞ്ഞതു്?"

സിക്രട്ടറിക്കു് നഷ്ടപ്പെട്ട ചൈതന്യം തട്ടിക്കൂട്ടുവാൻ കുറെ ആയാസം വേണ്ടിവന്നു. മുമ്പൊരിക്കലും ഇത്രമാത്രം അവജ്ഞയോടുകൂടി പ്രൊക്കുറയിററർ തന്നോടു പെരുമാറിയിട്ടില്ലാ എന്നു് ചിന്തിച്ചപ്പോൾ തന്റെ ഉദ്യോഗം പോയേക്കുമോയെന്നുള്ള ഭയവും മാർക്കസിനുണ്ടായി.

"ക്ഷമിക്കണെ പ്രൊക്കുറയിററർ. ഉടൻതന്നെ ബറാബാസിനെ മോചിക്കാതിരിക്കുക കൂടുതൽ ബുദ്ധിപൂർവ്വമായിരിക്കുമെന്നെനിക്കുതോന്നി യഹൂദജനം മുഴുവനും ക്ഷോഭിച്ചു വശായിരിക്കുകയാണു്. അവരുടെ ഇപ്പോഴത്തെ വികാരത്തള്ളലിന്റെ ഫലമായി അവർ വീണ്ടും ബറാബാസിനെ നായകനാക്കുകയില്ലെന്നാരറിഞ്ഞു" എന്നിങ്ങനെ അയാൾ സമാധാനം നൽകി. (തുടരും)

—o—

## വേദപുസ്തകത്തിന്റെ 11-ാംവാല്യം പുറത്തായി

50 കൊല്ലം മുമ്പു് വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പാ വേദപുസ്തകത്തിന്റെ ഒരു പുതിയ "വൾഗേററു്" പതിപ്പു് ശരിയായി പഠിച്ചു തയ്യാറാക്കുന്നതിനു സാൻ ഗിറൊലാമോ ആബിയിലെ സന്യാസികളെ ഭരമേല്പിച്ചു. ഈ ലത്തിൻ വിവത്തനത്തിലെ 11-ാം വാല്യം ഇപ്പോൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. 1953-ലാണു് സങ്കീർത്തനങ്ങളുടെ ഭാഗം പ്രസിദ്ധീകരിച്ചതു്. പുതിയ വാല്യത്തിൽ സുഭാഷിതങ്ങൾ, എക്ലെസിയാസ്റ്റസ്, പാട്ടുകളുടെ പാട്ടു് എന്നീ ഭാഗങ്ങളാണു് അടങ്ങിയിരിക്കുന്നതു്. ഗ്രന്ഥത്തിന്റെ ഒരു പ്രതി ബെനഡിക്ടൈൻ സഭാ ആബട്ടു് ഫാദർ പീററർ സാൾമോൻ അവർകൾ പരിശുദ്ധ പിതാവിനു സമപ്പിക്കുകയുണ്ടായി.

---

1-ാംപേജ് തുടർച്ച)

നിററുനേരം സംസാരിച്ചു. ഇന്നു് തൊഴിലാളിലോകത്തു കാണുന്ന കള്ളപ്രവാചകന്മാരുടെ കുടുക്കിൽ പ്പെടാതെ, ദൈവമഹത്വത്തിനായി തങ്ങളുടെ ജീവിതം ബലിയർപ്പിക്കുവാൻ അവിടുന്നാഹ്വാനം ചെയ്തു. പ്രസംഗാനന്തരം തിരുമേനി, ഇററാലിയൻ, ഇംഗ്ലീഷ്, ജമ്മൻ, സ്പാനിഷ്, പോർട്ടുഗീസ് എന്നീ ഭാഷ സംസാരിക്കുന്നവരായി അവിടെ കൂടിയിരുന്നവരെ പ്രത്യേകം പ്രത്യേകം സ്വാഗതം ചെയ്യുകയും അപ്പസ്തോലികാശിർവ്വാദം നൽകുകയും ചെയ്തു.

25-ാംതിയതിക്കുശേഷം ഓരോ ഭൂഖണ്ഡങ്ങൾ തിരിച്ചു നടത്തിയ പഠനക്കളരികളിൽ, തൊഴിലാളികളുടെ ഇന്നത്തെ നില, ആവശ്യങ്ങൾ, അവരുടെ സംഘടനകൾ എന്നിവ ചർച്ചചെയ്യപ്പെട്ടു. ബോംബെ, കൽക്കട്ടാ, മദ്രാസ് എന്നിവിടങ്ങളിൽനിന്നും വന്ന സ്ത്രീകളും പുരുഷന്മാരും അടങ്ങിയ ഒരു വിഭാഗം തൊഴിലാളികൾ രണ്ടു വൈദികരുടെ നേതൃത്വത്തിൽ ഈ ചടങ്ങുകളിൽ സംബന്ധിച്ചു. നമ്മുടെ നാട്ടിൽ ഈ സംഘടന സ്ഥാപിതമായിട്ടില്ലയെങ്കിലും ഒരു പ്രതിനിധി, മി. ജോസഫ് പയ്യപ്പിള്ളി, ഇതിൽ സംബന്ധിച്ചിരുന്നുവെന്നുള്ളതു അഭിമാനകരമത്രെ. അവസാനദിവസങ്ങളിൽ (സെപ്റ്റംബർ 1 മുതൽ 4 വരെ തിയതികളിൽ) ഈ സവ്വലോകയുവതൊഴിലാളി സമ്മേളനത്തിൽ ലോകത്തിലുള്ള ക്രിസ്ത്യൻ തൊഴിലാളികൾക്കു് പൊതുവിൽ ഒരു പരിപാടി രൂപികരിക്കുകയുണ്ടായി. യുവസമ്മേളനമെന്നുംപറഞ്ഞു യുവതൊഴിലാളികളെ കമ്മ്യൂണിസ്റ്റു് അടിമത്വത്തിലേക്ക വഴിതെളിക്കാൻ റഷ്യയിൽ ഈയിടെ ഒരു സമ്മേളനം നടത്തുകയുണ്ടായല്ലോ. കമ്മ്യൂണിസ്റ്റുചാരന്മാർ യുവാക്കന്മാരെ വഞ്ചിച്ചു് അവരുടെമേൽ കെട്ടിവയ്ക്കാൻ പോകുന്ന അടിമത്തത്തെ ചെറുക്കുന്നതിനും അവരെ വെല്ലുവിളിക്കുന്നതിനും, തൊഴിലാളികളുടെ അവകാശങ്ങൾ ശരിയായ മാർഗ്ഗങ്ങളിലൂടെ വാദിച്ചു വാങ്ങുന്നതിനും അവരുടെ പ്രശ്നങ്ങൾക്കു് മനുഷ്യോചിതമായ രീതിയിലുള്ള പരിഹാരം കാണുന്നതിനും ഏററവും പററിയ ഏകസംഘടിതശക്തിയായി ജോസിസ്റ്റുപ്രസ്ഥാനം വളന്നുവരുന്നു.



തൊഴിലാളിസംഘങ്ങൾ വി. പത്രോസിന്റെ ദേവാലയം സന്ദർശിക്കുന്നു

# കേരളവിദ്യാഭ്യാസബില്ൽ ഭരണഘടന 30–ാംവകുപ്പിനു വിരുദ്ധമാണ്

## കേന്ദ്രആഭ്യന്തരവകുപ്പിനു് കേന്ദ്രവിദ്യാഭ്യാസ വകുപ്പിൻെറ കുറിപ്പ്

ന്യൂഡൽഹീയിൽനിന്നുള്ള ഒ: 26–ാം തീയതിയിലെ വാർത്തയിത് ഇപ്രകാരം റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു. കേരളാ കമ്മ്യൂണിസ്റ്റ്ഗവമ്മെണ്ടിൻെറ വിദ്യാഭ്യാസബില്ൽ ഭരണഘടനയിലെ 30–ാം വകുപ്പിലെ തത്വങ്ങൾക്കു വിരുദ്ധമാണെന്നു ചൂണ്ടിക്കാണിച്ചുകൊണ്ടുള്ള ഒരു കുറിപ്പ് കേന്ദ്രവിദ്യാഭ്യാസവകുപ്പു ഇന്നു കേന്ദ്രആഭ്യന്തരവകുപ്പിനു അയച്ചുകൊടുത്തിരിക്കുന്നു. വളരെ ശക്തിയായ ഭാഷയിലുള്ള പ്രസ്തുത കുറിപ്പിൽ, കേരളവിദ്യാഭ്യാസബില്ൽ മതപരമായും ഭാഷാപരമായുമുള്ള ന്യൂനപക്ഷങ്ങൾക്കു അവരുടെ ഹിതാനുസരണം സ്കൂളുകൾ സ്ഥാപിച്ചു നടത്തിക്കൊണ്ടുപോകുന്നതിനുള്ള മൗലികാവകാശത്തെ ധ്വംസിക്കുന്നതാണെന്നു വ്യക്തമായി പ്രസ്താവിച്ചിരിക്കുന്നു. കേന്ദ്രആഭ്യന്തരവകുപ്പ് ഈ കുറിപ്പിനെപ്പററി അവഗാഢം പരിഗണിച്ചുകൊണ്ടിരിക്കുന്നു.

ബില്ൽ ഇവിടെ കിട്ടിയ ഉടനെ ആഭ്യന്തരവകുപ്പ് അതു കേന്ദ്രവിദ്യാഭ്യാസവകുപ്പിനും നിയമവകുപ്പിനും അയച്ചുകൊടുത്തു. ബില്ലിനു അംഗീകാരം നൽകണമോ വേണ്ടയോ എന്നു പ്രസിഡണ്ടിനെ ഉപദേശിക്കും മുമ്പായി അവരുടെകൂടി അഭിപ്രായമറിയുന്നതിനുവേണ്ടിയാണ് അങ്ങനെ ചെയ്തതു്. നിയമവകുപ്പ് അവരുടെ അഭിപ്രായം ഇതുവരെ അറിയിച്ചിട്ടില്ല.

ബില്ലിനെ അതിൻെറ യോഗ്യതയുടെ അടിസ്ഥാനത്തിലല്ലാതെ രാഷ്ട്രീയമായ യാതൊരു ചിന്താഗതിയുടേയും അടിസ്ഥാനത്തിലല്ല കേന്ദ്രം വീക്ഷിക്കുന്നതെന്നു് ഔദ്യോഗികവൃത്തങ്ങളിലെ ചില സീനിയർ ഉദ്യോഗസ്ഥന്മാരിൽനിന്നും മനസ്സിലാക്കാൻ സാധിച്ചു. കോൺഗ്രസ്ഗവമ്മെണ്ടായാലും കമ്മ്യൂണിസ്റ്റ്ഗവമ്മെണ്ടായാലും കേന്ദ്രം ഒരേ മാനദണ്ഡം വച്ചേ പെരുമാറുകയുള്ളൂ.

നിയമവകുപ്പും ബില്ലിനെതിരായി അഭിപ്രായം പ്രകടിപ്പിക്കുകയാണെങ്കിൽ വിഷയം കേന്ദ്രക്യാബിനററിൻെറ ചർച്ചയ്ക്കു സമർപ്പിക്കാൻ മൂന്നു വകുപ്പുകളും നിർബന്ധിക്കുന്നതായിരിക്കും. എന്നാൽ കേന്ദ്രവിദ്യാഭ്യാസവകുപ്പ് ഉന്നയിച്ച തടസ്സവാദങ്ങളുടെ പശ്ചാത്തലത്തിൽ പ്രശ്നം സുപ്രീംകോടതിയുടെ തീരുമാനത്തിനുവിടാൻ ആഭ്യന്തരവകുപ്പു പ്രസിഡണ്ടിനെ ഉപദേശിക്കുമെന്നാണു വിശ്വാസയോഗ്യമായി അറിയുന്നതു്.

കേരളത്തിലെ ന്യൂനപക്ഷങ്ങളുടെ അവകാശങ്ങളെ ധ്വംസിക്കുകയെന്നതാണ് ബില്ലിൻെറ പൊതുവെയുള്ള സ്വഭാവമെന്നു് കേന്ദ്രവിദ്യാഭ്യാസവകുപ്പ് ശക്തിയായ ഭാഷയിൽ അയച്ചിട്ടുള്ള കുറിപ്പിൽ ഊന്നിപ്പറഞ്ഞിട്ടുണ്ടെന്നാണ് വിശ്വാസയോഗ്യമായി അറിയുന്നതു്. മതത്തേയോ ഭാഷയേയോ അടിസ്ഥാനമാക്കിയുള്ള എല്ലാന്യൂനപക്ഷങ്ങൾക്കും തങ്ങൾക്കിഷ്ടമുള്ള വിദ്യാലയങ്ങൾ സ്ഥാപിക്കുകയും ഭരിച്ചുകൊണ്ടുപോകുകയും ചെയ്യാവുന്നതാണെന്ന ഭരണഘടന 30(11–)ാംവകുപ്പിനെ അധിഷ്ഠിതമാക്കിയുള്ളതാണ് കുറിപ്പെന്നു വിശ്വസിക്കപ്പെടുന്നു. കേരളവിദ്യാഭ്യാസബില്ലിലെ 3–ാം, 11–ാം വകുപ്പുകൾ ഭരണഘടനയിലെ ഈ ആർട്ടിക്കിളിനു വിരുദ്ധമാണെന്നു് കേന്ദ്രവിദ്യാഭ്യാസവകുപ്പു പരിഗണിക്കുന്നു. ബില്ലിലെ എല്ലാ വ്യവസ്ഥകളും ഇവയെയൊക്കെ ബാധിക്കുന്നതാണെന്നും ബില്ലിനെപ്പററി അനുകൂലമായോ പ്രതികൂലമായോ വിധിതീർപ്പുകൽപ്പിക്കുംമുമ്പായി കൂലങ്കഷമായ പഠനം നടത്തേണ്ടതാവശ്യമാണെന്നും കുറിപ്പിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. മതപരവും ഭാഷാപരവുമായ അടിസ്ഥാനത്തിൽ പലഗണം ന്യൂനപക്ഷങ്ങൾ കേരളത്തിലുണ്ടെന്നും കേന്ദ്രവിദ്യാഭ്യാസവകുപ്പു പ്രസ്താവിക്കുന്നു. ഇന്ത്യൻക്രിസ്ത്യാനികൾ, മുസ്ലീമീങ്ങൾ, ആംഗ്ലോഇന്ത്യർ മുതലായവർ ഈ ഗണത്തിൽ പെടുന്നതായും ചൂണ്ടിക്കാണിച്ചിരിക്കുന്നു. സംസ്ഥാന പുനസ്സംഘടനയെത്തുടർന്നു് 30–ാം ആർട്ടിക്കിളിൽ പ്രസ്താവിക്കുന്ന കൂടുതൽഗണം ന്യൂനപക്ഷങ്ങൾ ഉണ്ടായിട്ടുണ്ട്. തമിഴർ, ഗുജറാത്തികൾ, കന്നാടകർ, യഹൂദർ മുതലായവരാണു് ആ ഗണത്തിൽ പെടുന്നതു്.

### കൃതജ്ഞത

ഈശോയുടെ തിരുഹൃദയത്തിൻെറ അനുഗ്രഹത്താലും വി. യൗസേപ്പുപിതാവിൻെറ മാദ്ധ്യസ്ഥതാലും ബ. അൽഫോൻസാമ്മയുടെ സഹായത്താലും എൻെറ സുഖക്കേട് മാറി ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

Sr. Francisca
Dharmagiri, Kothamangalam

### ചരമവാർത്തകൾ

മൂക്കന്നൂർ: ഈ ഇടവക അറയ്ക്കൽ വറിയതു ഭാര്യ ഏലീശ ഒക്ടോബർ 14–ാംനു തിങ്കളാഴ്ച 90–ാമത്തെവയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരകർമ്മം ചൊവ്വാഴ്ച മൂക്കന്നൂർ പള്ളി സിമിറേറിയിൽ റവ. ഫാ. തോമസ് കണ്ടത്തിൽ അവർകളുടെ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

കോതമംഗലം: ഈ ഇടവക ചേന്നോത്തു് പുത്തൻപുരയിൽ അന്തോണി ഔസേപ്പ് അവർകൾവാർദ്ധക്യസഹജമായ അസുഖത്താൽ ഒക്ടോബർ 13–ാംനു വെളുപ്പിനു 3 മണിക്കു് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. മൃതശരീരം 14–ാംനു പല ദർശനസമൂഹങ്ങളുടെ അകമ്പടിയോടും ബ. വൈദികരുടെ സഹകരണത്തിലും ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും സ്ഥലം പള്ളി സിമിത്തേരിയിൽ പ്രത്യേകം തയ്യാർചെയ്തിരുന്ന കല്ലറയിൽ സംസ്കരിക്കപ്പെട്ടു.

വീട്ടിൽവച്ചു് റവ. ഫാ. മാത്യു മങ്കുഴിക്കരി ചരമപ്രസംഗവും, പള്ളിയിൽവച്ചു് റവ. ഫാ. ജോബ് വാടപ്പുറം റാസയും നടത്തുകയുണ്ടായി. വീട്ടിൽവച്ചു് സാധുക്കൾക്കു് അന്നദാനവുമുണ്ടായിരുന്നു.

R. I. P.

### ഇൻഡ്യാ വാർത്തകൾ

റെഡ്ക്രോസ് ലീഗിൻെറ 24–ാംസമ്മേളനം ഒക്ടോബർ 26–ാം തീയതി ന്യൂഡൽഹിയിലെ വിജ്ഞാന ഭവനിൽ ആരംഭിച്ചിരിക്കുന്നു. 62 രാജ്യങ്ങളിലെ സംഘടനാപ്രതിനിധികൾ ഇതിൽ സംബന്ധിക്കുന്നുണ്ട്.

—അമേരിക്കാ, ബ്രിട്ടൻ, പശ്ചിമജർമ്മനി എന്നീ രാജ്യങ്ങളിൽ പര്യടനം നടത്തിയശേഷം ഡൽഹിയിൽ തിരിച്ചെത്തിയ ധനകാര്യമന്ത്രി കൃഷ്ണമാചാരി തൻെറ സന്ദർശനഫലങ്ങൾ സംബന്ധിച്ച് കേന്ദ്രമന്ത്രിസഭയ്ക്കു് റിപ്പോർട്ടു സമർപ്പിച്ചിരിക്കുന്നു. പ്രസ്തുത രാജ്യങ്ങളിൽനിന്നു് പിന്നീടു അടച്ചുതീർക്കാമെന്ന വ്യവസ്ഥയിൽ ഇൻഡ്യയ്ക്കു് കുറെ ഘനവ്യവസായയന്ത്രങ്ങൾ കിട്ടാമെന്നായിട്ടുണ്ടെന്നു് അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി.

## പുസ്തകാഭിപ്രായം

### കൃഷിശാസ്ത്രം

(ഒന്നും രണ്ടും ഭാഗങ്ങൾ)

[ഗ്രന്ഥകർത്താ: ജെ. വി. അക്കരപ്പററി ബി. എ. ബി. എജി. പ്രസാധകർ: മംഗളോദയം ലിമിററഡ്, തൃശ്ശൂർ. ഒന്നാംഭാഗം ഡെമ്മി 350+30 പേജ്. വില 3—8—0 രണ്ടാംഭാഗം 472+32 പേജ്. വില 4—8—0]

റിട്ടയർഡ് ഡിസ്ട്രിക്ട് അഗ്രികൾച്ചറൽ ഓഫീസർ ശ്രീ ജെ. വി. അക്കരപ്പററി തനിക്കു ലഭിച്ച ശാസ്ത്രീയജ്ഞാനവും ഒല്ലൂക്കര സെൻട്രൽഫാറത്തിൽ ജോലിചെയ്തിരുന്നകാലത്തു നേടിയ പ്രായോഗികജ്ഞാനവും ഉൾപ്പെടുത്തി രചിച്ചിരുന്ന കൃഷിശാസ്ത്രത്തിൻെറ പരിഷ്കരിച്ച രണ്ടാംപതിപ്പാണ് ഇപ്പോൾ പ്രസിദ്ധീകൃതമായിരിക്കുന്നതു്. കൃഷിപ്പണിയിലുള്ള ഓരോ ജോലിയുടേയും ആവശ്യം മനസ്സിലാക്കുന്നതിനും ഓരോ വിളവും എപ്രകാരം കൃഷിചെയ്യണമെന്നു പ്രതിപാദിക്കുന്നതിനുമാണു് അദ്ദേഹം ഈ കൃതി രചിച്ചിരിക്കുന്നതു്. പുരാതന കൃഷിപ്പാട്ടുകൾതുടങ്ങി ആധുനികകൃഷിശാസ്ത്രഗ്രന്ഥങ്ങൾ വരെ ഇതിലേക്കു നോക്കിയിട്ടുണ്ടെന്നും, സ്വന്തഅനുഭവങ്ങളും ഗവേഷണഫലങ്ങളും ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നും ഗ്രന്ഥകാരൻതന്നെ പ്രസ്താവിക്കുന്നുണ്ട്. പല വിദേശ്രാജ്യങ്ങളും ഇന്നു കൃഷിയിൽ മുന്നണിയിൽ നില്ക്കുന്നതു് അവിടെ ശാസ്ത്രീയമായ കൃഷിസമ്പ്രദായങ്ങൾ സ്വീകരിച്ചതുകൊണ്ടാണെന്നുള്ളതു പ്രസിദ്ധമാണ്. നാമാണെങ്കിൽ ഇന്നും പഴയരീതിയിൽതന്നെ കഴിഞ്ഞുകൂടുകയാണ്. ശരിയായ ശാസ്ത്രീയജ്ഞാനത്തിൻെറ അഭാവമാണ് അതിനു കാരണം. ആ നിലയിൽനിന്നു നോക്കുമ്പോൾ ശ്രീ അക്കരപ്പററി മഹത്തായ ഒരു ദേശസേവനമാണ് ഈ കൃതിയുടെ പ്രണയനം മൂലം സാധിച്ചിരിക്കുന്നതു്.

ഒന്നാംഭാഗത്തിൽ മണ്ണ്, അതിൻെറ ഘടന, മണ്ണു കുത്തിയൊലിച്ചുപോകാതെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ, കാർഷികായുധങ്ങൾ, മണ്ണു പാകപ്പെടുത്തേണ്ട വിധം, വെള്ളത്തിൻേറയും വളത്തിൻേറയും ആവശ്യകത, വിവിധതരം വളങ്ങൾ, സസ്യങ്ങൾ, അവയുടെ വളർച്ച, സസ്യരോഗങ്ങളും നിവാരണമാർഗ്ഗങ്ങളും, കൃഷിയും കാലാവസ്ഥയും മുതലായി കൃഷിക്കാരൻ അവശ്യം അറിഞ്ഞിരിക്കേണ്ട സംഗതികൾ 26 അദ്ധ്യായങ്ങളിലായി പ്രതിപാദിച്ചിരിക്കുന്നു. രണ്ടാംഭാഗത്തിൽ ആദ്യത്തെ 11 അദ്ധ്യായങ്ങളിലായി കേരളത്തിലെ പ്രധാന കൃഷികളായ നെല്ലിനേയും തെങ്ങിനേയുംപററി പ്രതിപാദിക്കുന്നു. തുടർന്നുള്ള 8 അദ്ധ്യായങ്ങളിൽ കമുക്, വെററില, ഫലവൃക്ഷങ്ങൾ, വാഴ, കായ്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, മരച്ചീനി, എള്ളു മുതലായ ധാന്യങ്ങൾ, റബർ, ഇഞ്ചി, കാപ്പി, ഏലം, തേയില, നിലക്കടല, കുരുമുളക്, പരുത്തി, കരിമ്പ്, ചണം, പുകയില മുതലായവയെപ്പററിയാണ ചർച്ചചെയ്തിരിക്കുന്നതു്. അവസാനത്തെ രണ്ടദ്ധ്യായങ്ങൾ പുഷ്പങ്ങളും വർണ്ണച്ചെടികളും, ജലകർഷണം (വെള്ളത്തിൽമാത്രം ചെയ്യാവുന്ന കൃഷി) എന്നിവയാണ്. ചുരുക്കത്തിൽ കേരളത്തിൽ ചെയ്തുകൊണ്ടിരിക്കുന്നതും വിജയകരമായി ചെയ്യാവുന്നതുമായ എല്ലാ കൃഷികളേയുംപററി ഗ്രന്ഥകാരൻ സമഗ്രമായി പ്രതിപാദിക്കുന്നുണ്ട്.

ഭക്ഷ്യവിഷയത്തിൽ ഒരു കമ്മിപ്രദേശമായ കേരളത്തിൽ ശാസ്ത്രീയമായ തോതിലുള്ള കൃഷി എത്രമാത്രം അത്യന്താപേക്ഷിതമാണെന്നുള്ളതു വ്യക്തമാണ്. കൃഷിഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുക സാദ്ധ്യമല്ലാത്ത നമ്മുടെ നാട്ടിൽ കടുംകൃഷിമാത്രമേ ഇനി കരണീയമായിട്ടുള്ളൂ. ഇതിനും കൃഷിസംബന്ധമായ ശാസ്ത്രീയജ്ഞാനമാണ് അത്യന്താപേക്ഷിതം. സാമാന്യകർഷകർക്കു സ്വയം വായിച്ചു മനസ്സിലാക്കത്തക്ക ലളിതഭാഷയിലാണു ശ്രീ അക്കരപ്പററി തൻെറ കൃഷിശാസ്ത്രം നിബന്ധിച്ചിരിക്കുന്നതു്. കേരളത്തിലെ ഒരു സാമാന്യകർഷകൻ തൻെറ കൃഷിസംബന്ധിച്ച് അറിഞ്ഞിരിക്കേണ്ട എല്ലാ കാര്യങ്ങളും അവയുടെ ഗുരുലഘുത്വമനുസരിച്ച് ഗ്രന്ഥകാരൻ ഇതിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. തന്മൂലം ഈ ഗ്രന്ഥം രണ്ടു ഭാഗങ്ങളും കൈവശമുള്ളവർക്ക് പരസഹായംകൂടാതെ വിദഗ്ദ്ധമായ കൃഷിരീതികൾ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനു സാധിക്കും. റിട്ടയർഡ് കൃഷിസൂപ്രണ്ട് (കൊച്ചി) ശ്രീ ഐ. രാമൻമേനോൻ ബി. എ. യാണ് ഗ്രന്ഥത്തിൻെറ അവതാരകൻ. ഗ്രന്ഥത്തിനു് അതർഹിക്കുന്ന പ്രചുരമായ പ്രചാരം ആശംസിക്കുന്നു.

(M. O. J.)

### ഉപകാരസ്മരണ

വിശുദ്ധ പത്താം പീയൂസ് മാർപ്പാപ്പായുടേയും, റാഫേൽ മാലാഖയുടേയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

Mrs. മാത്തിരി
എ. പി. കുഞ്ഞുവറീസ്സ്
കുഴിക്കാട്ടുശ്ശേരി

## വിവിധവൃത്താന്തങ്ങൾ

### "ഉത്തമഭാര്യ" മാർപ്പാപ്പായെ സന്ദർശിച്ചു

ഇററലിയിൽ നടത്തപ്പെട്ട "ഉത്തമ ഭാര്യ"സ്ഥാനത്തിനു മത്സരിച്ച മൂന്നരലക്ഷം ഭാര്യമാരിൽ മിസ്സിസ് സിൽവാനാ ബൊറാക്കാ എന്ന മഹതി വിജയിയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഓരോരുത്തരുടേയും അചഞ്ചലത, നിസ്വാർത്ഥത, ത്യാഗമനോഭാവം, ദയാശീലം മുതലായ ഗുണങ്ങളുടെ മാററനുസരിച്ചാണ് വിജയം നിർണ്ണയിക്കപ്പെട്ടതു്. അപഹാസ്യമായ സൗന്ദര്യമത്സരങ്ങൾ നടന്നുകൊണ്ടിരിക്കുന്ന ഇക്കാലത്തു ഏതാദൃശമായ സ്വഭാവവൈശിഷ്ട്യങ്ങളെ ആസ്പദമാക്കിയുള്ള ഒരു മത്സരം ഏററവും സമീചീനവും അഭിനന്ദനീയവുമാണെന്നതിനു സംശയമില്ല. മിസ്സിസ് സിൽവാനായുടെ ഭർത്താവു് ഒരു കുരുടനാണ്. ഈ ദമ്പതിമാർക്കു പരിശുദ്ധ മാർപ്പാപ്പാ ഒരു സന്ദർശനമനുവദിക്കുകയും ബഹുമതി ലാഭത്തിൽ അവരെ അഭിനന്ദിക്കുകയും ചെയ്തു.

### ട്രേഡ്‌യൂണിയൻ നേതാക്കൾക്കു പരിശീലനം

കൊളോണിനടുത്തുള്ള വാൽബെർബർഗ്ഗ് ഡൊമിനിക്കൻ ആശ്രമത്തിൽ താമസിച്ച് ജർമ്മനിയിലുള്ള ട്രേഡ് യൂണിയൻ നേതാക്കന്മാർ ഓരോ ഗ്രൂപ്പുകളായി കത്തോലിക്കാ സാമൂഹികതത്വങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നു. ബർഗ്ഗ് ന്യൂ സ്റ്റാട്ടിലുള്ള ഫ്റി ഡ്റിച്ച് എബേർട്ട് ഫൗണ്ടേഷനും പ്രസ്തുത ഡോമിനിക്കൻ ആശ്രമാധികാരികളും തമ്മിലുള്ള ഒരു തീരുമാനത്തിൻെറ ഫലമായിട്ടാണ് ഈ സൗകര്യങ്ങൾ സജ്ജീകരിക്കപ്പെട്ടിട്ടുള്ളതു്. ഫൗണ്ടേഷൻ ട്രേഡ് യൂണിയനുകളുടെ ജർമ്മൻ ഫെഡറേഷനുമായി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള ഒരു സ്ഥാപനമാണ്. ഈ പദ്ധതിയനുസരിച്ച് 25 യൂണിയനുകളിൽനിന്നുള്ള നേതാക്കന്മാരുടെ ഓരോ ഗ്രൂപ്പുകളായി രണ്ടു കൊല്ലക്കാലത്തേക്കു സാമൂഹികസിദ്ധാന്തങ്ങളെക്കുറിച്ചു ള്ള പഠനം നടത്തുന്നതാണ്. കൂടാതെ മൂന്നാഴ്ചക്കാലം ദീർഘിക്കുന്ന സന്ദർശനങ്ങൾ ഇടയ്ക്കിടയ്ക്കു ഓരോ വ്യവസായശാലകളിലേക്കു നടത്തുന്നതിനും അവിടത്തെ സാഹചര്യങ്ങൾ പഠിക്കുന്നതിനുമുള്ള സൗകര്യങ്ങളും അവർക്കു നൽകപ്പെടും. ഫെഡറേഷൻെറ കേന്ദ്രസ്ഥാപനത്തിലെ പ്രസിഡൻറ് മി. വില്ലി ഹാഫെർ കാമ്പാണ് ഈ പദ്ധതി ആസൂത്രണംചെയ്തതു്. തൊഴിലാളി നേതാക്കന്മാർ എല്ലാ മതവിഭാഗങ്ങളുടേയും തൊഴിൽ സംബന്ധിച്ച ആദർശങ്ങൾ ഗ്രഹിച്ചിരിക്കേണ്ടതാവശ്യമാണെന്നു അദ്ദേഹം പത്രപ്രതിനിധികളോടു പ്രസ്താവിക്കുകയുണ്ടായി.

ഈശോയുടെ പരിശുദ്ധതിരുഹൃദയത്തിൻെറ അനുഗ്രഹത്താലും ഏനാമാക്കൽ കൊഞ്ചിറ ജപമാലരാജ്ഞിയുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

ടി. സി. ജേക്കബ്,
ഏനാമാക്കൽ

### "നവമാലിക" റഷ്യൻ ഭാഷയിൽ

1955-ലാണ് ബ്രിട്ടണിലെ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളിൽ ആ അഭ്യർത്ഥന പുറപ്പെടുവിച്ചതു്. വിശുദ്ധ കൊച്ചുത്രേസ്യയുടെ സ്വയംകൃത ജീവിത ചരിത്രം അഥവാ "നവമാലിക" റഷ്യൻ ഭാഷയിൽ അച്ചടിച്ച് റഷ്യയിൽ പ്രചരിപ്പിക്കുന്നതിനു സഹായിക്കണമെന്നു്. ഫ്റാൻസിൽ താമസിച്ചിരുന്ന റഷ്യൻ വൈദികർ കൂടിയാണ് തർജ്ജമ നിർവ്വഹിച്ചതു്. ഒരു പുസ്തകത്തിനു് ഏകദേശം പത്തു ഷില്ലിംഗ് വിലവരുന്നുണ്ട്. ഏകദേശം 22000 ത്തിൽപരം പുസ്തകങ്ങളാണ് റഷ്യയിൽ വിതരണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്നതു്. ഇരുമ്പുമറയ്ക്കു പുറത്തും അകത്തുമുള്ള ഓർത്തഡോക്സ്കാരും പ്രോട്ടസ്റ്റൻറുകാരും അവ ഉപയോഗപ്പെടുത്തുന്നുണ്ട്. വിശുദ്ധ കൊച്ചുത്രേസ്യാ റഷ്യയുടെ മദ്ധ്യസ്ഥയാണ്. റഷ്യയിൽ വിശുദ്ധയോടുള്ള ഭക്തി വളരെയധികം പ്രചാരമുള്ളതാണ്. ഈ വസ്തുതകളെ മനസ്സിലാക്കി നിരീശ്വരന്മാരുടെ സെൻട്രൽ കൗൺസിൽ ഒരു കള്ളപ്രചരണം ആരംഭിച്ചിരിക്കുന്നു. കൊച്ചുത്രേസ്യാ ഒരു ചരിത്രവ്യക്തിയല്ലെന്നും ഒരിക്കലും ജീവിച്ചിരുന്നിട്ടില്ലാത്ത ഈ സങ്കല്പസൃഷ്ടിയോടുള്ള പ്രാർത്ഥന നിരർത്ഥകമാണെന്നുമാണ് അവരുടെ കുപ്രചരണം.

—o—

# സത്യദീപം

പത്രാധിപന്മാർ

ഷവരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 31. | 1957 OCTOBER 30 | No. 12


# അൽമായപ്രേഷിതപ്രതിനിധികളോട് മാർപ്പാപ്പാ തിരുമേനി

ഒക്ടോബർ രണ്ടാംവാരത്തിൽ റോമിൽവച്ചു നടന്ന സാർവ്വലൗകികമായ അൽമായപ്രേഷിതകോൺഗ്രസിനെപ്പററി മുൻഒരവസരത്തിൽ പ്രതിപാദിച്ചിരുന്നുവല്ലോ. പ്രസ്തുത കോൺഗ്രസിൽ സംബന്ധിച്ച അൽമായപ്രേഷിതപ്രതിനിധികളോടായി പരിശുദ്ധമാർപ്പാപ്പാ ചെയ്ത പ്രസംഗം എല്ലാവരുടേയും അവഗാഢമായ ശ്രദ്ധയ്ക്കു വിഷയമാകേണ്ട ഒന്നാണു്. 5000 വാക്കുകളടങ്ങിയ പ്രസ്തുത പ്രസംഗത്തിന്റെ ആദ്യഭാഗംമാത്രം അരമണിക്കൂർസമയം തിരുമേനി വായിച്ചു. തിരുമേനിയുടെ ആരോഗ്യസ്ഥിതിയെ പരിഗണിച്ചു് ഡോക്ടറന്മാരുടെ നിർദ്ദേശമനുസരിച്ചാണു് മുഴുവനും വായിക്കാതിരുന്നതു്. അതിന്റെ പ്രതികൾ എല്ലാ പ്രതിനിധികൾക്കും നൽകപ്പെട്ടു.

ആധുനിക അൽമായപ്രേഷിതത്വത്തിന്റെ സ്വഭാവത്തെപ്പററി പരിശുദ്ധപിതാവു് വിശദമാക്കിയതു്, അതു പ്രാക്തനകാലത്തേതിൽനിന്നു രൂപത്തിൽ വ്യത്യാസപ്പെട്ടതാണെങ്കിലും അതിന്റെ ദ്വിമുഖകർത്തവ്യങ്ങളിൽ— അതായതു സംരക്ഷിക്കുക, ജയിച്ചടക്കുക എന്നിവയിൽ—അതു പഴയതുതന്നെ ആണെന്നാണു്. “ഇന്നു തിരുസഭയ്ക്കു അവ രണ്ടും അവശ്യം ആവശ്യമായിരിക്കുന്നു. വ്യക്തമായി പറഞ്ഞാൽ, തിരുസഭയുടെ ബദ്ധശത്രുവായിരിക്കുന്ന നിരീശ്വരകമ്മ്യൂണിസത്തിനു സ്ഥലം മാറിക്കൊടുക്കുവാൻ ക്രിസ്തുവിന്റെ സഭ ഉദ്ദേശിക്കുന്നില്ല. അവസാനംവരെ അതു സമരം ചെയ്യും. അതിൽ സഭയുടെ സൈന്യവ്യൂഹം അൽമായരും, ആയുധങ്ങൾ ക്രിസ്തുവിന്റെ ആയുധങ്ങളുമായിരിക്കും.” ഇതിനത്യാവശ്യം വേണ്ടതു്, ജീവിതത്തിന്റെ എല്ലാ തുറകളിലേക്കും— കുടുംബപരവും, സാമൂഹികവും, സാമ്പത്തികവും, രാഷ്ട്രീയവുമായ—ക്രിസ്തുവിന്റെ ആദർശത്തെ അൽമായർ സംവഹിക്കുക എന്നതാണു് എന്നു സ്ഥാപിച്ചശേഷം തിരുമേനി ഓരോ രംഗങ്ങളേയും അവരുടെ ശ്രദ്ധയിൽ പെടുത്തുകയും പ്രായോഗികമായ പ്രവർത്തനപദ്ധതികൾ നിർദ്ദേശിക്കുകയും ചെയ്തു.

സിനിമ:—“ന്യായമായി പ്രതീക്ഷിക്കപ്പെടാവുന്ന സാംസ്കാരികമോ ധാർമ്മികമോ ആയ ഒരു നിലയിൽ മിക്ക ചിത്രങ്ങളും എത്തിച്ചേരുന്നില്ല. ഇതിൽ ഏററം ശോചനീയമായ സംഗതി, അവ മനുഷ്യന്റെ ഐഹികജീവിതവും മരണവും നടന്നുകൊണ്ടിരിക്കുന്ന ഒരു ലോകത്തെ മാത്രമേ ചിത്രീകരിക്കുന്നുള്ളു എന്നതാണു്; ദൈവം എന്നൊരാളുടെ അസ്തിക്യം തന്നെ അവ വിസ്മരിക്കുന്നു. നമ്മുടെ വിശ്വാസത്തേയും ക്രിസ്തീയജീവിതത്തേയും സംരക്ഷിക്കുന്നതിനു വിനാശകരമായ ഈ അപകടങ്ങളെ നാമൊഴിയണം. ഏതാദൃശമായ ഒരു സാഹചര്യത്തെ വച്ചുപുലർത്തുക എന്നതു് ദൈവത്തോടു നമുക്കുള്ള കടമയുമായി ഒരിക്കലും ഒത്തുപോകുകയില്ല. അതുകൊണ്ടു അതിനു വ്യത്യാസം വരുത്തുവാൻ സർവ്വശ്രമങ്ങളും നാം ചെയ്യണം. നാം മുൻപു സൂചിപ്പിച്ചതായ സംഘടനകൾതന്നെ സിനിമാചിത്രങ്ങളിൽ ക്രിസ്തീയസിദ്ധാന്തങ്ങൾ ആദരിക്കപ്പെടുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധപതിക്കണമെന്നുൽബോധിപ്പിക്കുന്നു.”

ടെലെവിഷൻ:—“ടെലെവിഷൻപരിപാടികൾ ആസൂത്രണം ചെയ്യുന്ന കമ്മററികളിൽ തിരുസഭയ്ക്കു പ്രാതിനിധ്യമുണ്ടായിരിക്കുക എന്നതും, അവയുടെ സംവിധായകർക്കു കത്തോലിക്കരായ വിദഗ്ദ്ധന്മാരുടെ സഹായം ലഭിക്കുക എന്നതും ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത സംഗതികളാണു്.”

മുദ്രാലയം:— “വിശ്വാസചൈതന്യത്തോടുകൂടി ജോലിചെയ്യുന്ന ഒരു കത്തോലിക്കാ പത്രലേഖകൻ തീർച്ചയായും ഒരൽമായപ്രേഷിതനാണെന്നു പറയാവുന്നതാണു്. ദേശീയമായ താല്പര്യങ്ങളെ സംബന്ധിക്കുന്ന കാര്യങ്ങളിലും കത്തോലിക്കർ അവരുടെ മുദ്രാലയപ്രവർത്തനത്തിൽ സവിശേഷമായ ശ്രദ്ധചെലുത്തേണ്ടിയിരിക്കുന്നു.” പ്രസാധകരിലും പുസ്തകവില്പനക്കാരിലും ഭൂരിഭാഗവും അവരുടെ പ്രവർത്തനങ്ങളെ “തിരുസഭാസേവനമെന്ന വെളിച്ചത്തിൽ” ചെയ്തുപോരുന്നു എന്നതു് പരിശുദ്ധപിതാവിനെ അത്യധികം സംതൃപ്തിപ്പെടുത്തുന്നതായി തിരുമേനി പ്രസ്താവിച്ചു. പ്രേഷിതവേലയുടെ ഈ രംഗത്തെ, ഇടവകകൾതോറും പുസ്തകങ്ങൾ വിതരണം ചെയ്യുന്ന ഗ്രന്ഥാലയങ്ങൾ സമാരംഭിച്ചുകൊണ്ടു് വിപുലീകരിക്കണമെന്നും അവിടുന്നു നിർദ്ദേശിച്ചു.

അദ്ധ്യാപനം:—“സ്ത്രീകളും പുരുഷന്മാരുമായ അദ്ധ്യാപകർ മതം പഠിപ്പിക്കുന്നതിലും പൊതുവായി യുവജനങ്ങളുടെ വിദ്യാഭ്യാസത്തിലും സ്വഭാവരൂപവൽക്കരണത്തിലും ചെയ്തിട്ടുള്ള ഗണനീയമായ സേവനം നാമിവിടെ അനുസ്മരിക്കുകമാത്രമാണു്. ഉദാഹരണമായി യുണൈറഡ് സ്റേററ്സിലെ കത്തോലിക്കാ സ്കൂളുകളുടെ കാര്യം എടുക്കുക. ഇക്കാര്യത്തിൽ അവരോടു തിരുസഭയ്ക്കു വളരെ കൃതജ്ഞതയുണ്ടു്. വൈദികരുടെ ജോലിക്കുള്ളു് ഒഴിച്ചുകൂടാത്ത ഒരു പിൻബലമല്ലയോ?”

അൽമായപ്രേഷിതത്വത്തിന്റെ രംഗങ്ങളെ പരിശുദ്ധപിതാവു് ഇപ്രകാരം ഒന്നൊന്നായി എടുത്തുകാണിച്ചു് അതിൽ അൽമായർ ചെയ്യേണ്ട മഹത്തായ സേവനങ്ങളെ വിശദീകരിക്കുകയും അവരുടെ കർത്തവ്യത്തെപ്പററി ഉൽബോധിപ്പിക്കുകയും ചെയ്തു. കൂടാതെ, അൽമായപ്രേഷിതത്വത്തെപ്പററിയുള്ള ഒരു തെററിദ്ധാരണ തിരുത്തുന്നതിനും പരിശുദ്ധപിതാവു് ഈ അവസരം വിനിയോഗിച്ചു. അൽമായപ്രേഷിതത്വവും കത്തോലിക്കാപ്രവർത്തനവും തമ്മിലുള്ള ബന്ധത്തെ സംബന്ധിക്കുന്നതായിരുന്നു അതു്, ഹയരാർക്കിയുടെ ആജ്ഞാനുസരണം സംഘടിപ്പിക്കപ്പെടുന്ന കത്തോലിക്കാപ്രവർത്തനം അൽമായവിഭാഗത്തിന്റെ ഔദ്യോഗികമായ പ്രേഷിതത്വമാണെങ്കിലും, അതു അൽമായപ്രേഷിതത്വത്തിന്റെ മുഴുവനും കുത്തകയായിത്തീരുന്നില്ല. സ്വതന്ത്രമായ അൽമായപ്രേഷിതത്വരംഗങ്ങളുണ്ടു്. വ്യക്തികൾക്കോ സംഘങ്ങൾക്കോ അവരുടെ സേവനങ്ങളെ മെത്രാന്മാരുടെ നിയന്ത്രണത്തിനു വിധേയമാക്കാവുന്നതും, നിശ്ചിതകാലത്തേക്കോ അനിശ്ചിതസമയത്തേക്കോ മെത്രാന്മാർക്കു അവരുടെ സേവനസന്നദ്ധതയനുസരിച്ചു ഓരോ പ്രത്യേക കൃത്യങ്ങൾ നിർവ്വഹിക്കുന്നതിനു അവരെ നിയോഗിക്കാവുന്നതുമാണല്ലോ. ലോകവ്യാപകമായിത്തീർന്നിരിക്കുന്ന ഈ ആശയക്കുഴപ്പത്തെ അവസാനിപ്പിക്കുന്നതിനും, കത്തോലിക്കാപ്രവർത്തനം എന്താകുന്നെന്നും എന്തല്ലെന്നും വ്യക്തമാക്കുന്നതിനും പ്രായോഗികമായ രണ്ടു പരിഷ്കാരങ്ങൾ ആവശ്യമായിരിക്കുന്നു. ഒന്നു് പദപ്രയോഗം സംബന്ധിച്ചും, മറെറാന്നു് സംഘടനാസംബന്ധിച്ചും വേണ്ടിയിരിക്കുന്നു എന്നാണു് അവിടുന്നു പ്രസ്താവിച്ചതു്. “കത്തോലിക്കാ പ്രവർത്തനമെന്ന പദത്തിനു് അതിന്റെ സ്വാഭാവികമായ അർത്ഥം പുനസ്ഥാപിക്കുകയും, ദേശീയമായോ സാർവ്വദേശീയമായോ അംഗീകൃതമായ അൽമായപ്രേഷിതത്വസംഘടനകൾക്കു മാത്രം അതുപയോഗിക്കുകയും ചെയ്യുക എന്നുള്ളതാണു് ഒന്നാമതായി ചെയ്യേണ്ടതു്. അപ്പോൾ ഓരോ പ്രസ്ഥാനവും അതിന്റെ സ്വന്തം പേരിൽ അറിയപ്പെടുകയും അതിന്റെ പ്രത്യേകമായ സംഘടനാസ്വഭാവം നിലനിറുത്തുകയും ചെയ്യുന്നതിനു സാധിക്കുന്നതാണു്. ഒരു പൊതുസംജ്ഞയിൽ എല്ലാം ഉൾപ്പെടുന്നതല്ല. സംഘടനാസ്വഭാവത്തിൽനിന്നായിരിക്കും അതിന്റെ പദപ്രയോഗം ഉണ്ടാവുക. ഓരോന്നും അതിന്റെ നാമങ്ങളും വ്യക്തിത്വവും നിലനിർത്തികൊണ്ടു്, കത്തോലിക്കാപ്രവർത്തനത്തെപ്പോലെ ഒരു സംഘടിതയൂണിററിൽ ഒന്നുചേരുന്നതായിരിക്കും. ഇങ്ങനെയായാൽ ഒരു പ്രസ്ഥാനത്തെ അംഗീകരിക്കുന്നതിനോ തിരസ്കരിക്കുന്നതിനോ ഉള്ള സ്വാതന്ത്ര്യം ഓരോ മെത്രാന്മാർക്കും ഉണ്ടായിരിക്കുന്നതാണു്” എന്നു മാർപ്പാപ്പാ വ്യക്തമാക്കി.

അവസാനമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ കത്തോലിക്കാ സഭയുടെ സ്ഥിതിഗതികളെ പരാമർശിച്ചുകൊണ്ടു് അവിടങ്ങളിൽ നടമാടുന്ന അപകടങ്ങളെപ്പററി സൂചന നൽകുകയും പ്രതിവിധികൾ നിർദ്ദേശിക്കുകയും ചെയ്തു. പ്രത്യേകിച്ചു് ലാററിൻ അമേരിക്കയിലെ സഭയുടെ അപകടകരമായ സ്ഥിതിയെ അവിടുന്നു് ചൂണ്ടിക്കാണിച്ചു. പ്രോട്ടസ്റ്റന്റു വിഭാഗങ്ങൾ നടത്തുന്ന ആക്രമണവും, പൊതുജീവിതത്തിൽ വന്നുചേർന്നിട്ടുള്ള ലൗകായതികത്വവും, മാർക്സിസവും, സ്പിരിച്ചുവലിസവും അവിടത്തെ മികച്ച ഭീഷണികളാണു്. “അവിടെ മാർക്സിസം സർവ്വകലാശാലകളിലെ ഏററവുമധികം പ്രവർത്തനോന്മുഖമായ ഘടകമായിത്തീർന്നിരിക്കുന്നു. അതു തൊഴിലാളിസംഘടനകളെ മിക്കവാറും മുഴുവനുംതന്നെ അതിന്റെ പിടിയിലാക്കിയിരിക്കുന്നു” എന്നവിടുന്നു പറഞ്ഞു. ഈ വിപത്തിനെ നിവാരണം ചെയ്യുവാൻ അവിടുന്നു നിർദ്ദേശിച്ച പദ്ധതികൾ ഇവയാണു്:- 50,000 വും ഒരു ലക്ഷവും മററും കത്തോലിക്കരുള്ള വലിയ ഇടവകകളിൽ വൈദികരെ സഹായിക്കുന്നതിനു അൽമായപ്രേഷിതരെ പരിശീലിപ്പിക്കുക; മാതൃകാപരമായ കത്തോലിക്കാ ജീവിതം നയിക്കുന്ന അദ്ധ്യാപകാദ്ധ്യാപികമാർ പ്രാഥമിക വിദ്യാലയം മുതൽ സർവ്വകലാശാലകൾ ഉൾപ്പെടെ എല്ലാ വിദ്യാമന്ദിരങ്ങളിലും മതാദ്ധ്യാപനം നിർവ്വഹിക്കുക; രാജ്യത്തിലെ സാമ്പത്തികവും, സാമൂഹികവും, രാഷ്ട്രീയവുമായ എല്ലാ തുറകളിലും കത്തോലിക്കർ കൂട്ടമായി പ്രവേശിക്കുകയും പ്രവർത്തിക്കുകയും ചെയ്യുക.

പരിശുദ്ധ മാർപ്പാപ്പാ അവിടുത്തെ പ്രസംഗത്തിൽ, കുറച്ചുകാലമായി പലരുടേയും പരിചിന്തനങ്ങൾക്കും അഭിപ്രായപ്രകടനങ്ങൾക്കും വിഷയമായ ഒരു പ്രശ്നത്തെപ്പററിയും പ്രതിപാദിച്ചിരുന്നു. അൽമായപ്രേഷിതത്വത്തെ സ്പർശിക്കുന്ന ഒരു വിഷയമായതുകൊണ്ടാണു് അതേപ്പററി ഒരു നിർദ്ദേശം നൽകുന്നതിനു തിരുമേനി ഈ അവസരം ഉപയോഗിച്ചതു്. തിരുസഭയിൽ ആദിമകാലങ്ങളിൽ നിലവിലിരുന്നപോലെ “ഡീക്കൻ” സ്ഥാനക്കാരായ അൽമായ വ്യക്തികളെ നിയമിക്കണമോ ഇപ്പോൾ എന്നതാണു് പ്രശ്നം. അപ്രകാരമുള്ള സ്ഥാനങ്ങൾ ഇനിയും പുനസ്ഥാപിക്കപ്പെട്ടെന്നു വരാം. പക്ഷെ ഇപ്പോൾ അതിനുള്ള സാഹചര്യങ്ങൾ വന്നിട്ടില്ല എന്നാൽ അതു പുനസ്ഥാപിക്കപ്പെടുമ്പോൾ തന്നെയും അതു അൽമായപ്രേഷിതത്വത്തിന്റെ ഒരു ഭാഗമായിരിക്കുകയില്ല, പ്രത്യുത, പൗരോഹിത്യത്തിന്റെ ഒരു ഭാഗമായിട്ടായിരിക്കും അതു കരുതപ്പെടുക, എന്നാണു് പരിശുദ്ധ പിതാവു് ഈ അഭിപ്രായഗതിയെ വിശകലനം ചെയ്തു പ്രസ്താവിച്ചതു്.

ഇപ്രകാരം അൽമായപ്രേഷിതത്വത്തെ സംബന്ധിക്കുന്ന ഒരു വിശദവിശകലനമാണു് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് രണ്ടാമത്തെ സാർവ്വലൗകിക അൽമായപ്രേഷിത പ്രതിനിധികളുടെ കോൺഗ്രസ്സിന്റെ മുമ്പിൽ അവതരിപ്പിക്കുകയുണ്ടായതു്. ലോകത്തെവിടെയും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അൽമായപ്രേഷിതർക്കാകമാനം പരിശുദ്ധപിതാവിന്റെ ഈ അമൂല്യപ്രസ്താവന ഉൽബോധജനകവും മാർഗ്ഗദർശകവുമാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. സ്വയം സംരക്ഷിക്കുന്നതിനും ക്രിസ്തുവിനുവേണ്ടി സർവ്വലോകത്തേയും കീഴടക്കുന്നതിനുമുള്ള കത്തോലിക്കാസഭയുടെ പരിശ്രമത്തിൽ നാരകീയശക്തികൾക്കെതിരായ പ്രബല സൈന്യവ്യൂഹമായണിനിരക്കേണ്ടതു് അൽമായപ്രേഷിതരാണെന്നും ക്രിസ്തുവിന്റേതായ ധാർമ്മികായുധങ്ങൾ ധരിച്ചു അവർ ധീരപോരാട്ടം നടത്തുന്നതിലാണു് വിജയം അടങ്ങിയിരിക്കുന്നതെന്നും തിരുസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പാ ലോകത്തെ വിശദമായി ധരിപ്പിക്കുകയും, ദിവ്യമായ ഈ കർത്തവ്യനിർവ്വഹണത്തിനു ഓരോ കത്തോലിക്കനേയും അൽമായപ്രേഷിതത്വപ്രസ്ഥാനത്തിലേക്കാഹ്വാനം ചെയ്യുകയുമാണു് ചെയ്തിരിക്കുന്നതു്. ക്രിസ്ത്യാനികൾ അവിടുത്തെ ഉൽബോധനം ശ്രവിക്കുകയും കർത്തവ്യനിരതരായി പ്രവർത്തനരംഗത്തേക്കിറങ്ങുകയും ചെയ്യട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### പോളണ്ടിൽ ഗൊമുൽക്കാ ഗവർമ്മേണ്ടു് കമ്മ്യൂണിസ്റ്റ്നിറം കാണിക്കുന്നു

ഗൊമുൽക്കാ ഗവർമ്മേണ്ടു് അതിന്റെ മുഖപടം ഒന്നൊന്നായി മാററി തനി കമ്മ്യൂണിസ്റ്റ്രൂപം പുറത്തുകാണിക്കുവാൻ തുടങ്ങിയിരിക്കുകയാണു്. തന്മൂലം അവിടെ പ്രക്ഷോഭണങ്ങളും വിപ്ലവാസക്തിയും ഉയിർക്കൊണ്ടുവരുന്നുണ്ടു്. ജനകീയാഭിലാഷങ്ങളെ മാനിക്കുമെന്നുള്ള ഉറപ്പോടുകൂടിയാണു് ഗൊമുല്ക്കായെ അധികാരത്തിൽ കയറുവാൻ ജനങ്ങൾ സമ്മതിച്ചതു്. പക്ഷെ കമ്മ്യൂണിസ്റ്റുകാരനായ അദ്ദേഹത്തിനു മോസ്കോയുടെ ആദർശപരിപാടികളെ മനസ്സില്ലെങ്കിൽപോലും നടപ്പാക്കാതെ ഗത്യന്തരമില്ല. കമ്മ്യൂണിസ്റ്റധികാരികൾക്കു എവിടേയും അഭിമുഖീകരിക്കേണ്ട ഒരു ഗതികേടാണിതു്. ഗൊമുൽക്കാ വാർസോയ്ക്കടുത്തുള്ള സെറാനിലെ ഇരുമ്പുതൊഴിലാളികളോടു ചെയ്ത ഒരു പ്രസംഗത്തിൽ അദ്ദേഹത്തിന്റെ കമ്മ്യൂണിസ്റ്റ്നിറം തെളിച്ചുകാണിച്ചു. മററു കമ്മ്യൂണിസ്റ്റ്രാജ്യങ്ങളുമായി പോളണ്ടു് ഉറച്ച ഐക്യം പാലിക്കണമെന്നും, കമ്മ്യൂണിസത്തിന്റെ നേട്ടങ്ങളെ അഭിമാനപൂർവ്വം വാഴ്ത്തണമെന്നും, ഒരെതിർവിപ്ലവത്തിന്റെ ലാഞ്ഛനകൾപോലുമുള്ള പ്രവർത്തനങ്ങളെ തടയണമെന്നും അദ്ദേഹം അതിൽ ആവശ്യപ്പെട്ടു. നാറേറാസഖ്യത്തിന്റേയും വാർസോ ഉടമ്പടിയുടേയും നിരാകരണം പോളിഷ്കമ്മ്യൂണിസ്റ്റുകൾ അത്യാകാംക്ഷയോടെ പാർത്തിരിക്കുന്നുണ്ടെങ്കിലും അതു നിഷ്പക്ഷമായ ഒരു നില പാലിക്കാനല്ലെന്നും, പ്രത്യുത ഇന്നത്തെ കമ്മ്യൂണിസ്റ്റ്ഗവർമ്മേണ്ടുകൾക്കു യാതൊരു കോട്ടവും തട്ടാതിരിക്കത്തക്കവണ്ണം ഒരു പൊതുവായ സുരക്ഷിതത്വകരാറിൽ ഏർപ്പെടുവാൻ മാത്രമാണെന്നും അദ്ദേഹം വെളിവാക്കി. മോസ്കോയുടെ അഭിപ്രായപ്രകാരമുള്ള ജർമ്മനിയുടെ ഒരു ഏകീകരണപ്ലാനും അദ്ദേഹം അംഗീകരിച്ചു. മി. ഗൊമുൽക്കാ അധികാരം ഏറെറടുത്തശേഷം സാമ്പത്തികമായി പോളണ്ടു് അധഃപ്പതിച്ചിരിക്കുകയാണു്. സംസാരസ്വാതന്ത്ര്യം വർദ്ധിക്കുകയും രഹസ്യപ്പോലീസിനെപ്പററിയുള്ള ഭയം കുറയുകയും ചെയ്തിട്ടുണ്ടെങ്കിലും മുദ്രണസ്വാതന്ത്ര്യത്തിൽ പുരോഗതിയുണ്ടായിട്ടില്ല. പത്രാധിപന്മാരെല്ലാം ഗവർമ്മേണ്ടിന്റെ നയത്തെ പിന്താങ്ങിക്കൊള്ളണമെന്നു കർക്കശമായ ആജ്ഞകൾ നൽകിയിരിക്കുകയാണു്. ഇക്കാരണങ്ങളാൽ പോളണ്ടിൽ ഭരണകൂടത്തിനെതിരായി പൊതുവെ അതൃപ്തിയും, ജനത വഞ്ചിതരായി എന്നുള്ള ബോധവുമാണുള്ളതു്. ഏതാനും മാസങ്ങളായി ഈ പ്രക്ഷുബ്ധാവസ്ഥ വർദ്ധിച്ചുവരുന്നു. വാർസായിലെ വിദ്യാർത്ഥിബഹളങ്ങൾ രാജ്യവ്യാപകമായ അസംതൃപ്തിയുടെ ബാഹ്യലക്ഷണങ്ങളാണു്. വിദ്യാർത്ഥികളുടെവക ഒരു പത്രം നിർത്തിക്കളഞ്ഞതാണു് പ്രക്ഷോഭണങ്ങൾക്കു കാരണമെന്നു പറയുന്നതിൽ അർത്ഥമില്ല. കാരണം പ്രക്ഷോഭകരിൽ പലരും ഒരു ലിബറൽ കമ്മ്യൂണിസ്റ്റ്പ്രസിദ്ധീകരണമായ പ്രസ്തുത പത്രത്തോടു് അനുഭാവമുണ്ടായിരുന്നവരല്ല. അവർ ആവശ്യപ്പെടുന്നതു് മുദ്രാലയസ്വാതന്ത്ര്യമാണു്. പ്രക്ഷോഭണത്തിൽ ഏർപ്പെട്ടിട്ടുള്ള വിദ്യാർത്ഥികളെ ഗവർമ്മേണ്ടു് “ആഭാസന്മാരെ”ന്നു മുദ്രകുത്തുന്നുണ്ടു്. അതിൽ പങ്കെടുക്കുന്ന ചിലർ ആഭാസന്മാരായിരിക്കാം പക്ഷെ അതു പ്രശ്നത്തിനു പരിഹാരമാകുന്നില്ല എന്നു ഗവർമ്മേണ്ടു മനസ്സിലാക്കണം. പോളണ്ടിലെ കർദ്ദിനാൾ വിഷിൻസ്കി തിരുമനസ്സുകൊണ്ടു് വാർസായിൽ വിദ്യാഭ്യാസവർഷാരംഭം പ്രമാണിച്ചു ചെയ്ത ഒരു പ്രസംഗത്തിൽ വിദ്യാർത്ഥികളെ ഉൽബോധിപ്പിച്ചതു്, അവരുടെ വിഷമതകളെ തിരുമേനി മനസ്സിലാക്കുകയും ചിന്താസ്വാതന്ത്ര്യത്തിനും സംസാരസ്വാതന്ത്ര്യത്തിനുംവേണ്ടിയുള്ള അവരുടെ സമരം നീതിയുക്തമാണെന്നു ഗ്രഹിക്കുകയും ചെയ്യുന്നുണ്ടെങ്കിലും അവർ പ്രശാന്തരായിരുന്നു കഠിനമായ അദ്ധ്വാനത്തിനു തയ്യാറെ

ടുക്കണമെന്നാണ്. വിപ്ലവം അകാലികമായിരിക്കുമെന്നും തിരുസഭ എപ്പോഴും വിവേകപൂർവ്വം പ്രവർത്തിക്കാനാണ് നിർദ്ദേശിക്കുന്നതെന്നും അവിടുന്നു ജനതയോടു പ്രസ്താവിച്ചു. സഭാദ്ധ്യക്ഷന്മാർ എത്രമാത്രം പരിശ്രമിച്ചാലും ഗവൺമെണ്ടുമേധാവികൾ സഹകരിക്കുകയും സഹിഷ്ണുതകാണിക്കുകയും ചെയ്യുന്നില്ലെങ്കിൽ ജനക്ഷോഭത്തെ തടഞ്ഞുനിർത്തുവാൻ സാധിക്കാതെവരും. 1861-ൽ പോളണ്ടിൽ അങ്ങിനെയാണ് സംഭവിച്ചത്. ഇതു പോളണ്ടിനെമാത്രം സ്പർശിക്കുന്ന ഒരു പ്രശ്നമല്ല. ഇന്നത്തെ കമ്മ്യൂണിസ്റ്റധീനരാജ്യങ്ങളിലെല്ലാം ഇതുതന്നെയാണ് പ്രശ്നം.

x x x

## ജനാധിപത്യമര്യാദ മറന്നു് വിദ്യാഭ്യാസബില്ലിലെ 9-ാം വകുപ്പ നടപ്പാക്കുന്നു

### മെ: പി. ജെ. സെബാസ്റ്റ്യൻ, വി. ഒ. എബ്രഹാം ഇവരുടെ പ്രസ്താവനകൾ

കേരള എഡ്യൂക്കേഷൻ ആക്ഷൻകമ്മിററി പ്രസിഡണ്ടു് ശ്രീ പി. ജെ. സെബാസ്റ്റ്യൻ താഴെ കാണുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

കേരളാഗവമ്മെണ്ടു് 1957 ഒക്ടോ: 12-ാംനു പാസ്സാക്കിയതും ഒക്ടോ: 24-ാംനു പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തിയതുമായ ഉത്തരവു് തികച്ചും അവിഹിതവും നിയമവിരുദ്ധവുമായ ഒന്നാണ്. ഗവ: ൻെറ ഈ എക്സിക്യൂട്ടീവുത്തരവു നിയമസഭ പാസ്സാക്കിയതും പ്രസിഡണ്ടിൻെറ അംഗീകാരം ഇനിയും ലഭിക്കേണ്ടതുമായ കേരള വിദ്യാഭ്യാസബില്ലിൽ 9-ാം വകുപ്പു് അനുസരിച്ചുള്ള അധികാരം കവന്നെടുക്കുന്നതിനു ഉദ്ദേശിച്ചിട്ടുള്ളതാണ്. ഇന്ത്യൻപ്രസിഡണ്ടു് അംഗീകരിക്കാതെ ബിൽ നിയമമായിത്തീരുന്നതില്ലല്ലോ. ബിൽ പ്രസിഡണ്ടു് അംഗീകരിക്കേണ്ടതായുള്ളപ്പോൾ ജനാധിപത്യപരവും നിയമപരവുമായ നടപടിക്രമം അതിലെ വ്യവസ്ഥകൾ എക്സിക്യൂട്ടീവു ഉത്തരവുകൾകൊണ്ടു് ഗവ: നടപ്പാക്കരുതെന്നുള്ളതാണ്. കമ്മ്യൂ: ഗവ: ൻെറ നിയമവിരുദ്ധമായ ഈ നടപടി ജനാധിപത്യത്തിൻെറ ചൈതന്യവും നിയമത്തിൻെറ വാഴ്ചയും നശിപ്പിക്കുന്നതാകുന്നു. മന്ത്രിമാർ ഇന്ത്യൻ ഭരണഘടനയോടു വിധേയത്വം വാഗ്ദാനംചെയ്തിട്ടുള്ളതുകൊണ്ടു് ഈ അതിവനിഷിദ്ധവും ജനാധിപത്യവിരുദ്ധവുമായ നടപടി കമ്മ്യൂ: ഗവ: ഉപേക്ഷിക്കേണ്ടതാകുന്നു. ഉൽകൃഷ്ടമായ രാഷ്ട്രീയാദർശങ്ങൾ മുൻനിറുത്തി നോക്കുമ്പോൾ കേരള ഗവ: ൻെറ ഈ നടപടി തികച്ചും അസാധുവുമാണ്. ഉയന്ന നയപരിപാടികളുടെ കാര്യത്തിൽ കമ്മ്യൂ: ഗവ: കൈക്കൊള്ളുന്ന സ്വേച്ഛാധിപത്യപരമായ സമീപനമാണ് ഇതു കാണിക്കുന്നതു്. ഇങ്ങനെയുള്ള പരിപാടികൾ എക്സിക്യൂട്ടീവുത്തരവു മൂലം നടപ്പിലാക്കുക എന്നുള്ളതാണ് ഗവ: പദ്ധതിയെങ്കിൽ വിദ്യാഭ്യാസബില്ലിൽ 9-ാം വകുപ്പു ഉൾപ്പെടുത്തേണ്ട ആവശ്യംതന്നെ ഇല്ലായിരുന്നു. ഈ എക്സിക്യൂട്ടീവുത്തരവു സംസ്ഥാനനിയമസഭയോടുള്ള തികഞ്ഞ അവഹേളനമാണ്.

സ്കൂളുകളിൽ സ്വാതന്ത്ര്യവും ശിക്ഷണവും പാലിക്കുന്നതിനു സംസ്ഥാനത്തിൽ രാഷ്ട്രീയസമാധാനം പുലർത്തുന്നതിനു് ഗവ: ഈ എക്സിക്യൂട്ടീവുത്തരവു ഉടനെ പിൻവലിക്കേണ്ടതു് അത്യന്താപേക്ഷിതമാണ്. ഗവ: ഇത്ര ഹീന സ്വേച്ഛയ്ക്കു ജനാധിപത്യവാദികളായ പൗരന്മാരുടെ ക്ഷമ പരീക്ഷിക്കുകയാണെങ്കിൽ ഒന്നാംകിടയിലുള്ള പ്രതിസന്ധിഘട്ടം കേരളത്തിൽ ഉണ്ടാകുമെന്നു തീർച്ചയാകുന്നു. ഗവ: തങ്ങളുടെ ഉത്തരവു ഉടനെ പിൻവലിച്ചു് ഇന്ത്യൻഭരണഘടനയെ മാനിക്കുന്നുവെന്നു കാണിക്കുന്നില്ലെങ്കിൽ മാനേജർമാർ തങ്ങളുടെ സ്കൂളുകൾ അടച്ചിടുവാൻ നിർബന്ധിതരാകുകയില്ലേയെന്നു് ഞാൻ ശങ്കിക്കുന്നു ഇന്ത്യൻ ഭരണഘടന ധിക്കരിക്കാനാണ് കമ്മ്യൂണിസ്റ്റ് ഗവമ്മെണ്ടിൻെറ ഭാവമെങ്കിൽ കേരളത്തിലെ ജനങ്ങൾ അടങ്ങിയിരിക്കയില്ല.

ഈ ഉത്തരവു് നടപ്പിൽ വരുത്താൻ നടപടി എടുത്തുകൊണ്ടു് കമ്മ്യൂ: ഗവമ്മെൻറിൻെറ കൈയിൽ കുടുങ്ങരുതെന്നു പ്രൈവററു് സ്കൂളുകളിലെ അദ്ധ്യാപകരോടു് പൊതുവായും അവയിലെ ഹെഡ്മാസ്റ്റർമാരോടു പ്രത്യേകമായും അഭ്യർത്ഥിക്കാൻ ഞാൻ ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു കമ്മ്യൂ: ഗവമ്മെണ്ടിൻെറ ഈ കരുനീക്കത്തിൽ രാഷ്ട്രീയതന്ത്രം ഉണ്ടെന്നു പ്രകടമാണ്. അതുകൊണ്ടു് മാനേജർമാരുടെ അവകാശങ്ങൾ അപകടത്തിലാക്കാൻ ശ്രമമുണ്ടായപ്പോൾ അവയെ തടുക്കുന്നതിനു മാനേജർമാരുമായി സഹകരിച്ച പ്രൈവററു്സ്കൂളുകളിലെ അദ്ധ്യാപകരും അദ്ധ്യാപകരല്ലാത്ത ജോലിക്കാരും കമ്മ്യൂ: ഗവമ്മെൻറിൻെറ പുതിയ നീക്കം പരാജയപ്പെടുത്താൻ മാനേജർമാരോടു് യോജിച്ച ഐക്യമുന്നണി ശ്രവലപ്പെടുത്തേണ്ടതാണ്. ഗവമ്മെൻറിൻെറ ഉത്തരവു ബഹിഷ്കരിക്കാൻ ഒരു സർവ്വാധിപത്യഭരണത്തോടുള്ള സമരത്തിൽ മാനേജർമാരെ ശക്തിപ്പെടുത്തുന്നതിനും ഈ സുഹൃത്തുക്കളോടു അഭ്യർത്ഥിക്കുന്നു.

x x x

കേരള പ്രൈവററു്സ്കൂൾ മാനേജേഴ്സ് അസോസിയേഷൻ പ്രസിഡണ്ടു് ശ്രീ വി. ഒ. എബ്രാഹം താഴെക്കാണുന്ന പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു.

വിദ്യാഭ്യാസബില്ലിനു് ഇന്ത്യൻപ്രസിഡണ്ടിൻെറ അനുമതി കിട്ടുന്നതിനുമുമ്പുതന്നെ ബില്ലിലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി കേരളഗവമ്മെണ്ടിൽനിന്നും നടപടികൾ കൈക്കൊണ്ടിരിക്കുന്ന വിവരം പൊതുജനങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്. ബില്ലിൻെറ 9-ാം വകുപ്പിൻപ്രകാരം അദ്ധ്യാപകർക്കുള്ള ശമ്പളം ഗവമ്മെണ്ടു് നേരിട്ടോ ഹെഡ്മാസ്റ്റരന്മാർ വഴിയോ കൊടുക്കാമെന്നാണു വ്യവസ്ഥ. ആ വ്യവസ്ഥയെ അടിസ്ഥാനമാക്കി ഇപ്പോൾ ഗവമ്മെണ്ടിൽനിന്നും 12-10-1957-ൽ ഒരു ഓർഡർ പുറപ്പെടുവിച്ചിരിക്കുന്നു. അതിൻെറ സാരം ഒക്ടോബർ 1-ാംനു മുതൽ കേരളത്തിലെ എല്ലാ പ്രൈവററു് പ്രൈമറിസ്കൂളിലേയും അദ്ധ്യാപകരുടെ ശമ്പളം ഗവമ്മെണ്ടിൽനിന്നും ഹെഡ്മാസ്റ്റരന്മാർ വഴി കൊടുക്കുന്നതാണെന്നാണ്. ചില ഡിപ്പാർട്ടുമെൻറു് ഉദ്യോഗസ്ഥന്മാർ ഹെഡ്മാസ്റ്റരന്മാരെ വിളിപ്പിച്ചു് അതിനു നിർദ്ദേശങ്ങളും കൊടുത്തുതുടങ്ങി.

വിദ്യാഭ്യാസബില്ലിനു ഇന്ത്യൻപ്രസിഡണ്ടിൻെറ അംഗീകാരം ഇതുവരെ കിട്ടിയിട്ടില്ല. അതിനുമുമ്പു് ബില്ലിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതു ന്യായരഹിതമാണ്. മേല്പറഞ്ഞ 9-ാം വകുപ്പു തന്നെ മാനേജരന്മാരുടെ അധികാരാവകാശങ്ങളിന്മേലുള്ള കൈകടത്തലാകയാൽ നടപ്പിൽ വരുത്തരുതെന്നു മാനേജരന്മാർ വാദിച്ചുകൊണ്ടിരിക്കയാണ്. ഇതവ [illegible]ക സംഗതികളെപ്പററി ആലോചിക്കുന്നതിനു മാനേജരന്മാരുടെ പ്രവർത്തകസമിതിയുടെ ഒരു യോഗം ഈ മാസം 26-ാംനു രാവിലെ 10 മണിക്കു കോട്ടയത്തുവച്ചു കൂടുന്നതാണ്.

ഈ പ്രസ്താവനകളിൽനിന്നു മുണ്ടശ്ശേരിബിൽ എങ്ങിനെയെങ്കിലും നടപ്പാക്കണമെന്നുള്ള കമ്മ്യൂ. ഗവമ്മെണ്ടിൻെറ ദുരുദ്ദേശത്തിൻെറ പ്രകടനമാണ് ഈ ഉത്തരവിൽ കാണുന്നതെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ. കേന്ദ്രത്തിൽ ബില്ലു സംബന്ധിച്ചുളവായിക്കൊണ്ടിരിക്കുന്ന പ്രത്യാഘാതങ്ങളുടെ ഫലമായി അതു തള്ളപ്പെട്ടുപോയേക്കുമോ എന്നുള്ള ഭയംകൊണ്ടായിരിക്കുമോ നിയമവിരുദ്ധവും അവിഹിതവുമായ ഈ നടപടികൾക്കു ഗവമ്മെണ്ടു പ്രേരിപ്പിക്കപ്പെട്ടതെന്നു സംശയിക്കണം. കേന്ദ്രവിദ്യാഭ്യാസവകുപ്പിൻെറ അഭിപ്രായത്തെപ്പററിയുള്ള റിപ്പോർട്ടു് അന്യത്ര ചേർത്തിരിക്കുന്നു.

ലിജിയൻ പംക്തി

## കേരളാ സെനാത്തുസിൻെറ 8-ാമതു സമ്മേളനം



പാലാ കമ്മിസിയത്തിൻെറ 87-ാമതും കേരളാസെനാത്തുസിൻെറ 8-ാമതും സമ്മേളനം പാലാ സെൻറു് തോമസ് ട്രെയിനിംഗ് സ്കൂളിൽ വച്ചു് 1957 സെപ്തംബർ 29-ാം തീയതി ഞായറാഴ്ച രണ്ടുമണിക്കു ചേന്നു.

### കൺസീലിയം പ്രസിഡൻറു് ബ്രു: ജോൺ ഗാവിൻെറ കത്തു്

കേരളത്തിലെ ലിജിയൻസമിതികൾ ലിജിയൻപ്രചരണത്തിൽ താല്പര്യം കാണിച്ചുവരുന്നതിൽ സന്തോഷം രേഖപ്പെടുത്തുകയും, ബ്രു: എ. ജെ. ഡേവിസ്, ബ്രു: പി. വി. വേസ്യാ പൊൻകുന്നേൽ എന്നിവരുടെ പ്രചരണപരിശ്രമങ്ങളെ അഭിനന്ദിക്കുകയും ചെയ്തിരിക്കുന്നു, തിരുവനന്തപുരം നോത്തു കമ്മീസിയം, കടനാട്ടു് ക്കൂരിയാ, പാലാ ജൂണിയർ ക്കൂരിയാ ഈ സമിതികൾ ജൂൺ മാസത്തിൽ നടത്തിയതായി രേഖപ്പെടുത്തിയിരുന്ന പ്രചരണപരിശ്രമങ്ങളെ അനുസ്മരിക്കയും ചെയ്തു.

അർദ്ധവാർഷികറിപ്പോർട്ടു്

പ്രസീദിയങ്ങൾ കൂടുതലുള്ള സമിതികൾ പ്രസീദിയങ്ങളിൽനിന്നും വാർഷികറിപ്പോർട്ടു സ്വീകരിച്ചാൽ മതിയാകും. അകത്തോലിക്കരേയും ഹിന്ദുക്കളേയും സന്ദർശിക്കുക എന്ന ജോലി പ്രസീദിയങ്ങളുടേയും സമിതികളുടേയും ഒരു മുഖ്യജോലിയായി കാണുന്നു. ഇതു ആദരണീയമാണ്. ഡബ്ളിനിൽ സെപ്തംബർ രണ്ടാംതീയതി അകത്തോലിക്കർക്കായി ഒരു ദിവസത്തേക്കുള്ള ധ്യാനം ലിജിയൻെറ ആഭിമുഖ്യത്തിൽ നടത്തി. ഒരു ബ: വൈദികൻ ധ്യാനപ്രസംഗം ചെയ്തു. ലിജിയനംഗങ്ങൾ അവരുടെ അകത്തോലിക്കാസ്നേഹിതന്മാരെ സമീപിച്ചു് ധ്യാനത്തിൽ സംബന്ധിക്കാൻ ക്ഷണിക്കുന്നു. വിവിധ കേന്ദ്രങ്ങളിലായി എല്ലാം കാലഘട്ടങ്ങളിലും നടത്തപ്പെടുന്ന ധ്യാനത്തിൽവച്ചു് അംഗങ്ങളുമായി സമ്പക്കത്തിലേപ്പെടുന്നു. വെള്ളിയാഴ്ചതോറും അകത്തോലിക്കർക്കായി രണ്ടുമണിക്കൂർ ദീർഘിക്കുന്ന പ്രസംഗങ്ങൾ നടത്തുകയും ചെയ്യുന്നു. ഇങ്ങനെയുള്ള ധ്യാനങ്ങളും പ്രസംഗങ്ങളും കേരളത്തിൽ നടത്തുന്നുണ്ടോ എന്നും, ശരാശരി എത്രമാത്രം അംഗങ്ങൾ അതിൽ സംബന്ധിക്കുന്നുണ്ടു് എന്നും അറിയുവാൻ ആഗ്രഹിക്കുന്നു.

ഹാജർ

കമ്മീസിയം ക്കൂരിയാ മീററിംഗുകളിൽ ഹാജർ കുറവാണ്. 50, 55, 44 എന്നിങ്ങനെയുള്ള ഹാജർ ശതമാനം വന്നതിനു് ചില സമാധാനങ്ങൾ ഉണ്ടായിരിക്കാം, പ്രധാനമായി ഈ വിഷയത്തിൽ സെനാത്തുസ് ശ്രദ്ധപതിക്കുമെന്നു വിശ്വസിക്കുന്നു.

പ്രിട്ടോറിയൻ അംഗത്വം

പ്രിട്ടോറിയൻ അംഗത്വത്തെക്കുറിച്ചു ശരിയായ അറിവു ഉണ്ടായിട്ടില്ലെന്നും, അതു അംഗങ്ങൾക്കു വേണ്ടതുപോലെ വിശദീകരിച്ചുകൊടുത്തിട്ടില്ലെന്നും കാണുന്നു. പ്രസീദിയങ്ങൾ സന്ദർശിക്കുമ്പോൾ പ്രിട്ടോറിയൻ അംഗത്വത്തെക്കുറിച്ചു് അനുസ്മരിപ്പിക്കുവാൻ സമിതികളോടു സെനാത്തുസിനു ആവശ്യപ്പെടാവുന്നതാണ്. പ്രിട്ടോറിയൻ അംഗത്വം എന്നതിൽ എന്തെല്ലാം ഉൾപ്പെടുന്നു എന്നു് വിശദീകരിക്കയല്ലാതെ അംഗങ്ങളെ ലഘുവായിട്ടുപോലും നിർബന്ധിക്കാവുന്നതല്ല. ചില അവസരങ്ങളിൽ ഈ വിഷയത്തെ ആസ്പദമാക്കി ഉപദേശം പറഞ്ഞും അംഗങ്ങളുടെ ശ്രദ്ധ ഇതിലേക്കു ക്ഷണിക്കാവുന്നതാണ്.

സഹായകാംഗത്വം

തിരുവനന്തപുരം നോത്തു കമ്മീസിയം റിപ്പോർട്ടിൽ പ്രവർത്തകാംഗങ്ങൾ 2029-ം സഹായകാംഗങ്ങൾ 1431-ം അഡ്ജത്തോറിയൻസ് 136-ം പ്രിട്ടോറിയൻസ് 1-ം ഉള്ളതായി രേഖപ്പെടുത്തിയിരുന്നു. പ്രസീദിയങ്ങളുടെ ആകെ എണ്ണം 159 അപ്പോൾ ആ പ്രസീദിയത്തിൽ പ്രവർത്തകാംഗങ്ങളുടെ ശരാശരി എണ്ണം 13-ം സഹായകാംഗങ്ങളുടെ എണ്ണം 9-ം ആകുന്നു. സാധാരണയായി സഹായകാംഗങ്ങളുടെ എണ്ണം പ്രവർത്തകാംഗങ്ങളേക്കാൾ വളരെ കൂടുതലായി പ്രസീദിയംരജിസ്റ്ററിൽ ഉണ്ടായിരിക്കുന്നതാണ്.

പട്രീഷ്യൻസ്

കേരളത്തിൽ പട്രീഷ്യൻപ്രസ്ഥാനം ആരംഭിക്കുന്നതിനെക്കുറിച്ചു് സെനാത്തുസ് ഗൗരവമായി പര്യാലോചിക്കുകയും, പട്രീഷ്യൻശാഖകൾ രൂപീകരിക്കുന്നതിൽ പ്രസീദിയങ്ങളെ സഹായിക്കുവാൻ കമ്മീസിയം, ക്കൂരിയാ എന്നീ സമിതികളുമായി ഏർപ്പാടുകൾ ചെയ്യുകയുംചെയ്യുന്നപക്ഷം അതു് ഏററം കാലോചിതമായ ഒരു നടപടിയായിരിക്കും. തന്മൂലം അത്യുത്സാഹമായ ഫലസിദ്ധി ഉളവാകുന്നതാണ്. കേരളത്തിൽ പട്രീഷ്യൻപ്രസ്ഥാനം ആരംഭിക്കുവാൻ സെനാത്തുസ് ഏതുവിധം പ്രവർത്തിക്കുമെന്നു അറിയിക്കണം.

N. B. കേരളത്തിനും കേരള ലിജിയനുംവേണ്ടി പ്രാർത്ഥിക്കണം എന്നുള്ള സെനാത്തുസിൻെറ അഭ്യർത്ഥന കൺസിലിയം അനുകമ്പാപൂർവ്വം ശ്രവിക്കുകയും, അതു് ആഗസ്റ്റ് 18-ാം തീയതി നടന്ന കൺസിലിയം മീററിംഗിൽവച്ചു ലിജിയനംഗങ്ങളെ അനുസ്മരിപ്പിക്കുകയുംചെയ്തു.

### ബോംബെ സെനാത്തുസ് പ്രസിഡൻറു് ബ്രു: ജെ. ബി. ഗോമസിൻെറ കത്തു്

ലിജിയൻെറ എൻവോയി ബ്രു: സെസ്സിൽ ഡിസൂസ് അൽമായ പ്രേഷിതരുടെ കോൺഗ്രസിൽ [illegible] പ്രതിനിധീകരിച്ചു് സംബന്ധിക്കുന്നതിനു റോമിലേക്കു പോകുന്നതാണ്. ഇതിലേക്കു ഒരു ഫണ്ടു ശേഖരിക്കുന്നതിനു് എല്ലാ സമിതികളിലേക്കും എഴുതിയിട്ടുണ്ടു്. കേരളസെനാത്തുസിൻെറ സഹകരണം പ്രതീക്ഷിക്കുന്നു.

പടീഷ്യൻസ്

ഡബ്ളിനിൽ വച്ചു ജൂലൈ 12-ാം തീയതി നടത്തിയ പട്രീഷ്യൻ കോൺഫറൻസിൽനിന്നു് സമപ്പിച്ച ശുപാർശകളെ കൺസിലിയം അംഗീകരിച്ചിരിക്കുന്നു. 1. പട്രീഷ്യൻ മീററിംഗിൽ അൽമായ പ്രസംഗകർക്കു് ഉപന്യാസ പാരായണമോ പ്രസംഗമോ ചെയ്യാവുന്നതാണ്. 2. പ്രവത്തകാംഗങ്ങളിൽനിന്നും പട്രീഷ്യൻ അംഗങ്ങളിൽനിന്നും പ്രസംഗകരെ യഥേഷ്ടം തിരഞ്ഞെടുക്കാവുന്നതാണ്. 3 ദീർഘങ്ങളോ വിവിധ ആശയങ്ങൾ കലന്നതോ ആയ പ്രസംഗങ്ങളെക്കാൾ ലളിതമായ ഉപന്യാസങ്ങളും പ്രസംഗങ്ങളും കൂടുതൽ പ്രയോജനകരമാണെന്നു് ബോദ്ധ്യപ്പെട്ടിട്ടുണ്ടു്. 4. പ്രസംഗങ്ങൾ അധികം ദീർഘിക്കരുതു്; 5 മുതൽ 7 വരെ മിനിററു സമയത്തേക്കുള്ള പ്രസംഗങ്ങൾ മതി. 5. മീററിംഗിൻെറ അവസാനത്തിൽ അടുത്തമീററിംഗിലേക്കുള്ള വിഷയം പ്രഖ്യാപിക്കണം. 6. വിഷയങ്ങൾ ജീവിതത്തിൽ പ്രായോഗികമാക്കാവുന്ന സമാരങ്ങളെ പരാമർശിക്കുന്നതായിരിക്കണം. വെറും സാംസ്കാരികവും ആദ്ധ്യാത്മികവും സാമ്പത്തികവും സാഹിത്യപരവുമായ വിഷയങ്ങൾ കഴിയുന്നതും സ്വീകരിക്കരുതു്. 7. ലിജിയൻ പ്രവത്തകാംഗങ്ങൾ ചർച്ചകൾ ശരിയായ രീതിയിൽ മുമ്പോട്ടു കൊണ്ടുപോകുന്നതിലേക്കു ആവശ്യമായ സഹായം അദ്ധ്യക്ഷൻ നൽകണം. 8 ഇടയ്ക്കു വിശ്രമസമയം അനുവദിച്ചിരിക്കണം. 9. സമ്മർകാലത്തു സാധാരണ ശാഖകൾ നിറുത്തിക്കളയരുതു്. 10. പട്രീഷ്യൻ ശാഖകളെക്കുറിച്ചു് ക്കൂരിയായ്ക്കു് ഒരു മേലന്വേഷണം ഉണ്ടായിരിക്കണം. 11. കത്തോലിക്കരല്ലാത്ത എല്ലാ സമുദായങ്ങളെയും ഇതിലേക്കു അംഗങ്ങളായി സ്വീകരിക്കാവുന്നതാണ്. 12 പട്രീഷ്യൻ മീററിംഗിലെ പ്രധാന ഭാഗം അൽമായരുടെ ചർച്ചയത്രെ. മററു പരിപാടികൾ ഇതിനു സഹായകമായ നിലയിൽ നിയന്ത്രിച്ചിരിക്കണം.

—o—

## എഴുത്തുകൾ തിരിയുന്നതിനു ‘റോബോട്ടു’ മിഷ്യൻ

പോസ്റ്റാഫീസുകളിൽ എഴുത്തുകൾ തിരിഞ്ഞു മുദ്രകുത്തുന്നതെക്കവെന്നും സ്റ്റാമ്പുകളൊട്ടിച്ചിട്ടുള്ള ഭാഗങ്ങൾ ക്രമപ്പെടുത്തി വയ്ക്കുന്നതിനുള്ള ഒരു പുതിയ മിഷ്യൻ കണ്ടുപിടിച്ചിരിക്കുന്നു. ബ്രിട്ടീഷ് തപാൽവകുപ്പിലെ പര്യവേക്ഷണവിഭാഗമാണ് ഈ വിചിത്രമായ യന്ത്രം കണ്ടുപിടിച്ചിട്ടുള്ളതു്. ഒരു എഴുത്തു് പെട്ടിയിലേക്കിടുമ്പോൾ നിരവധി പരിശോധനോപകരണങ്ങൾ അതിനെ സ്പർശിക്കുകയും സ്റ്റാമ്പൊട്ടിച്ചിട്ടുള്ള സ്ഥലം കണ്ടുപിടിച്ചു് അതനുസരിച്ചു ഓരോ പ്രത്യേക കൂട്ടങ്ങളായി അവയെയെല്ലാം അടുക്കിവയ്ക്കുകയും ചെയ്യുന്നു. സാധാരണ എഴുത്തുകളും പത്രങ്ങൾക്കുപയോഗിക്കുന്ന “പൊയ്ഡ്” മുദ്രകളും മററും തിരിച്ചെടുക്കുന്നതിനും അതിനു സാധിക്കുന്നതാണ്. ഈ യന്ത്രം ആദ്യമായി സതേൺ പോസ്റ്റാഫീസിലാണ് ഉപയോഗിക്കുവാൻ പോകുന്നതു്.

ആദ്ധ്യാത്മികവീഥി

# സ്വർഗ്ഗഭാഗ്യം

ദൈവത്തിന്റെ വത്സലമക്കളേ,

സ്വർഗ്ഗസൗഭാഗ്യമെന്നു് ഒന്നുണ്ടോ എന്നുള്ള കാര്യം നാം നല്ലതുപോലെ അന്വേഷിച്ചു മനസ്സിലാക്കേണ്ടതാണു്. കാരണം, അതെല്ലാം വെറും അന്ധവിശ്വാസമാണെന്നും മനുഷ്യരെ വഞ്ചിക്കുന്നതിനായി തല്പരകക്ഷികൾ പറഞ്ഞുണ്ടാക്കുന്ന വെറും കെട്ടുകഥയാണതെന്നും പഠിപ്പിക്കുന്ന ഒരു കൂട്ടർ നമ്മുടെ ഇടയിൽ ഇന്നു ശക്തിപ്രാപിച്ചുവരുന്നുണ്ടു്.

മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നും ദൈവമോ, അമർത്ത്യമായ ഒരാത്മാവോ, മരണാനന്തരജീവിതമോ ഒന്നുമില്ലെന്നും, മരണത്തോടുകൂടി എല്ലാം അവസാനിക്കാൻ പോകുകയാകയാൽ ഐഹികജീവിതത്തിൽ അനുഭവിക്കാവുന്ന സകലവിധ സന്തോഷങ്ങളും ലഭിക്കാവുന്നിടത്തോളം അനുഭവിക്കയാണു വേണ്ടതെന്നും ആണു് അവർ വാദിക്കുന്നതു്. താദൃശമായ സുഖാനുഭൂതിക്കു ദൈവപ്രമാണങ്ങൾ വിലങ്ങുതടിയായി നില്ക്കുന്നതിനാൽ അവയെയെല്ലാം അവർ തിരസ്കരിക്കയും അവഹേളിക്കയുംചെയ്യുന്നു. മാത്രമല്ല ധനം കൂടാതെ ലൗകികസുഖഭോഗങ്ങൾ ലഭ്യമല്ലാത്തതിനാൽ ഉള്ളവന്റെയെല്ലാം അവനിൽനിന്നു തട്ടിയെടുക്കുന്നതിനും അവർ ആഹ്വാനം ചെയ്യുന്നു.

നമ്മുടെ പരിപാവനമായ വിശ്വാസം എത്ര യുക്തിയുക്തവും അചഞ്ചലവുമാണെന്നുള്ളതിനെക്കുറിച്ചു വേണ്ടവണ്ണം ചിന്തിക്കാതെ താല്ക്കാലികസുഖസൗകര്യാദികളിലേക്കു ദൃഷ്ടിപതിച്ചുകൊണ്ടു മേല്പറഞ്ഞവരോടുകൂടി ചേർന്നു സ്വതന്ത്രമായി ജീവിക്കുന്നതിനു് അഭിലഷിക്കുന്നവരുടെ എണ്ണം ഇപ്പോൾ വർദ്ധിച്ചുവരികയാണു് ചെയ്യുന്നതു്. ഏറാവും നിർഭാഗ്യകരമായ ഒരവസ്ഥയാണിതു്.

ആനന്ദത്തിനുവേണ്ടി എല്ലാ മനുഷ്യരും ദാഹിക്കുന്നു. ആ ദാഹം ശമിപ്പിക്കേണ്ടതുതന്നെയാണെന്നുള്ളതിനു രണ്ടു പക്ഷമില്ല. ലോകത്തിൽ ലഭ്യമാകുന്ന സകല സൗഭാഗ്യങ്ങളും കിട്ടിയാൽതന്നെയും ആ ദാഹം ശമിക്കുകയില്ലെന്നു് അനുഭവം വിളിച്ചറിയിക്കുന്നുണ്ടു്. ഇനി ശമിപ്പിക്കുന്നു എന്നു സമ്മതിച്ചാൽതന്നെയും അതു വെറും താല്ക്കാലികംമാത്രമാണു്. മരണത്തോടെ അതവസാനിക്കാതെ നിവൃത്തിയില്ല

നാം ചെറുപ്പത്തിലെ പഠിച്ചിട്ടുള്ളതുപോലെ മരണശേഷം എന്നെന്നേക്കും അനുഭവിക്കത്തക്കവണ്ണമുള്ള ഒരനന്തഭാഗ്യമുണ്ടെങ്കിൽ നിശ്ചയമായും അതു സമ്പാദിക്കുന്നതിനായിരിക്കും ബുദ്ധിയുള്ള ഏവരും ശ്രമിക്കുന്നതു്. എന്നാൽ അനന്തഭാഗ്യവും കമ്മ്യൂണിസ്റ്റ്കാർ വാഗ്ദാനംചെയ്യുന്ന തരത്തിലുള്ള താല്ക്കാലികഭാഗ്യവുംകൂടി അനുഭവിക്കുക അസാദ്ധ്യമാണു്. അതിനായത്രേ സ്വർഗ്ഗം ഉണ്ടോ ഇല്ലയോ എന്നുള്ള സംഗതി ബുദ്ധിപൂർവ്വമായി അന്വേഷിച്ചു തിട്ടപ്പെടുത്തിയതിനുശേഷമേ ഏതുചേരിയിൽ നില്ക്കണമെന്നുള്ളതിനെക്കുറിച്ചു് ഒരു തീരുമാനമെടുക്കാവൂ എന്നഭ്യർത്ഥിക്കുന്നതു്.

സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവന്നു ലൂർദ്ദിലും ഫാത്തിമായിലും പ്രത്യക്ഷപ്പെട്ട ദൈവജനനി സ്വർഗ്ഗത്തിന്റെ അസ്തിത്വത്തിനു ഒരുത്തമസാക്ഷിയാണെന്നു മുൻലക്കത്തിൽ സൂചിപ്പിച്ചുവല്ലോ. അതു സംബന്ധിച്ചു കൂടുതൽ വിവരങ്ങൾ അടുത്തതിൽ.

എന്നു്

പ്രാർത്ഥനയുടെ ഐക്യത്തിൽ

സ്വന്തം ആത്മപിതാവു്

---

(12-ാംപേജ് തുടർച്ച)

ന്നിട്ടു ആ സ്ത്രീ അവനോടു ചോദിച്ചു: "മോന്റെ പേരെന്താ?"

"ജോസ്."

"ജോസിനു അപ്പച്ചൻ ഇല്ലേ?"

"ഇല്ല. അപ്പച്ചനും അമ്മച്ചിയും മരിച്ചുപോയി." അവന്റെ കണ്ണിൽ വെള്ളംനിറഞ്ഞു.

"കരയാതെ മോനെ, എന്നാൽ ഇനി നിന്റെ അമ്മച്ചിയും അപ്പച്ചനും ഞങ്ങളാണു്. ഇനി നീ എങ്ങോട്ടും പോകണ്ടാ."

ആഴ്ചകളും മാസങ്ങളും വർഷങ്ങളും ആർക്കുവേണ്ടിയും കാത്തുനിൽക്കാതെ അതിന്റെ പൊൻചിറകുവിരിച്ചു പറന്നുകൊണ്ടിരുന്നു.

ഇന്നു ജോസ് ഒരു ബി. എ. ക്കാരനാണു്. ആ വീട്ടിലെ സകല സ്വത്തിന്റേയും അവകാശി അവനാണു്.

ജോസ് അവന്റെ മുറിയിലിരുന്നുകൊണ്ടു് അങ്ങു വിദൂരതയിലേക്കുനോക്കി ഓരോ ചിന്തകളിൽ ലയിക്കുന്നതു ആർക്കും കാണാം. അവന്റെ ജീവിതസംഭവങ്ങൾ അയവിറക്കുകയാവാം!

## ഇടവകവാർത്തകൾ

മഹി: ഈ ഇടവകയിലെ പ്രഖ്യാതമായ തിരുനാൾ—ആവിലായിലെ വിശുദ്ധ ത്രേസ്യായുടെ—ഒക്ടോബർ 15-ാംതിയതി ആഡംബരപൂർവ്വം ആചരിക്കപ്പെട്ടു പതിവുപോലെ തീർത്ഥകരുടെ ഒരു വലിയ ഗണം നാനാഭാഗങ്ങളിൽനിന്നും വന്നുചേർന്നിരുന്നു. തലശ്ശേരിമെത്രാൻ റൈററു് റവ. ഡോക്ടർ സെബാസ്റ്റിൻ വള്ളോപ്പിള്ളി തിരുമനസ്സുകൊണ്ടു് ദിവ്യബലിയർപ്പിക്കുകയും ഇംഗ്ലീഷിൽ ഒരു പ്രസംഗം നടത്തുകയും ചെയ്തു. കൊങ്കണി, മലയാളം മുതലായ ഭാഷകളിലും പ്രസംഗങ്ങളുണ്ടായിരുന്നു. ജാതിമതഭേദമെന്യേ ഹിന്ദുക്കളും മഹമ്മദിയരും ഈ തിരുനാളിനു വന്നുചേരുന്ന തീർത്ഥകരിൽ ഉൾപ്പെടുന്നു. 14-ാം തിയതി വൈകിട്ടു് വിശുദ്ധയുടെ തിരുസ്വരൂപവും വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം ഏത്രയും ചേതോഹരവും ഭക്തിസംവർദ്ധകവുമായിരുന്നു.

കരാഞ്ചിറ: മിഷ്യൻഞായർ പ്രമാണിച്ചു സ്ഥലം പള്ളിയങ്കണത്തിൽവെച്ചു പൊതുജനങ്ങളുടെ സംഭാവനസാധനങ്ങളുടെ ഒരു പ്രദർശനവും, സ്ഥലം സെന്റു വിൻസെന്റു ഡി പോൾ സംഘത്തിന്റെ വകയായുള്ള "മിഷ്യൻ ടീ"യും റവ. ഫാദർ അഗസ്റ്റിൻ തട്ടിൽ ബി എ. ഉൽഘാടനംചെയ്യുകയുണ്ടായി. രണ്ടു ഇനത്തിലുംകൂടി ഒരു നല്ല സംഖ്യ വേദപ്രചാരത്തിലേക്കു് പിരിഞ്ഞുകിട്ടുകയുണ്ടായി.

---

നിങ്ങൾ പ്രതീക്ഷിക്കുന്ന

വേദപുസ്തകത്തിന്റെ

വിലകുറഞ്ഞ പതിപ്പു്

അച്ചടിത്തുടങ്ങി

വിശുദ്ധ ഗ്രന്ഥം മൂലത്തോടൊത്ത പരിശുദ്ധിയിൽ ലളിതവും സുന്ദരവുമായ ഭാഷയിൽ ഇതാ ആദ്യമായി മലയാളത്തിലേക്കു പരിഭാഷപ്പെടുത്തിയിരിക്കുന്നു.

പ്രതിമാസഗ്രന്ഥക്ലബ്ബ്

എറണാകുളം

---

കല്ലൂർക്കാടു്: സ്ഥലം ഇടവകയിലെ മരിയസഖ്യത്തിന്റേയും സണ്ടേസ്കൂളിന്റേയും ആഭിമുഖ്യത്തിൽ മിഷൻലേലം നടക്കുകയും ഒരു നല്ല തുക പിരിഞ്ഞുകിട്ടുകയും ചെയ്തു.

സ്ഥലം ജൂബിലിമെമ്മോറിയൽ ഹോസ്പിററലിൽ ഡോക്ടർ ജെ സാമുവേൽ അവർകളുടെ പരിശ്രമഫലമായി എക്സ്റേ തുടങ്ങിയ ആധുനികോപകരണങ്ങളോടുകൂടി സകലവിധ ഓപ്പറേഷനും വിജയകരമായി നടത്തിവരുന്നു.

നിർമ്മലപുരം: അഖിലകേരള മിഷൻലീഗു് നിർമ്മലപുരം ശാഖയുടെ (സീനിയർ വിഭാഗം) അംഗത്വസ്ഥിരീകരണം ഒക്ടോ. 19-ാംനു നടന്നിരിക്കുന്നു. സ്ഥിരീകരണത്തിനൊരുക്കമായി ബ്ര: പി സി എബ്രാഹം, ശ്രീ ജെയിംസ് കെ സി മണിമല, ശ്രീ കെ ജെ ഫ്റാൻസീസ്, റവ. ഫാദർ ജേക്കബ്ബ് പൊട്ടനാനി എന്നിവർ ഓരോ സ്റ്റഡിക്ലാസുകൾ നടത്തുകയുണ്ടായി.

പാറപ്പള്ളി: സ്ഥലനിവാസികളായ നാനാജാതിമതസ്ഥരുടെ ഒരു പൊതുയോഗം സ്ഥലം സണ്ടേസ്കൂൾ ഹാളിൽ ശ്രീ എം ജോസഫ് വെള്ളാപ്പാട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽകൂടി മദ്രാസ് ഗവണ്ണരായിരുന്ന ശ്രീ ഏ ജെ ജോൺ അവർകളുടെ ചരമത്തിൽ അനുശോചനം രേഖപ്പെടുത്തുകയുണ്ടായി. പരേതന്റെ അപദാനങ്ങളെ പ്രകീർത്തിച്ചുകൊണ്ടു് അദ്ധ്യക്ഷൻ പ്രസംഗിക്കുകയും അദ്ദേഹത്തിന്റെ നിത്യശാന്തിക്കായി പ്രാർത്ഥിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തു.

ചെങ്കൽ: ഈ ഇടവകയിൽ സജീവമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ചെറുപുഷ്പ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ "മിഷൻ ഞായർ" വിവിധപരിപാടികളോടുകൂടി ആഘോഷിച്ചിരിക്കുന്നു. രാവിലെ അംഗങ്ങളുടെ പൊതുദിവ്യകാരുണ്യസ്വീകരണവും അംഗത്വസ്ഥിരീകരണവും പുതിയ അംഗങ്ങളുടെ ബാഡ്ജ് സ്വീകരണവും നടത്തപ്പെട്ടു. ഉച്ചകഴിഞ്ഞു് റവ. ഫാ. തോമസ് വെള്ളത്തേടത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനത്തിൽ ശ്രീമാന്മാരായ സി ജെ ആൻറണി ബി എ ബി എൽ, പി ടി മാത്യു ബി എ, പി ജെ ജോസഫ് പുരയിടം എന്നിവർ പ്രസംഗിച്ച യോഗത്തിൽ കുട്ടികളുടെ വിവിധകലാപരിപാടികൾ ഉണ്ടായിരുന്നു.

കഴിഞ്ഞ മുപ്പതു വർഷക്കാലം ഈ രാജ്യത്തിലെ രാഷ്ട്രീയമണ്ഡലത്തിൽ സുപ്രധാനമായ ഒരു പങ്കു വഹിച്ചു് ആദർശസമ്പന്നനും, അനുകരണയോഗ്യനുമായ ഒരു നേതാവായി പരിശോഭിച്ചിരുന്ന ശ്രീ ഏ ജെ ജോണിന്റെ നിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്തുന്ന പ്രമേയം യോഗം ഐകകണ്ഠ്യേന പാസ്സാക്കുകയുണ്ടായി. യോഗാനന്തരം ചെങ്കൽ ചെറുപുഷ്പനടനകലാസമിതിയുടെ "അണയാത്ത ജീവിതം" എന്ന ഗദ്യനാടകവും അഭിനയിക്കുകയുണ്ടായി.

—o—

—ഫ്റാൻസിൽ ഒരു പുതിയ മന്ത്രിസഭ രൂപീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഗൈമോളെ താനുദ്ദേശിക്കുന്ന മന്ത്രിസഭാംഗങ്ങളുടെ പേരുകൾ പ്രസിഡണ്ടിനു സമർപ്പിച്ചിരിക്കുന്നു.

—മാർഷൽ ജോർജി സുക്കോവിനുപകരം മാർഷൽ റോഡിയോൺ യകോവ്ലെവിച്ചു് മലിനോവ്സ്കിയെ സോവ്യററുരാജ്യരക്ഷാമന്ത്രിയായി നിയമിച്ചിരിക്കുന്നു.

—ഡിസമ്പറിൽ പാരിസിൽ സമ്മേളിക്കുന്ന ഉത്തരഅററ്ലാൻറിക്ക് സഖ്യത്തിലെ 15 രാഷ്ട്രങ്ങളുടെ ഉന്നതതലയോഗത്തിൽ അമേരിക്കൻ പ്രസിഡണ്ടു് ഐസനോവറും സംബന്ധിക്കുന്നതാണെന്നു പ്രഖ്യാപിച്ചിരിക്കുന്നു.

# കേരള സ്കൂൾ മാനേജേഴ്സ് അസോസ്യേഷന്റെ തീരുമാനങ്ങൾ

കേരള സ്കൂൾമാനേജേഴ്സ് അസോസ്യേഷൻ പ്രവർത്തകസമിതിയുടെ ഒരു യോഗം ഒക്ടോ. 26-ാംനു കോട്ടയത്തു ചേർന്നു് 1957 ഒക്ടോബർ 12-ാം തിയതിയിലെ വിദ്യാഭ്യാസസംബന്ധമായ ഗവമ്മെണ്ടിന്റെ പ്രൊസീഡിങ്ങ്സ് ചർച്ചചെയ്തശേഷം താഴെക്കാണുന്ന നിശ്ചയങ്ങൾ പാസ്സാക്കിയിരിക്കുന്നു.

1) ഇന്ത്യൻ പ്രസിഡണ്ടിന്റെ പരിഗണനക്കായി അയച്ചിരിക്കുന്ന കേരള വിദ്യാഭ്യാസബില്ലിലെ ചില വ്യവസ്ഥകൾ പ്രസിഡണ്ടിന്റെ തീരുമാനത്തിനു മുൻപായി നടപ്പിൽ വരുത്താനുള്ള ഗവമ്മെണ്ടിന്റെ ശ്രമത്തെ ഈ കമ്മിററി ശക്തിയായി പ്രതിഷേധിക്കുന്നു.

2) കേരളത്തിലെ എല്ലാ പ്രൈമറി സ്കൂളുകളിലെയും മലബാർ വിഭാഗത്തെ അപ്പർ പ്രൈമറിയും സെക്കണ്ടറിയും ട്രെയിനിങ്ങും സ്കൂളുകളിലെയും അദ്ധ്യാപകന്മാരുടെ ശമ്പളം ഹെഡ്മാസ്റ്റർമാർ വാങ്ങി വിതരണം ചെയ്യണമെന്നുള്ള കേരള ഗവർമ്മെണ്ടിന്റെ ഉത്തരവു് മാനേജർമാരുടെ തൽസംബന്ധമായ അവകാശത്തെ നിഷേധിക്കുന്നു.

3) ഗവമ്മെണ്ടിന്റെ ഈ നടപടി വിദ്യാലയങ്ങളിൽ അനാവശ്യകുഴപ്പങ്ങൾക്കു കാരണഭൂതവും മാനേജരും അദ്ധ്യാപകരും തമ്മിൽ നിലവിലുള്ള സൗഹൃദബന്ധത്തിനു ഹാനികരവും, മേലാൽ അദ്ധ്യാപകർക്കു് മാനേജരോടു് ഉത്തരവാദിത്വമില്ലാത്ത ഒരു പരിതഃസ്ഥിതി സൃഷ്ടിക്കുന്നതിനു ഇടയാക്കുന്നതുമാണു്.

4) മലബാറിലേയും കൊച്ചിയിലേയും വിദ്യാലയങ്ങളിൽ പോലീസുകാർ പോയി വിദ്യാഭ്യാസബില്ലിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനു അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും സമ്മതം എഴുതി വാങ്ങുവാനും മാനേജർമാരുടെ താല്പര്യങ്ങൾക്കും അധികാരങ്ങൾക്കും അവകാശങ്ങൾക്കും എതിരായി എന്തും ചെയ്യുന്നതിനു ഹെഡ്മാസ്റ്റർമാർക്കു സഹായം നൽകുവാനും പോലീസിനോടു ഗവമ്മെണ്ടു് ആവശ്യപ്പെട്ടിരിക്കുന്നതു ഗർഹണീയമാണു്.

5) ശമ്പളബിൽ യാതൊരു ഹെഡ്മാസ്റ്റർമാരും ഒപ്പിട്ടുപോകരുതെന്നു് എല്ലാ ഹെഡ്മാസ്റ്റർമാരേയും മാനേജർമാർ അറിയിക്കുകയും മാനേജർമാർ നൽകുന്ന നിർദ്ദേശങ്ങളെ ഹെഡ്മാസ്റ്റർമാർ ലംഘിക്കാതിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കയും ചെയ്യേണ്ടതാണു്.


6) മാനേജർമാരുടെ ഇതുസംബന്ധമായ അവകാശങ്ങളെ സ്ഥാപിച്ചുകിട്ടുന്നതിനായി കോടതിയെ സമീപിക്കുന്നവരുടെ ചിലവുകൾ മുഴുവനും മാനേജർമാരുടെ സംഘടന വഹിക്കേണ്ടതാണു്.

7) മലബാർപ്രദേശത്തെ സ്കൂളുകളിലെ ഫീസുപിരിവു ഗവമ്മെണ്ടു് ഖജനാവിൽ അടയ്ക്കണമെന്നുള്ള നിർദ്ദേശം അവിടെ ഇന്നേവരെ ഇല്ലാത്തതും മാനേജർമാരുടെ അവകാശത്തെ ഹനിക്കുന്നതുമായ ഒരു നടപടിയാകുന്നു.

8) മേല്പറഞ്ഞവയെല്ലാം പരിഗണിച്ചു് ഗവമ്മെണ്ടു് വിവാദ ഉത്തരവു പിൻവലിച്ചു് രാജ്യത്തു ക്രമസമാധാനങ്ങൾ നിലനിർത്തുവാൻ സഹായിക്കണം. മാനേജർമാർ അവരുടെ അവകാശസംരക്ഷണാർത്ഥം സ്വീകരിക്കേണ്ടിവരുന്ന നടപടികൾ കാരണത്താൽ എന്തെങ്കിലും അനർത്ഥങ്ങൾക്കു ഇടയായാൽ അതിന്റെ പരിപൂർണ്ണ ഉത്തരവാദിത്വം ഗവമ്മെണ്ടിനായിരിക്കുമെന്നു മുന്നറിവു നൽകുവാനും ഞങ്ങൾ ഈ അവസരം ഉപയോഗിക്കുന്നു.

9) ഗവമ്മെൻറു് ഈ ഉത്തരവു പിൻവലിക്കാതെയും ഹെഡ്മാസ്റ്റർമാർ മാനേജർമാരോടു് ഈ കാര്യത്തിൽ സഹകരിക്കാതെയും ഇരുന്നാൽ സ്കൂളുകൾ അടച്ചിടുവാൻ മാനേജർമാർ നിർബന്ധിതരാകുന്നതാണു്.

10) മാനേജർമാരുടെ അവകാശങ്ങളേയും താല്പര്യങ്ങളേയും സംരക്ഷിക്കുന്നതിൽ രക്ഷകർത്താക്കളും വിദ്യാർത്ഥികളും മാനേജർമാരോടു സഹകരിക്കണമെന്നു അഭ്യർത്ഥിക്കുന്നു.



# ചെറുകഥ

## സ്നേഹം വിജയിക്കുന്നു

(മേരി ജെയിക്കബ്ബ്, തത്തമ്പിള്ളി.

അന്നു് ആ കോളെജിന്റെ വാർഷികത്തിൽ ഒരു ജീപ്പപകടത്തിൽപ്പെട്ടു മരിച്ച കുര്യൻ ഇൻസ്പെക്ടറുടെ മകൾ കുമാരി മോളി കുര്യന്റെ ഡാൻസു നടക്കുകയായിരുന്നു. അവളുടെ നീണ്ട കൺകോണുകളിലെ കവിതയും, ചെമന്ന ചുണ്ടിലെ വെളുത്ത പുഞ്ചിരിയുംകൂടി ഒന്നിച്ചുചേർന്നപ്പോൾ മോളി വാനത്തിൽനിന്നും ഇറങ്ങിവന്ന ഒരു കൊച്ചുമാലാഖയാണെന്നു തോന്നി. "ദു പ്യാരു് കീ സാഗരു ഹെ" ഗാനത്തിനൊത്തു് അവളുടെ വെളുത്ത മേനി ഇളകിക്കൊണ്ടിരുന്നു, കാററത്തുലയുന്ന ഒരു താമരപ്പൂവുപോലെ. സദസ്യരിൽനിന്നും നീണ്ടുനിന്ന കൈയടികൾ ഉയർന്നു. അപ്പോൾ ഒരു പ്രാസംഗികനായ ടോം ജോസഫ് അദ്ദേഹത്തിന്റെ പോക്കററിൽനിന്നും തന്റെ പാർക്കർ പെൻ ഊരി ആ കൊച്ചുകലാകാരിക്കു സമ്മാനിച്ചു. അവിടെ കാണികളുടെ കൂട്ടത്തിൽ മുൻനിരയിലിരുന്ന സഖാവു രാജൻ തന്റെ ചെറുവിരലിൽക്കിടന്ന ആ സ്വർണ്ണമോതിരം ഊരി മോളിയുടെ വിരലിൽ അണിയിച്ചതും സദസ്യരെ ആകമാനം പുളകിതരാക്കി. മുല്ലപ്പൂമാലയും, പിച്ചിപ്പൂമാലയും പലരിൽനിന്നും അവളുടെ കഴുത്തിൽ അണിയിക്കപ്പെട്ടു. അങ്ങിനെ മോളിയുടെ ജീവിതത്തിൽ ഒരു സുവർണ്ണമുദ്രപതിച്ചുകൊണ്ടു ആ വാർഷികോത്സവം സമാപിച്ചു. എന്നാൽ സഖാവു രാജന്റേയും, കോൺഗ്രസ്സ് പ്രസിഡന്റു ടോമിന്റേയും ഹൃദയത്തിൽ ഒരു പുതിയ സ്നേഹം നാമ്പെടുത്തതു് ആരുമറിഞ്ഞിരുന്നില്ല.

രാജനും ടോമും. ഉന്നതകുലങ്ങളിൽ ജനിച്ചു. ഒന്നിച്ചുകളിച്ചു. ഒന്നിച്ചുപഠിച്ചു് സിക്സ്തു പാസ്സായി. അവർ ഒരുമിച്ചു് അൾത്താരശുശ്രൂഷ നടത്തിയിരുന്ന കാലങ്ങളും ഉണ്ടായിട്ടുണ്ടു്. പക്ഷേ കാലം അവരെ രണ്ടു ചേരികളിലാണെടുപ്പിച്ചതു്. ടോം കോളേജിൽനിന്നും ബി എ ബിരുദംനേടിയപ്പോൾ രാജൻ, അവിടെനിന്നും ഐ. മു. ബിരുദവും സമ്പാദിച്ചു. ഒരഭിമാനിയായ രാജന്റെ പിതാവു് അവനെ വീട്ടിൽനിന്നും ഇറക്കിവിട്ടു. ടോം അന്നാട്ടിലെ കോൺഗ്രസ് പ്രസിഡന്റായപ്പോൾ രാജൻ ഒരു ഐ. മു. നേതാവായി, ടോം ഒരു കോൺഗ്രസ്സ് സ്ഥാനാർത്ഥിയായി നിന്നു ഇലക്ഷനു പരാജയപ്പെട്ടപ്പോൾ രാജൻ ഒരു ഐ, മു. സ്ഥാനാർത്ഥിയായി നിന്നു വിജയിച്ചു. അങ്ങിനെ ആ രണ്ടു ബാല്യകാലസുഹൃത്തുക്കൾ രണ്ടു വിരുദ്ധശക്തികളായി മുന്നേറിക്കൊണ്ടിരുന്നപ്പോഴാണു് അവരുടെ ഹൃദയത്തിലേക്കു് പ്രേമത്തിന്റെ മംഗളമാല്യവുമായി ആ കൊച്ചുസുന്ദരി കടന്നുവന്നതു്. മൺമറഞ്ഞ കുര്യൻ ഇൻസ്പെക്ടറുടെ മകൾ മോളി!

കാലചക്രം കറങ്ങിക്കൊണ്ടിരുന്നു. മോളി ഇന്റർ പാസ്സായി. തുടർന്നു പഠിപ്പിക്കുന്നതിനു് അവളുടെ വല്യേട്ടൻ ജോസിനു സമ്മതമില്ല. മാസങ്ങൾ കടന്നുപോയി.

ടോമിനു പല വിവാഹാലോചനകളും വന്നു. പക്ഷേ, അവന്റെ മനസ്സിനു് എന്തോ ഒരു അസ്വസ്ഥത. അവൻ മിഷനുപോകണമെന്നു് വളരെ ചെറുപ്പത്തിലേ തീരുമാനിച്ചതാണു്. എന്നാൽ അവനറിയാതെ അവന്റെ ഹൃദയത്തിലേക്കു് സ്നേഹത്തിന്റെ മുരളിയുമായി ആദ്യം കടന്നുവന്ന ആ ഗായികയെ ടോം വളരെയധികം ശ്രമിച്ചിട്ടും അവനു് ഹൃദയത്തിൽനിന്നും പിടിച്ചുമാററാൻ കഴിഞ്ഞില്ല. ഒടുവിൽ അവൻ പിതാവിനോടു തീർത്തുപറഞ്ഞു അവനു മോളിയെ വിവാഹം കഴിച്ചാൽ മതിയെന്നു്. എന്നാൽ അവന്റെ കൊച്ചേട്ടനും, കൊച്ചുപെങ്ങളും ആരും അതിന്റെ മുൻപിൽ പ്രതിഷേധശബ്ദമുയർത്തിയില്ല.

ടോമിന്റേയും മോളിയുടേയും കല്യാണമുറപ്പിക്കൽ നടന്നു. ഒരാശാവല്ലരി പുഷ്പിക്കുന്നു.

അന്നൊരിക്കൽ മോളിക്കൊരു കത്തുകിട്ടി.

പ്രിയ മോളി,

നീയില്ലാത്ത ഒരു ജീവിതത്തെപ്പററി ഞാനിന്നുവരെ ചിന്തിച്ചിട്ടില്ല. നീ ടോമിന്റെ ഭാര്യയായിരിക്കുന്നതു കാണുവാൻതക്ക മനക്കരുത്തെനിക്കില്ല. ഒരു കാര്യം ഞാൻ തീർച്ചപ്പെടുത്തി. നീ ടോമിനെ വിവാഹം കഴിക്കുന്ന അന്നു ഞാൻ ആത്മഹത്യചെയ്യും. അല്ലെങ്കിൽ ടോം മരിക്കണം.

എന്നു്,
നിന്നെ സ്നേഹിക്കുന്ന
രാജൻ

മോളിയുടെ കൈയിൽനിന്നും ആ കത്തു താഴെ വീണു. അവൾ സ്മരണകളുടെ മങ്ങിയ നീലാവെളിച്ചത്തിലേക്കു കടന്നുചെന്നു. ആ വാർഷികോത്സവം! ആ സ്വർണ്ണമോതിരം! എല്ലാം......എല്ലാം കൺമുൻപിലൂടെ ഘോഷയാത്ര നടത്തുകയാണു്. അവൾ അവളുടെ കൈയിൽ ഇറുകിക്കിടന്ന ആ സ്വർണ്ണമോതിരം ഊരിയെടുത്തു് ദൂരെയെറിഞ്ഞു! ഒരു കരച്ചിലോടെ അതങ്ങു ദൂരെ ഒരു മേശയുടെ അടിയിൽ ചെന്നുവീണു. അല്പസമയം കഴിഞ്ഞു് അവൾ വീണ്ടും നടന്നുചെന്നതു കൈയിലെടുത്തു. താൻ മൂലം ഒരാത്മാവു നശിക്കുക! എന്നാൽ ടോമിനെ ഉപേക്ഷിച്ചു രാജനെ വിവാഹം കഴിച്ചാലോ? ചെരയ്! ടോമിൽ കേന്ദ്രീകരിച്ച സ്നേഹം അവിടെനിന്നും പിന്മാററുകയോ? ഹൊ! സഖാവു രാജൻ! മോളി വിഷമിച്ചു. എന്താണു ചെയ്ക?

അന്നു ടോം ഒരു മീററിംഗുകഴിഞ്ഞു് അർദ്ധരാത്രിയിൽ വീട്ടിലേക്കു മടങ്ങുകയായിരുന്നു. പെട്ടെന്നു്, രാത്രിയുടെ ഭീകരതയിൽനിന്നും ഒരാൾ മുൻപോട്ടു വന്നു ടോമിനെ ബലമായി പിടിച്ചു. ടോർച്ചുലൈററിന്റെ പ്രകാശത്തിൽ അവനാളെക്കണ്ടു. രാജൻ! ടോം ഞെട്ടി! "ടോം, ശബ്ദിക്കരുതു്" രാജൻ ഗർജ്ജിച്ചു. നിസ്സഹായനായി ടോം അവന്റെ മുഖത്തേക്കു നോക്കി. "എന്തു വേണം രാജൻ?"

"ഒന്നുംവേണ്ട. ഒന്നുകിൽ ഞാൻ മരിക്കണം. അല്ലെങ്കിൽ നീ നീയും നിന്റെ മോളിയും." രാജന്റെ മുഷ്ടികൾ ടോമിന്റെ ദേഹത്തുപതിച്ചു. കൈയിലിരുന്ന ടോർച്ചുലൈററുകൊണ്ടു് ടോമും തിരിഞ്ഞടിച്ചു. അവനു ഏതാണ്ടു കാര്യം മനസ്സിലായി. രാജൻ അവന്റെ കഠാരി കൈയിലെടുത്തു. നിശയുടെ നിശ്ശബ്ദതയിൽ അവിടെയൊരു ഭയങ്കരസമരംതന്നെ നടന്നു

നേരം പ്രഭാതമാവാൻ തുടങ്ങുന്നു. അടുത്തുള്ള ദേവാലയത്തിൽനിന്നും "ണാം....ണാം..." ശബ്ദം ഉയർന്നുകേട്ടു. ക്രിസ്തുവിന്റെ സ്വരം. രാജനതു ശ്രദ്ധിച്ചില്ല. അവൻ ഓടിമറഞ്ഞു അവന്റെ നെററി പൊട്ടി രക്തം ഒഴുകുന്നുണ്ടായിരുന്നു.

നേരം പുലർന്നു. അവശനിലയിൽ ആ കൈതക്കാട്ടിനുസമീപം കുത്തേററുകിടന്ന ടോമിനെ പള്ളിയിലേക്കു പോയവർ ആദ്യം കണ്ടു. വിവരമറിഞ്ഞു് ആളുകൾ ഓടിക്കൂടി. ടോമിനെ ആസ്പത്രിയിലാക്കി. അവന്റെ ദേഹത്തു പലയിടത്തും മുറിവുകളുണ്ടായിരുന്നു. ടോം വേദനകൊണ്ടു ഞരങ്ങി.

രാജനെ പോലീസുകാർ ബന്ധനസ്ഥനാക്കി. അവൻ ജയിലിന്റെ കനത്ത ഇരുമ്പഴിക്കുള്ളിലായി. അവനുവേണ്ടി ജാമ്യംനിൽക്കാൻ ആരുമുണ്ടായിരുന്നില്ല.

ഇവയ്ക്കെല്ലാം മൂകസാക്ഷികളായി ദിവസങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നു. ടോമിനു നഷ്ടപ്പെട്ട ആരോഗ്യം തിരിച്ചുകിട്ടി. അവൻ ആസ്പത്രിയിൽനിന്നും വീട്ടിലെത്തി. പിറേറന്നു ഞായറാഴ്ചയായിരുന്നു. ടോമും പള്ളിയിൽപോയി. അന്നത്തെ വികാരിയച്ചന്റെ പ്രസംഗം ടോമിനെ ആകെ ഇളക്കിമറിച്ചു. അതിലെ ചില ഭാഗങ്ങൾ അവന്റെ ഹൃദയത്തിലേക്കു തറച്ചുകയറി. "നീ ബലിപീഠത്തിങ്കൽ നിന്റെ വഴിപാടു കൊണ്ടുവരികയും നിന്റെ സഹോദരൻ നിന്നോടെന്തെങ്കിലും വിരോധം വച്ചുകൊണ്ടിരിക്കുന്നെന്നു് അവിടെവച്ചു നീ ഓർക്കുകയും ചെയ്താൽ നിന്റെ വഴിപാടു് അവിടെ ബലിപീഠത്തിൽവച്ചുകൊണ്ടു് നീ ചെന്നു് ഒന്നാമതായി സഹോദരനോടു സമാധാനപ്പെടുക. പിന്നെ വന്നു നിന്റെ വഴിപാടു സമർപ്പിക്കുക." "ഒരാൾ നിന്റെ വലത്തെ കരണത്തടിച്ചാൽ നീ നിന്റെ ഇടത്തേകരണംകൂടി കാണിച്ചുകൊടുക്കുക." രണ്ടായിരംവർഷങ്ങൾക്കുമുമ്പു് കാൽവരിയിൽ ബലിയർപ്പണംചെയ്ത ആ സ്നേഹഗായകനിൽനിന്നും പുറപ്പെട്ടിട്ടുള്ള വാക്യങ്ങളാണിവയെല്ലാം. ഇവയെല്ലാം നമ്മോടു മൂകമായി വിളിച്ചുപറയുകയാണു് നിങ്ങൾ ശത്രുക്കളെ സ്നേഹിക്കുക എന്നു്...... നിങ്ങൾ ആ കാൽവരിയിലെ ശോകനാടകത്തിലേക്കൊന്നു കടന്നുചെല്ലു. അവിടെ ഒരു ശത്രുസ്നേഹത്തിന്റെ ആദ്യരംഗം നിങ്ങൾക്കു കാണാം......" അങ്ങനെ ഏതാണ്ടു മുക്കാൽമണിക്കൂർനേരം വികാരിയച്ചന്റെ പ്രസംഗം നീണ്ടുനിന്നു. കുർബാനകഴിഞ്ഞു് ഒരു ഭാരിച്ച ഹൃദയത്തോടെ ടോം വീട്ടിലേക്കു മടങ്ങി. അവൻ മൂകനായി ആ ഇടവഴിയിലൂടെ നടന്നു. ക്രിസ്തുവിന്റെ സ്നേഹം! അതാണു പരിശുദ്ധം! അതാണു ശാശ്വതം! അതാണാനന്ദം! ക്രിസ്തുവിനുവേണ്ടി ജീവിക്കുക! ടോം വീട്ടിലെത്തി ഉടൻതന്നെ മോളിക്കെഴുതി:

പ്രിയ സഹോദരി,

ഞാൻ പോകയാണു്; വിശാലമായ ഈ ലോകത്തോടു യാത്രപറഞ്ഞിട്ടു ഞാൻ പോകയാണു്. ഏതെങ്കിലുമൊരു സെമ്മിനാരിയിൽ ചേർന്നു് ഒരു പുണ്യപ്പെട്ട വൈദികനാകുവാൻ ഞാനാഗ്രഹിക്കുന്നു. ഞാൻ ജീവിതത്തിന്റെ ഒരുവശം കണ്ടുകഴിഞ്ഞു; അനുഭവത്തിന്റെ വെളിച്ചത്തിൽ ഞാൻ പലതും കണ്ടുപഠിച്ചു. ഞാൻമൂലം ഒരാത്മാവു നഷ്ടപ്പെടുക! ഹൊ! എനിക്കതിപ്പോൾ ചിന്തിക്കാൻ പാടില്ല മോളി. ക്രിസ്തു എന്നെ വിളിച്ചു. പക്ഷെ ഞാനിപ്പോഴാണാ സ്വരം കേട്ടതു്. ഞാൻ മോളിയെ സ്നേഹിച്ചുവെന്നുള്ളതു വാസ്തവമാണു്. അതു തെററാണെന്നെനിക്കിപ്പോൾ മനസ്സിലായി. എങ്കിലും ഞാൻ നിന്നെ സ്നേഹിക്കുന്നുണ്ടു്. എന്നാൽ ഒരു സഹോദരസ്നേഹത്തിന്റെ ഛായയിൽക്കവിഞ്ഞൊന്നും ഞാനതിനു കല്പിക്കുന്നില്ല.

യഥാർത്ഥ ആനന്ദത്തിനുവേണ്ടി ഞാൻ അന്വേഷിച്ചു; ഞാനിപ്പോഴതു കണ്ടുമുട്ടി. ക്രിസ്തുവിനെ സ്നേഹിക്കുക! അതാണു പരമാനന്ദം! എന്റെ ഈ കൊച്ചുപെങ്ങളോടെനിക്കൊരപേക്ഷയുണ്ടു്. മോളി, കഴിഞ്ഞകാര്യങ്ങളൊക്കെ പരിപൂർണ്ണമായും മറക്കാൻ ശ്രമിക്കണം; എനിക്കുവേണ്ടിയെങ്കിലും.

ഇനിയും ഒത്തിരികാര്യങ്ങൾ എഴുതണമെന്നുണ്ടു്. എന്നാൽ വാക്കുകൾ കിട്ടുന്നില്ല. നിന്റെ പ്രാർത്ഥനയെ യാചിച്ചുകൊണ്ടു്

സ്വന്തം
സഹോദരൻ, ടോം

പിറേറന്നു ടോം രാജനെ ജയിലിൽനിന്നും മോചിപ്പിച്ചു! അവനോടു ടോമിനു യാതൊരു പിണക്കവും ഇല്ലെന്നു്! രാജൻ ടോമിന്റെ കാലിൽ കെട്ടിപ്പുണർന്നു ക്ഷമായാചനംചെയ്തു! ഭൂതകാലസ്മരണകളുടെ ഏററുമുട്ടൽ! രാജന്റെ ചേട്ടന്മാരും അപ്പനും ആരും അവനുവേണ്ടി ജാമ്യം നിന്നില്ല. അവൻ ജീവതുല്യം സ്നേഹിച്ച അവന്റെ പാർട്ടിക്കാരും അവനുവേണ്ടി ജാമ്യംനിന്നില്ല. അവന്റെ ശത്രു, അവൻ കുത്തിമുറിവേല്പിച്ച ശത്രു, അവൻ അങ്ങേയററം വെറുത്ത ശത്രു! രാജന്റെ ദേഹം കോരിത്തരിച്ചു! ടോമിന്റെ മുഖത്തേക്കു നോക്കുവാനവനു ലജ്ജതോന്നി. രാജൻ കഴിഞ്ഞ ജീവിതത്തിന്റെ ഏടുകൾ മറിച്ചുനോക്കി. അവിടെയെങ്ങും "ശത്രുസ്നേഹം" കണ്ടില്ല. രാജന്റെ ജീവിതത്തിനു പുതിയ ഒരധ്യായംതുടങ്ങി; പരിശുദ്ധമായ ഒരധ്യായം. ക്രിസ്തുവിനെ ആട്ടിപ്പായിച്ച അവന്റെ ഹൃദയത്തിലേക്കു വീണ്ടും ആ സ്നേഹഗായകൻ കടന്നുവന്നു. രാജനും ടോമും—ആ ശത്രുക്കൾ വീണ്ടും മിത്രങ്ങളായി! ആ ദേവാലയത്തിലെ സിമിന്റുതറയിൽ വീണ്ടും രാജന്റെ പാദസ്പർശമുണ്ടായി! അവിടെ ആ രണ്ടു കെടാവിളക്കുകൾക്കു മുൻപിൽ ആ മിത്രങ്ങൾ വീണ്ടും ഒരുമിച്ചു!

സംഭവബഹുലമായ ദിനചര്യകളങ്ങിനെ കടന്നുപോയി. ആ നാട്ടുകാരുടെയിടയിൽ ഒരു കോളിളക്കം സൃഷ്ടിച്ചുകൊണ്ടു് സഖാവു രാജനും, കോൺഗ്രസ്സ് പ്രസിഡണ്ടു് ടോമും സെമ്മിനാരിയിൽ പ്രവേശിച്ചു.

മോളിയന്നു കരഞ്ഞില്ല. "ഒരാത്മാവിനെ രക്ഷപെടുത്തുന്നവൻ സ്വർഗ്ഗത്തിൽ നക്ഷത്രങ്ങളെപ്പോലെ ശോഭിക്കും" എവിടെ നിന്നോ ആ സ്വർഗ്ഗീയ സന്ദേശം അവളുടെ കാതുകളിൽ മുഴങ്ങിക്കേട്ടു അവളുടെ ചുണ്ടിൽ അവളറിയാതെ ഒരു ചെമന്ന പുഞ്ചിരി വിടർന്നു. മോളിയുടെ മനസ്സു് അവാച്യമായ ഏതോ ഒരു സ്വർഗ്ഗീയാനന്ദത്തിലേക്കുയർന്നു. പാവനമായ കന്യകാലയത്തിന്റെ മതിൽക്കെട്ടിനുള്ളിൽ അവൾ അവളുടെ യഥാർത്ഥ മണവാളനെക്കണ്ടെത്തി. ആരെയും ഒരിക്കലും നിരാശപ്പെടുത്താത്ത ജീവിതേശ്വരൻ! അതിനുള്ളിൽ അറിയപ്പെടാത്ത പടയാളികളുമുണ്ടു്.

കാലമാകുന്ന ട്രെയിൻ ഓടിക്കൊണ്ടിരുന്നു. അന്നു് ആ ദേവാലയത്തിൽ "ഉടുപ്പിടൽ"കർമ്മം നടക്കുകയാണു്. വെള്ളപ്പട്ടിലും ആഭരണത്തിലും പൊതിഞ്ഞ പരിശുദ്ധരായ ക്രിസ്തുവിന്റെ മണവാട്ടികൾ ക്രിസ്തുവിനെ വരിക്കുവാൻവേണ്ടി ഒരുങ്ങിവന്നു. അവർക്കിന്നു കല്യാണമാണു്. അവരോരോരുത്തരായി എല്ലാംഉപേക്ഷിച്ചു. അതാ, അവസാനമായി ആരാണാ കടന്നു വരുന്നതു്? മൺമറഞ്ഞ കുര്യന്റെ മകൾ മോളി! അവൾ മെത്രാന്റെ മുൻപിൽ മുട്ടുമടക്കി. അവളുടെ കഴുത്തിൽനിന്നും അവൾതന്നെ ആഭരണങ്ങൾ ഊരിവച്ചു! പിടിയിലൊതുങ്ങാതെ അഴിഞ്ഞുകിടന്ന ആ ചുരുണ്ട മുടിയെ അവസാനമായി തലോടിക്കൊണ്ടു് ഒരു കൊച്ചിളം തെക്കൻകാററു് ആ വഴി കടന്നുപോയപ്പോൾ മെത്രാൻ കത്രിക കൈയിലെടുത്തു. ആ സമയം ആ ദേവാലയത്തിന്റെ ഒരു കോണിൽ നിന്ന രണ്ടു ശെമ്മാശ്ശന്മാരുടെ കണ്ണുകൾ നിറയുന്നതു് ആരെങ്കിലും കണ്ടോ എന്തോ! ഹൃദയമിടിപ്പുകൾക്കു വേഗത കൂട്ടുന്ന നിമിഷങ്ങൾ കടന്നുപൊയ്ക്കൊണ്ടിരുന്നു.

THE SOUTH INDIAN BANK LTD.
Estd: 1929 H. O. TRICHUR A Scheduled Bank
SAVINGS BANK ACCOUNTS
3% p. a. Interest allowed without limit.
Maximum withdrawal allowed per week
Rs. 1000. Operation by cheque.
CALL DEPOSITS & FIXED DEPOSITS FOR PERIODS OF
1 to 24 MONTHS ACCEPTED AT VERY ATTRACTIVE RATES
BRANCHES:
ALLEPPEY
ALWAYE
BHAVANI
COCHIN
COIMBATORE
ERNAKULAM
GOBICHETTIPALAYAM
IRINJALAKUDA
KUNNAMKULAM
KOZHIKODE
KOLLENGODE
MADRAS
MANJERI
MANNARGHAT
NILAMBUR
OTTAPALAM
PALGHAT
POLLACHI
PONANI
SALEM
TIRUPUR
TRICHUR
&
WADAKANCHERI

കമ്മ്യൂണിസം കുഴൽക്കണ്ണാടിയിൽ

# കമ്മ്യൂണിസ്റ്റ് റഷ്യയിലെ കത്തോലിക്കാസഭ

(നിരീക്ഷകൻ)

സോവ്യററുറഷ്യയിലെ മതവിഭാഗങ്ങളിൽ ഏററവും പ്രധാനപ്പെട്ടതു അവിടത്തെ ഓത്തഡോക്സ്സഭയാണെന്നും, 1942 നുശേഷം കമ്മ്യൂണിസത്തിൻെറ സമ്മർദ്ദങ്ങൾക്കു വഴിപ്പെട്ടു് ഇപ്പോൾ അതു രാഷ്ട്രത്തിന്നധീനമായ ഒരു ദേശീയസഭയായി നിലകൊള്ളുകയാണെന്നും പ്രതിപാദിച്ചിരുന്നല്ലോ. റഷ്യയിൽ കത്തോലിക്കാസഭയുടെ നിലപാടെന്താണെന്നു സ്വല്പമൊന്നു നിരീക്ഷിക്കാം. കത്തോലിക്കാസഭയോടുള്ള സോവ്യററധികാരികളുടെ മനോഭാവം എന്നും കടുത്ത വിദ്വേഷത്തിൻെറതായിരുന്നു. 1942 നുശേഷം അതു കൂടുതൽ വഷളാവുകയാണുണ്ടായതു്. കമ്മ്യൂണിസ്റ്റ്പ്രസിദ്ധീകരണങ്ങളിൽ സംഗതിവശാൽ കത്തോലിക്കാസഭയേയും തിരുസഭയുടെ പരമാദ്ധ്യക്ഷനായ മാർപ്പാപ്പായേയുംപററി പ്രതിപാദിക്കുന്ന അവസരങ്ങളിൽ എത്ര വെറുപ്പോടും അശ്ലീലമായ ഭാഷയിലുമാണു് അവരതു ചെയ്തിട്ടുള്ളതെന്നു പരിശോധിച്ചാൽ ഈ വസ്തുത തെളിയുന്നതാണ്. ഒരു പ്രാമാണികഗ്രന്ഥമായ സോവ്യററ് എൻസൈക്ലോപീഡിയാതന്നെ ഉദാഹരണമായെടുക്കാം. അതിൻെറ രണ്ടാംപതിപ്പു 7-ാം വാല്യത്തിൽ 53-54 പേജുകളിൽ ഇപ്രകാരം കാണുന്നു: "കത്തോലിക്കാസഭയുടെ തലവനായ റോമിലെ മാർപ്പാപ്പാ വസിക്കുന്ന സ്ഥലമാണ് വത്തിക്കാൻ. അതു അന്താരാഷ്ട്രീയപ്രത്യാഘാതങ്ങളുടേയും, അന്ധകാരത്തിൻേറയും പ്രധാന കേന്ദ്രമാണ്.. ...പ്രജാധിപത്യത്തോടും, കമ്മ്യൂണിസത്തോടും, യു. എസ്സ്. എസ്സ്. ആറിനോടും, പ്രജാധിപത്യജനവിഭാഗത്തോടുമുള്ള വിദ്വേഷം വത്തിക്കാൻെറ എല്ലാ പ്രവത്തനങ്ങളുടേയും പ്രേരകശക്തിയാണ്. അതു ഏററമധികം ആക്രമണോൽസുകരായ സാമ്രാജ്യശക്തികളുടെ ബന്ധുവും ആയുധവുമാകുന്നു." വീണ്ടും 20-ാം വാല്യം 381-ാം പേജിൽ പറയുന്നു: "മഹത്തായ ഒക്ടോബർവിപ്ലവത്തിൻെറ അനുരഞ്ജിപ്പിക്കുവാൻ സാദ്ധ്യമല്ലാത്ത ഏററവും വലിയ ശത്രു കത്തോലിസിസ്സമായിരുന്നു... യു. എസ്സ്. എസ്സ്. ആറിനും ജനകീയജനാധിപത്യരാജ്യങ്ങൾക്കും എതിരായ അമേരിക്കൻസാമ്രാജ്യവാദികളുടെ ഉപജാപത്തിൽ കത്തോലിക്കാസഭാസംഘടന പ്രവത്തനോന്മുഖമായ ഒരു ഘടകമാണ്."

കത്തോലിക്കാസഭയ്ക്കെതിരായി കമ്മ്യൂണിസ്റ്റുകൾ കടുത്ത വിദ്വേഷം വച്ചുപുലത്തുന്നതിനു കാരണമുണ്ടു്; അവക്കറിയാം മററു സഭാവിഭാഗങ്ങൾ തത്വപരമായി കമ്മ്യൂണിസത്തെ എതിത്താലും അവരുടെ സംരംഭങ്ങളെ എളുപ്പത്തിൽ ശിഥിലമാക്കുവാൻ കമ്മ്യൂണിസത്തിനു കഴിയുമെന്നു്. യഥാത്ഥത്തിൽ അവരതു സാധിച്ചുകഴിഞ്ഞിട്ടുമുണ്ടു്. അവരുടെ ഏജൻറന്മാരെ ഓരോ സഭാവിഭാഗങ്ങളുടെ നേതൃത്വത്തിൽ തിരുകിക്കയററുന്നതിനും അങ്ങനെ സഭയുടെ നിയന്ത്രണം കമ്മ്യൂണിസ്റ്റു മേധാവികളുടെ നിർദ്ദേശാനുസരണം നടത്തുന്നതിനും അവക്കു സാധിച്ചു. ഈ പിത്തലാട്ടം കത്തോലിക്കാസഭയിൽ വിലപ്പോയിട്ടില്ല. കത്തോലിക്കാസഭയുടെ ഭരണപരമായ ഘടനയും അതിലെ വൈദികരുടേയും വിശ്വാസികളുടേയും ശിക്ഷണബോധവും ഏററവും വ്യവസ്ഥാപിതമായവിധത്തിൽ സജ്ജീകരിക്കപ്പെട്ടിട്ടുള്ളതാണ്. ഏതെങ്കിലും വിധത്തിലുള്ള കമ്മ്യൂണിസ്റ്റ്പ്രേരണയാൽ ആരെങ്കിലും പ്രലോഭിപ്പിക്കപ്പെടുകയാണെങ്കിൽ ക്ഷണത്തിൽ ആ വ്യക്തിക്കെതിരായി ആരോപണമുണ്ടാവുകയും അയാൾ ഒററപ്പെടുത്തപ്പെടുകയും സഭയിൽനിന്നു പുറംതള്ളപ്പെടുകയുംചെയ്യും. കത്തോലിക്കാപുരോഹിതന്മാർ "ഒരു ആവൃതജാതി"യാണെന്നാണ് കമ്മ്യൂണിസ്റ്റുകൾ പറയാറുള്ളതു്. റഷ്യയുടെ ഉപഗ്രഹരാജ്യങ്ങളിലേയും സ്ഥിതി ഏറെക്കുറെ ഇതുതന്നെയാണ്. "സ്വതന്ത്രസഭ"യെന്നും, "രാജ്യഭക്തരായ ഉല്പതിഷ്ണുപുരോഹിത"രെന്നും മററും ചില പേരുകളിൽ ചില പ്രസ്ഥാനങ്ങളെല്ലാം അവിടെ നടപ്പാക്കുന്നതിനു അവർ ശ്രമിച്ചുനോക്കി. പത്രങ്ങൾവഴിയും മററു പ്രസിദ്ധീകരണങ്ങൾവഴിയും കത്തോലിക്കാമതത്തെ എതിക്കുന്നതിനും അതിനെ താറടിച്ചുകാണിച്ചു കത്തോലിക്കരെ അവരുടെ വഴിപിഴച്ച പ്രസ്ഥാനങ്ങളിൽ കുടുക്കുന്നതിനും 1945 നുശേഷം ശക്തിയായ ഒരു പ്രവത്തനം നടന്നു. അതൊന്നും കത്തോലിക്കരെ പാട്ടിലാക്കുന്നതിനു പയ്യാപ്തമായില്ല.

റഷ്യയിൽ ഒരു കാലത്തും കത്തോലിക്കാസഭയ്ക്കു്ഗണ്യമായ പ്രചാരംസിദ്ധിച്ചിരുന്നില്ല. 1917-ൽ റഷ്യയിലുണ്ടായിരുന്ന കത്തോലിക്കരിൽ റഷ്യൻ വംശക്കാരായി വളരെ ചുരുക്കംപേർ മാത്രമേ ഉണ്ടായിരുന്നുള്ളു. കാരണം റഷ്യാക്കാരുടെ മതം ഓത്തഡോക്സ്സഭയാണെന്നും, ഓത്തഡോക്സ്സഭാംഗങ്ങൾ മററു സഭാവിഭാഗങ്ങളിൽ ചേരുന്നതു് നിഷിദ്ധവും നിയമവിരുദ്ധവുമാണെന്നുമായിരുന്നു വ്യവസ്ഥ. 1945-ലെ ക്രമീകരണങ്ങൾക്കുശേഷം അഞ്ചു കൊല്ലത്തിനിടകൊണ്ടു് പല പല ഏകീകരണസിന്നഡുകൾ നടത്തി റഷ്യയിലുണ്ടായിരുന്ന പൗരസ്ത്യസഭാവിഭാഗങ്ങളെയെല്ലാം നാമാവശേഷമാക്കുകയാണവർ ചെയ്തതു്. ഈ കമ്മ്യൂണിസ്റ്റ്സംരംഭത്തെ ഇപ്പോഴും വീറോടെ ചെറുത്തുനിൽക്കുന്ന ഒരു രാജ്യമാണ് ഹങ്കറി. റഷ്യയിൽ 1917-ലുണ്ടായിരുന്ന കത്തോലിക്കർ പ്രധാനമായും പോളണ്ടുകാരും, ബൈലോറഷ്യാക്കാരും, ലിത്വാനിയാക്കാരും, ലാററ്വിയാക്കാരും, ജമ്മൻകാരും, ഫ്റഞ്ചുകാരുമായിരുന്നു. ഇവരെല്ലാംകൂടി പത്തരലക്ഷത്തോളം വരുമായിരുന്നു. 1925-ൽ കത്തോലിക്കക്കു നാലു ഭരണകേന്ദ്രങ്ങളാണുണ്ടായിരുന്നതു്:- 1. മോസ്കോ, 2. ലെനിൻഗ്രാഡ്, 3. കാസാൻ, 4. വ്ളാഡിവോസ്റ്റോക്ക്. പുതിയ ക്രമീകരണത്തിൽ മോസ്കോയിൽ ഒരു മെത്രാസനവും ഉണ്ടായിരുന്നു. ഈ ആസ്ഥാനങ്ങളിലുണ്ടായിരുന്ന മെത്രാന്മാരെല്ലാം ഒന്നുകിൽ നാടുകടത്തപ്പെടുകയോ അല്ലെങ്കിൽ തടവിലടയ്ക്കപ്പെടുകയോ അല്ലെങ്കിൽ "ലിക്വിഡേററു" ചെയ്യപ്പെടുകയോ ചെയ്തിരുന്നു. 1945 ആയപ്പോഴേക്കും റഷ്യയിലാകെ കത്തോലിക്കരുടേതായി ശേഷിച്ചതു് മോസ്കോയിലും, ലെനിൻഗ്രാഡിലും, ഒഡേസ്സായിലുമുള്ള മൂന്നിടവകപ്പള്ളികൾമാത്രമാണ്. ഇപ്പോഴാകട്ടെ അവശേഷിക്കുന്നതു് മോസ്കോയിലുള്ള സെൻറ് ലൂയി ചർച്ചുമാത്രം. പക്ഷെ 1948-ൽ നടന്ന വൻതോതിലുള്ള നാടുകടത്തലിൽ റഷ്യയുടെ വിവിധ ഭാഗങ്ങളിൽനിന്നുമായി വളരെയധികം കത്തോലിക്കർ സൈബീരിയായിൽ തടിച്ചുകൂടിയിട്ടുണ്ടെന്നും അവിടെ ലിത്വാനിയൻവൈദികർ അവരെ സംഘടിപ്പിച്ചിട്ടുണ്ടെന്നും റിപ്പോർട്ടുകളുണ്ടു്. അതിൻെറ ശരിയായ നില ഇനിയും വ്യക്തമായിട്ടില്ല.

സോവ്യററു റഷ്യയിലെ കത്തോലിക്കാതിരുസഭയെ സംബന്ധിച്ച നിലപാടു് താഴെവരും പ്രകാരമാണ് ഇരുമ്പുമറയ്ക്കുകത്തുനിന്നു ലഭിക്കാവുന്ന അറിവുകൾ വച്ചു കണക്കാക്കപ്പെടുന്നതു്:-

ബൈലോറഷ്യ:—ഒന്നരക്കോടി ജനസംഖ്യയിൽ 17.7 ശതമാനം കത്തോലിക്കർ. അവിടെ രണ്ടു മെത്രാപ്പോലീത്തൻ സിംഹാസനങ്ങളും രണ്ടു മെത്രാസനങ്ങളുമുണ്ടായിരുന്നു. ഇപ്പോൾ മെത്രാന്മാരുമില്ല. രണ്ടു വൈദികസെമ്മിനാരികളുണ്ടായിരുന്നു. അവയും നിത്തലാക്കപ്പെട്ടു. സകല സന്യാസാശ്രമങ്ങളും മഠങ്ങളും അടച്ചുപൂട്ടി. ഇപ്പോൾ പശ്ചിമബൈലോറഷ്യയിൽ മാത്രം ഏതാനും ഇടവകപ്പള്ളികൾ ശേഷിച്ചിട്ടുണ്ടു്. റഷ്യൻവിപ്ലവത്തിനുമുമ്പു ഇവിടെ പോളിഷ്കാരായ മിഷനറിമാരാണ് പ്രവത്തിച്ചുപോന്നതു്. അവരെയെല്ലാം പോളണ്ടിൻെറ ചാരന്മാരാണെന്നു പഴിചാരി എളുപ്പത്തിൽ "ലിക്യൂഡേഷൻ" നടത്തി.


മരിയഹാരം



ജപമാലയെപ്പററി അറിയുവാൻ

ഈ പുസ്തകം സഹായിക്കും

വില 1ക. മാത്രം

അപേക്ഷിക്കേണ്ടും മേൽവിലാസം

മാർ ളൂയീസ് പ്രസ്സ്,

എറണാകുളം-1


യുക്കറൈൻ—റഷ്യയിലെന്നപോലെ യുക്കറൈനിലും കത്തോലിക്കർ അവിടത്തെ വംശത്തിൽപെട്ടവരായിരുന്നില്ല എന്ന കാരണമാണ് അവരെ ലിക്വിഡേററു ചെയ്യുന്നതിനുപയോഗിച്ച തൊടുകാരണം. പൗരസ്ത്യസഭാവിഭാഗത്തിൽപെട്ട അവിടത്തെ കത്തോലിക്കർ ആ രാജ്യം അവരുടെ മാതൃരാജ്യമായി വരിക്കുകയും ഏററവും ദൃഢമായ രാജ്യഭക്തി പരിപാലിക്കുകയും ചെയ്തിരുന്നവരാണ്. പക്ഷെ കമ്മ്യൂണിസ്റ്റുകളുടെ അടുത്തു അതൊന്നും വിലപ്പോയില്ല. അവിടെയുണ്ടായിരുന്ന എല്ലാ മെത്രാസനങ്ങളും ഇന്നു ഒഴിഞ്ഞു കിടക്കുകയാണ്. എല്ലാ സെമ്മിനാരികളും, വിദ്യാമന്ദിരങ്ങളും, സന്യാസാശ്രമങ്ങളും നിത്തലാക്കപ്പെട്ടു. അവിടെയുണ്ടായിരുന്ന 3470 പൗരസ്ത്യസഭാ വൈദികർ ഓത്തഡോക്സ് സഭയിൽ ചേരുന്നതിനു വിസമ്മതിച്ചതുകൊണ്ടു് തടവിലാക്കപ്പെട്ടു. 3040 ബിസൻറയിൻ ഇടവകകളുണ്ടായിരുന്നതെല്ലാം നിർബന്ധപൂർവ്വം ഓത്തഡോക്സ് വിഭാഗത്തിൻേറതാക്കിത്തീത്തു. പശ്ചിമയുക്കറൈനിൽ മാത്രം ഇപ്പോൾ ചുരുക്കം കത്തോലിക്കാ പള്ളികളുണ്ടു്.

ലിത്വാനിയാ—അവിടെ മുൻപു 9 കത്തോലിക്കാ മെത്രാന്മാരും 1600-ൽ പരം വൈദികരുമുണ്ടായിരുന്നു. 1948-ലെ കണക്കനുസരിച്ചു 380 വൈദികർ മാത്രമേ ബാക്കിയുണ്ടായിരുന്നുള്ളു. ഇന്നു മെത്രാന്മാരിൽ ശേഷിച്ചിട്ടുള്ളതു് 80 വയസ്സു കഴിഞ്ഞ കാസിമിർ തിരുമേനി മാത്രമാണ്. യു. എസ്. എസ് ആറിൽ ഉണ്ടെന്നു പറയപ്പെടുന്ന ഏക കത്തോലിക്കാ വൈദിക സെമ്മിനാരി ഇവിടെ കോവ്നോ എന്ന സ്ഥലത്താണ്. അതു നാമമാത്രമായി നടന്നുപോകുന്നതു് കമ്മ്യൂണിസ്റ്റുകളുടെ വളരെയധികം പ്രതിബന്ധങ്ങളെ തരണംചെയ്തുകൊണ്ടാണ്. സന്യാസഭവനങ്ങളും മതസ്ഥാപനങ്ങളും എല്ലാം അവിടെ നിരോധിച്ചിരിക്കുകയാണ്.

ലാററ്വിയ—20 ലക്ഷം ജനസംഖ്യയും അതിൽ ഇരുപത്തിനാലര ശതമാനം കത്തോലിക്കരുമായിരുന്നു. 200 വൈദികരും 4 മെത്രാന്മാരും അവക്കുണ്ടായിരുന്നു. മെത്രാന്മാരിൽ ഇപ്പോൾ അവശേഷിച്ചിട്ടുള്ളതു് 79 വയസ്സായ ആൻേറാൺ സ്പ്രിൻഗോവിച്ച് തിരുമേനിമാത്രം. വൈദികരിൽ പ്രായാധിക്യം വന്നിട്ടുള്ള 10 പേർ ഇപ്പോൾ ബാക്കിയുണ്ടു്. റിഗായിലെ സെമ്മിനാരിയും എല്ലാ കൊവേന്തകളും മഠങ്ങളും അടച്ചുപൂട്ടി.

എസ്റ്റോണിയാ—10 ലക്ഷമാണ് ജനസംഖ്യ. അതിൽ 19 ശതമാനം കത്തോലിക്കരായിരുന്നു. അപ്പസ്തോലിക്ക് അഡ്മിനിസ്റ്റ്രേററായിരുന്ന എഡ്വേർഡ് പ്രോഫിററ്ലിക്ക് തിരുമേനിയെ 1945-ൽ തടവിലാക്കി. മതപരമായ പ്രവത്തനങ്ങളെല്ലാം നിരോധിച്ചു.

അമ്മേനിയ—ജനങ്ങളിൽ ഭൂരിഭാഗവും അമ്മേനിയൻ മോണോഫിസെററ് സഭാംഗങ്ങളാണ്. കത്തോലിക്കർ വളരെ ചുരുക്കവും അകലത്തിൽ ചിതറി താമസിക്കുന്നവരുമായിരുന്നു. പുറമേയുള്ള വൈദികാദ്ധ്യക്ഷ സ്ഥാനങ്ങളിൽനിന്നാണ് അവരുടെ ഭരണം നിവ്വഹിച്ചു പോന്നിരുന്നതു്. അമ്മേനിയായിൽ ബിലിസിയിൽ ഒരു അപ്പസ്തോലിക്ക് അഡ്മിനിസ്റ്റ്രേഷനും ല്വോവിൽ ഒരു മെത്രാസനവുമുണ്ടായിരുന്നു. അവ രണ്ടും ഒഴിഞ്ഞു കിടക്കുന്നു. 1945ൽ ലെനിനാക്കനിൽ ഒരിടവകപ്പള്ളി ബാക്കിയുണ്ടായിരുന്നതായി പറയപ്പെടുന്നു. പിന്നീടു് അതേപ്പററി യാതൊരറിവുമില്ല

യു. എസ്. എസ്. ആറിലെ വിവിധ ഘടകങ്ങളിലെ കത്തോലിക്കാ സഭയുടെ ഇന്നത്തെ നിലപാടാണ് ഈ കണക്കുകൾ വിശദമാക്കുന്നതു്. മതവിരുദ്ധമായ കമ്മ്യൂണിസത്തിൻെറ സ്വഭാവത്തെ ഒരു തരത്തിലും മാററുക സാദ്ധ്യമല്ല. അതുമാററിയാൽ കമ്മ്യൂണിസം തന്നെ മാറിപ്പോകും. 1942-ലും 1945-ലും മററും കമ്മ്യൂണിസം അതിൻെറ മതപരമായ നയം മാററി എന്നു പറയുന്നതിനുള്ള അത്ഥം, കമ്മ്യൂണിസ്റ്റു ഭരണത്തെ അനുകൂലിച്ചു് അവരുടെ അഭിലാഷങ്ങൾ പൂത്തിയാക്കുവാൻ സഹകരിച്ചു ചില അകത്തോലിക്കാ സഭാവിഭാഗങ്ങൾക്ക്—കുറേ ക്രൂരകൃത്യമായി പറഞ്ഞാൽ നാമമാത്രമായ മോസ്കോ പാത്രിയക്കേററിന്—ചില "നക്കാപ്പിച്ച"കൾ അനുവദിച്ചുകിട്ടി എന്നുള്ളതു മാത്രമാണ്. കത്തോലിക്കാസഭ എന്നും എവിടെയും ദൈവദത്തമായ അതിൻെറ വ്യക്തിത്വത്തേയും പഠനങ്ങളേയും മുറുകെപ്പിടിച്ചുകൊണ്ടാണ് നിന്നിട്ടുള്ളതു്. മററൊരു നിലപാടു് അതിനു സാദ്ധ്യമല്ല. എന്തുകൊണ്ടെന്നാൽ സഭാസ്ഥാപകനായ ക്രിസ്തുവിൻെറ ആജ്ഞകളെ അഭംഗുരം പാലിക്കുന്നതിന് അധികാരപ്പെടുത്തിയിട്ടുള്ള സ്ഥാപനമാണതു്. പ്രതിലോമശക്തികൾ അതിനെതിരായി വന്നാൽ സഹനം മാത്രമാണ്, വിട്ടുവീഴ്ചയല്ല അതിനു സ്വീകാര്യമായിട്ടുള്ളതു്. ഇങ്ങനെ നാരകീയമായ മർദ്ദനങ്ങളെ പിന്നിട്ടുകൊണ്ടാണ് കമ്മ്യൂണിസ്റ്റ് റഷ്യയിലെ കത്തോലിക്കാസഭ ഇന്നു മുന്നോട്ടു പോയിക്കൊണ്ടിരിക്കുന്നതു്. "വേദസാക്ഷികളുടെ രക്തം ക്രിസ്ത്യാനികളെ ഉളവാക്കുന്ന ബീജ"മാണെന്നവക്കു ബോദ്ധ്യമുണ്ടു്.

—o—

(11-ാംപേജ് തുടച്ച്)

166 ചോ: നന്മയും തിന്മയും ചെയ്യുവാൻ മനുഷ്യനു സ്വാതന്ത്ര്യമുണ്ടെന്നു പറയുന്നു. പക്ഷെ തിന്മ ചെയ്താൽ ശിക്ഷയുണ്ടുതാനും. അപ്പോൾ എന്താണു സ്വാതന്ത്ര്യം? തിന്മചെയ്യുവാൻ വളരെ എളുപ്പവും അതിലേക്കു വല്ലാത്തൊരു പിടിച്ചുവലിയും ഉണ്ടല്ലോ.

(പി സി പി, അന്തിക്കാട്)

ഉ: മനുഷ്യനു ദൈവദത്തമായ അനുഗ്രഹങ്ങളിലൊന്നാണു ഇച്ഛാസ്വാതന്ത്ര്യം. സ്വയംനിണ്ണയത്തിൻെറ സാദ്ധ്യതയാണതു്. "ഒരു ലംഘനത്തിനു ആവശ്യമായ എല്ലാ ഉപാധികളും ഉണ്ടായിരിക്കെ, ഏതൊന്നിൻെറ സഹായത്താൽ ബുദ്ധിയുള്ള ഒരു കാരകത്തിനു് (agent), ആ ലംഘനം നടപ്പിൽ വരുത്തുന്നതിനോ, അതിൽനിന്നു ഒഴിഞ്ഞിരിക്കുന്നതിനോ സാധിക്കുന്നുവോ ആ ഗുണവിശേഷമാണ് ഇച്ഛാശക്തി." (Maher, Psychology 395). പ്രേരണകൂടാതെയുള്ള ഒരു തിരഞ്ഞെടുക്കൽ എന്നു് അതിനത്ഥമില്ല; പ്രത്യുത രണ്ടു പ്രേരണകളിൽ ഒന്നിനെ തിരഞ്ഞെടുക്കുകയാകുന്നു അതു്. രണ്ടു പ്രവത്തനമാർഗ്ഗങ്ങൾ നമ്മുടെ മുന്നിൽ ഉണ്ടായിരിക്കുമ്പോൾ അവയുടെ ഗുണദോഷങ്ങളെപ്പററി സ്വതന്ത്രമായി ചിന്തിക്കുന്നതിനും, അന്വേഷിക്കുന്നതിനും, പരിശോധിക്കുന്നതിനും തീരുമാനിക്കുന്നതിനും ഇഷ്ടമുള്ളതു തിരഞ്ഞെടുക്കുന്നതിനും നമുക്കു കഴിയുന്നുവെന്നു നമുക്കറിയാം. ഇതു നമ്മുടെ ഇച്ഛാശക്തികൊണ്ടാണ്.

ഇച്ഛാശക്തിയുള്ള മനുഷ്യനു നന്മയോ തിന്മയോ ചെയ്യുവാൻ സ്വാതന്ത്ര്യമുണ്ടു്. തിന്മയ്ക്കു ശിക്ഷയുണ്ടെന്നുള്ളതും ശരിതന്നെ. നാം നമ്മുടെ ഇച്ഛാശക്തി ഉപയോഗിച്ചു തിരഞ്ഞെടുക്കുന്നുവെന്നതുകൊണ്ടല്ലോ തിന്മയ്ക്കു ശിക്ഷയുണ്ടായിരിക്കുന്നതു്. പ്രത്യുത, ശിക്ഷ തിന്മയുടെ അവശ്യഫലമാണ്. തിന്മയെന്നു പറയുമ്പോൾ അതിൽ ശിക്ഷയും അന്തർഭവിച്ചിരിക്കുന്നു. നന്മയുടെ നിഷേധമാണല്ലോ തിന്മ. ആ തിന്മ ശിക്ഷയോടുകൂടിയതുമാണ്. ഇങ്ങനെ ഒരുവശത്തു സമ്മാനത്തോടുകൂടിയ നന്മയും, മറുവശത്തു ശിക്ഷയോടുകൂടിയ തിന്മയും ഉണ്ടായിരിക്കെ, നന്മയെ ഉപേക്ഷിച്ചു തിന്മയെ തിരഞ്ഞെടുക്കുവാൻ മനുഷ്യനു കഴിയുന്നുവെന്നതിലാണു മനുഷ്യൻെറ ഇച്ഛാശക്തിയും തജ്ജന്യമായ സ്വാതന്ത്ര്യവും അടങ്ങിയിരിക്കുന്നതു്.

തിന്മചെയ്യുവാൻ വളരെ എളുപ്പമാണെന്നും, അതിലേക്കു വല്ലാത്തൊരു പിടിച്ചുവലി ഉണ്ടെന്നുമുള്ളതു ശരിതന്നെ. എന്നിട്ടും, അങ്ങനെ ഏററം പ്രലോഭനകരമായ തിന്മയെ എത്രയോ മനുഷ്യർ പരിത്യജിക്കുകയും, പകരം നന്മചെയ്യുകയും ചെയ്തിരിക്കുന്നു." ധ

(ശേഷം 3-ാംപേജിൽ)

വിമർശനപംക്തി

# പത്രോസിന്റെ പരമാധികാരം

(തുടർച്ച)

വി. പത്രോസിനു പരമാധികാരമുണ്ടായിരുന്നുവെന്നു വേദപുസ്തകംകൊണ്ടു തെളിയിക്കാമോയെന്നതാണു ചോദ്യത്തിന്റെ കാതലായ ഭാഗം. മനുഷ്യരെല്ലാം സ്വാതന്ത്ര്യപ്രേമികളും സ്വതേ മറെറാരുത്തന്റെ കീഴ്പെട്ടിരിക്കുവാൻ ഇഷ്ടപ്പെടാത്തവരുമാണല്ലോ എന്നിരുന്നിട്ടും ലോകത്തിലെ 45 കോടി ജനങ്ങൾ ഇന്നു പത്രോസിന്റെ പരമാധികാരത്തെ ഏററു പറയുന്നുണ്ടു് കേവലം വാചികമായ ഏററുപറച്ചിലല്ലാ; ആ പരമാധികാരവിധേയത്വത്തിനു വേണ്ടി സർവതും സന്ത്യജിക്കുവാൻ സന്നദ്ധരായിരിക്കുകയാണു്. ലോകത്തിലെ അതിബുദ്ധിമാന്മാരെന്നു ഗണിക്കപ്പെടുന്ന പലരും ഈ 45 കോടിയിൽ പെടുന്നുണ്ടു്. അവരെല്ലാം ശുദ്ധ വിഡ്ഢികളും കാര്യമറിയാത്തവരും വഞ്ചിതരുമാണെന്നല്ലേ "വേദപുസ്തകംകൊണ്ടു തെളിയിക്കാമോ"യെന്ന ചോദ്യത്തിന്റെ അർത്ഥം? പത്രോസിന്റെ പരമാധികാരം ഒരു വസ്തുതയായി അവർക്കു ബോദ്ധ്യപ്പെട്ടിട്ടില്ലെങ്കിൽ, മറെറാരാൾക്കു കീഴ്പെട്ടിരിക്കുക എന്ന അസ്വാതന്ത്ര്യം അവർ സ്വീകരിക്കുമെന്നു കരുതുന്നതു കുറച്ചു അതിരു കടന്നതല്ലേ?

ചോദ്യകർത്താവിന്റെ തൃപ്തിക്കുവേണ്ടി നമുക്കു വേദപുസ്തകം തുറന്നു ഒന്നു നോക്കാം. "അവൻ അവരുടെ വാക്കും കേൾക്കാതിരുന്നാൽ സഭയോടു പറയുക; അവൻ സഭയുടെ വാക്കും കേൾക്കാതിരുന്നാൽ അവൻ നിനക്കു ചുങ്കക്കാരനെപ്പോലെയും പുറജാതിക്കാരനെപ്പോലെയും ആയിരിക്കട്ടെ. ഞാനോ സത്യമായിട്ടു നിങ്ങളോടു പറയുന്നു നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതോ സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും" (മത്താ: XVIII 17. 18) "നിങ്ങൾ പരിശുദ്ധാത്മാവിനെ സ്വീകരിക്കുവിൻ. നിങ്ങൾ ആർക്കു എങ്കിലും പാപങ്ങൾ മോചിച്ചാൽ അവ അവനു മോചിക്കപ്പെടും; എന്നാൽ ആരുടേതു് എങ്കിലും നിങ്ങൾ ബന്ധിച്ചാൽ അവ ബന്ധിക്കപ്പെട്ടവയായിരിക്കും." (യോഹ: XX 22, 23) ക്രിസ്തു തന്റെ സഭയ്ക്കും അപ്പസ്തോലന്മാർക്കും ചില അധികാരങ്ങൾ കൊടുക്കുകയാണല്ലോ ഇവിടെ ചെയ്തിരിക്കുന്നതു്. അപ്പസ്തോലന്മാരോടുള്ള ഈ പ്രഭാഷണത്തിൽ "നിങ്ങൾ" എന്നു് എല്ലാവരെയും ഉൾപ്പെടുത്തിയാണു് അവിടുന്നു് സംസാരിക്കുന്നതു്. ഈ അധികാരദാനത്താൽ മററു് അപ്പസ്തോലന്മാരെപ്പോലെ പത്രോസിനും കെട്ടുന്നതിനും അഴിക്കുന്നതിനും പാപങ്ങൾ മോചിക്കുന്നതിനും മോചിക്കാതിരിക്കുന്നതിനുമുള്ള അധികാരങ്ങൾ സിദ്ധിക്കുന്നു.

ഇങ്ങനെയുള്ള പത്രോസിനെ തനിച്ചു വിളിച്ചു ക്രിസ്തു പറയുകയാണു്: യോനായുടെ പുത്രനായ ശിമയോനെ....എന്റെ കുഞ്ഞാടുകളെ എനിക്കായി നീ മേയിക്കുക. യോനായുടെ പുത്രനായ ശിമയോനെ...എന്റെ ആടുകളെ എനിക്കായി നീ മേയിക്കുക. യോനായുടെ പുത്രനായ ശിമയോനെ ...എന്റെ പെണ്ണാടുകളെ എനിക്കായി നീ മേയിക്കുക. സത്യം സത്യമായി ഞാൻ നിന്നോടു പറയുന്നു: നീ ചെറുപ്രായക്കാരൻ ആയിരുന്നപ്പോൾ നീ തന്നെ നിന്റെ അരകൾ കെട്ടിയിരുന്നു. നിനക്കു ഇഷ്ടമുള്ളേടത്തേക്കു നീ നടക്കുകയും ചെയ്തിരുന്നു. നീ വയസ്സൻ ആകുമ്പോഴോ നീ നിന്റെ കൈകൾ നീട്ടുകയും മറെറാരുത്തൻ നിന്റെ അരകൾ കെട്ടി നീ ഇച്ഛിക്കാത്ത സ്ഥലത്തേക്കു നിന്നെ കൊണ്ടുപോകയും ചെയ്യും. എന്നാൽ ഇതു അവൻ ഏതുവിധ മരണത്താൽ ദൈവത്തെ മഹത്വപ്പെടുത്തുവാനിരിക്കുന്നു എന്നു കാണിക്കുവാൻ ക്രിസ്തു അരുളിച്ചെയ്തു" (യോഹ: XXI 15-19)

ക്രിസ്തു ഇവിടെ അരുളിച്ചെയ്തതു പത്രോസിനോടു തനിച്ചു് ആണെന്നുള്ളതു സ്പഷ്ടം. "നീ" എന്നു് ആവർത്തിച്ചാവർത്തിച്ചു ചൂണ്ടിപ്പറയുകമാത്രമല്ല, യോനായുടെ പുത്രൻ എന്ന വിശേഷണം ആവർത്തിച്ചുപയോഗിക്കുകയും ചെയ്തിരിക്കുന്നു. താൻ പത്രോസിനെ മാത്രമാണു് ഉദ്ദേശിക്കുന്നതെന്നു കാണിക്കുവാനല്ലേ "യോനായുടെ പുത്രനായ ശിമയോൻ" എന്നു മൂന്നുപ്രാവശ്യം ക്രിസ്തു എടുത്തു പറഞ്ഞിരിക്കുന്നതു്. എല്ലാവരെയുമാണു് ഉദ്ദേശിച്ചിരുന്നതെങ്കിൽ എല്ലാവരും യോനായുടെ പുത്രന്മാരാണെന്നും, എല്ലാവരും വയസ്സന്മാരാകുമ്പോൾ അരകൾ കെട്ടപ്പെട്ടു ഇച്ഛിക്കാത്ത സ്ഥലങ്ങളിലേക്കു കൊണ്ടുപോകപ്പെടുമെന്നും അർത്ഥമാക്കേണ്ടിവരുമല്ലോ. ക്രിസ്തു പത്രോസിനെ മാത്രമേ ഉദ്ദേശിച്ചിരുന്നുള്ളുവെന്നു അവിടെ സന്നിഹിതരായിരുന്ന ശിഷ്യന്മാർക്കെല്ലാം അറിയാമായിരുന്നു. "അവൻ ഏതുവിധ മരണത്താൽ ദൈവത്തെ മഹത്വപ്പെടുത്താനിരിക്കുന്നു" എന്നു വിശുദ്ധ യോഹന്നാൻ പറയുന്നതിൽനിന്നു് ഇതു വ്യക്തമാണു്.

ക്രിസ്തു ഇവിടെ എന്താണു നൽകിയിരിക്കുന്നതു്. തന്റെ കുഞ്ഞാടുകളെയും പെണ്ണാടുകളെയും ആടുകളെയും തനിക്കുവേണ്ടി മേയിക്കുവാനുള്ള അധികാരം. ആടുകളെ മേയിക്കുവാനുള്ള അധികാരം ക്രിസ്തു ശ്ലീഹന്മാർക്കു കൊടുത്തുവെന്നതിൽ ആർക്കും തർക്കമില്ലല്ലോ. എങ്കിൽ അക്കൂട്ടത്തിൽ പത്രോസിനും ആ അധികാരം കിട്ടിയിരിക്കണം. പിന്നെ എന്തിനു് അദ്ദേഹത്തെ തനിച്ചുവിളിച്ചു് ഇങ്ങനെ അധികാരദാനം ചെയ്യുന്നു? മററു ശ്ലീഹന്മാരിൽനിന്നു വ്യത്യസ്തമായി എന്തോ കൊടുക്കുന്നുവെന്നല്ലേ അതു സൂചിപ്പിക്കുന്നതു്? ശ്ലീഹന്മാർക്കു കൊടുത്തിരിക്കുന്ന അധികാരം ആടുകളെ മേയിക്കുവാനുള്ളതാണു്. പത്രോസിനാകട്ടെ, ആടുകളെയും പെണ്ണാടുകളെയും കുഞ്ഞാടുകളെയും—അജവർഗ്ഗം മുഴുവനെയും—മേയിക്കുവാനുള്ള അധികാരമാണു്. ആടുകളും കുഞ്ഞാടുകളും എന്നതിൽ എല്ലാവരും ഉൾപ്പെടുന്നു. അതേ, സഭമുഴുവനേയും—ശ്ലീഹന്മാരുൾപ്പെടെ—നിയന്ത്രിക്കുവാനുള്ള അധികാരമാണു് പത്രോസ് ഇവിടെ പ്രാപിക്കുന്നതു്. അതായതു് പരമാധികാരം.

പത്രോസിനു ഇത്തരത്തിൽ പരമാധികാരം നൽകുമെന്നു ക്രിസ്തു നേരത്തെതന്നെ വാഗ്ദാനം ചെയ്തിട്ടുള്ളതാണു്. അവിടുന്നു ശിഷ്യന്മാരോടുകൂടി കേസറിയാ ഫിലിപ്പോസ് എന്ന സ്ഥലത്തു ആയിരിക്കുകയിൽ, "മനുഷ്യപുത്രൻ ആരാകുന്നുവെന്നാണു നിങ്ങൾ പറയുന്നതു്" എന്നു ശിഷ്യന്മാരോടു ചോദിച്ചു. "അവിടുന്നു ജീവനുള്ള ദൈവത്തിന്റെ പുത്രനായ മിശിഹാ ആകുന്നു" എന്നു ശിമയോൻപത്രോസ് ഏററുപറഞ്ഞു. ഉടനെ ക്രിസ്തു കല്പിക്കുകയാണു്: "യോനായുടെ പുത്രനായ ശിമയോനെ, നീ ഭാഗ്യവാനാകുന്നു. എന്തുകൊണ്ടെന്നാൽ മാംസമോ രക്തമോ അല്ല, സ്വർഗ്ഗസ്ഥനായ എന്റെ പിതാവാണു് ഇതു നിനക്കു വെളിപ്പെടുത്തിയതു്. ഞാനും നിന്നോടു പറയുന്നു: നീ കേപ്പായാകുന്നു; ഈ കേപ്പായിന്മേൽ എന്റെ പള്ളി ഞാൻ പണിയും. നരകവാതിലുകൾ അതിന്മേൽ പ്രബലപ്പെടുകയില്ല. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ നിനക്കു ഞാൻ തരും; നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിൽ കെട്ടപ്പെട്ടിരിക്കും. നീ ഭൂമിയിൽ അഴിക്കുന്നതൊക്കെ സ്വർഗ്ഗത്തിൽ അഴിഞ്ഞിരിക്കും" (മത്തായി XVI 15—19)

ഇവിടേയും ക്രിസ്തു ശിമയോനോടു മാത്രമായിട്ടാണു വാഗ്ദാനം ചെയ്യുന്നതു്. അദ്ദേഹത്തിന്റെ സ്വന്തം നാമവും, പിതാവിന്റെ നാമവും, താൻ അദ്ദേഹത്തിനു നൽകിയ കേപ്പാ (പത്രോസ്) എന്ന പ്രത്യേകനാമവും ഉപയോഗിച്ചുകൊണ്ടാണു ക്രിസ്തു അദ്ദേഹത്തെ സംബോധനചെയ്യുന്നതു്. എന്നു മാത്രമല്ല, നീ, നിന്നോടു, നിനക്കു മുതലായ ഏകവചനപ്രയോഗംകൊണ്ടു മററു ശ്ലീഹന്മാരെ താൻ ഉദ്ദേശിക്കുന്നില്ലെന്നു അവിടുന്നു സ്പഷ്ടമാക്കുകയും ചെയ്യുന്നു. സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ക്രിസ്തു പത്രോസിനു നൽകുമെന്നും, തന്റെ സഭയുടെ അടിസ്ഥാനമായി നിശ്ചയിക്കുമെന്നും വാഗ്ദാനം ചെയ്യുന്നു. മററു ശ്ലീഹന്മാർക്കു് ആർക്കും ഇങ്ങനെയൊരു മഹോന്നതസ്ഥാനം നൽകപ്പെട്ടിട്ടില്ല. താക്കോൽ അധികാരത്തെയാണു സൂചിപ്പിക്കുന്നതെന്നും, മററു ശ്ലീഹന്മാർക്കും സഭയിൽ അധികാരം നൽകപ്പെട്ടിട്ടുണ്ടെന്നും ചിലർ ഇതിനു ഒരു എതിർവാദം കൊണ്ടുവരാറുണ്ടു്. മററു ശ്ലീഹന്മാർക്കു നൽകപ്പെട്ട എല്ലാ അധികാരവും പത്രോസിനും ലഭിച്ചിരുന്നല്ലോ. അതിനു പുറമെ അതിലധികമായിട്ടാണു് ഈ താക്കോൽദാനമെന്നുള്ളതു സ്പഷ്ടമാണു്. കാരണം "യോനായുടെ പുത്രനായ ശിമയോനെ" എന്ന സംബോധനയും "നിനക്കു തരുന്നു" എന്ന പ്രസ്താവനയുംകൊണ്ടു് ഈ താക്കോൽ പത്രോസിനുമാത്രമേ കൊടുക്കുന്നുള്ളുവെന്നു ക്രിസ്തു വിശദമാക്കുകയാണു ചെയ്യുന്നതു്.

പത്രോസിന്റെ പരമാധികാരത്തെ അംഗീകരിക്കാതിരിക്കുന്നതിനുവേണ്ടി, ശിമയോന്റെ ഏററുപറച്ചിൽ എല്ലാവർക്കുംവേണ്ടിയായിരുന്നെന്നും തന്മൂലം ശിമയോൻ പ്രാപിച്ച വാഗ്ദാനവും എല്ലാവർക്കുംവേണ്ടിയായിരുന്നെന്നും ചിലർ വാദിക്കാറുണ്ടു്. ഈ വാദം സ്വീകരിച്ചാൽ "സ്വർഗ്ഗസ്ഥനായ പിതാവാണു ഇതു നിനക്കു വെളിപ്പെടുത്തിയതു്" എന്ന ക്രിസ്തുവിന്റെ വാക്കുകളെ സ്വർഗ്ഗസ്ഥനായ പിതാവാണു ഇതു നിങ്ങൾക്കു വെളിപ്പെടുത്തിയതു് എന്നും, "നീ ഭാഗ്യവാനാകുന്നു" എന്നതു നിങ്ങൾ ഭാഗ്യവാന്മാരാകുന്നു എന്നുംകൂടി വാദിക്കേണ്ടിവരും. അപ്പസ്തോലന്മാരുടെ കൂട്ടത്തിൽ യൂദാസ്സ്കറിയോത്തായും ഉണ്ടായിരുന്നതിനാൽ യൂദാസ്സ്കറിയോത്താ ഭാഗ്യവാനാകുന്നുവെന്നും, സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ അയാൾക്കു നൽകുമെന്നും ക്രിസ്തു വാഗ്ദാനംചെയ്തതായി സമ്മതിക്കേണ്ടിവരും. ദൈവമായ ക്രിസ്തുവിന്റെ വാക്കുകൾ വ്യർത്ഥമാകുവാൻ പാടില്ല. എന്നാൽ "പാപത്തിന്റെ പ്രതിഫലംകൊണ്ടു തനിക്കായി നിലം സമ്പാദിച്ചു" യൂദായുടെ "വാസസ്ഥലം പാഴായിപ്പോകയും അതിൽ കുടിപാർപ്പുകാർ ഇല്ലാതാകുകയും അവന്റെ ശുശ്രൂഷ മറെറാരാൾ ഏറെറടുക്കുകയും ചെയ്തു"വെന്നു നമുക്കറിയാം (നടപടി I 18—22). വീണ്ടും "നീ കേപ്പായാകുന്നു" എന്നതു നിങ്ങൾ കേപ്പാമാരാകുന്നുവെന്നു മനസ്സിലാക്കേണ്ടിവരും. പക്ഷെ കേപ്പാ എന്നതു ക്രിസ്തു പത്രോസിനു മാത്രം കല്പിച്ചുകൊടുത്ത ഒരു പേരാണു്; മററാർക്കും ആ പേരു കൊടുത്തിട്ടില്ല; മററാരും ഉപയോഗിച്ചിട്ടുമില്ല. യോനായുടെ പുത്രനായ ശിമയോൻ ക്രിസ്തുവിന്റെ ശിഷ്യന്മാരുടെ കൂട്ടത്തിൽ ഒരേ ഒരാൾ മാത്രമേ ഉണ്ടായിരുന്നുള്ളു. ആകയാൽ ക്രിസ്തു ഇവിടെ വാഗ്ദാനം ചെയ്യുന്നതു പത്രോസിനോടു മാത്രമാണെന്നുള്ളതു കരതലാമലകംപോലെ സുവിദിതമാണു്.

"നീ കേപ്പാ ആകുന്നു; ഈ കേപ്പായിന്മേൽ എന്റെ പള്ളി ഞാൻ പണിയും" എന്നാണല്ലോ ക്രിസ്തു പത്രോസിനോടു അരുളിച്ചെയ്യുന്നതു്. എന്നാൽ വിശുദ്ധ മത്തായിയുടെ സുവിശേഷത്തിന്റെ ഗ്രീക്കുമൂലത്തിൽ "നീ പെത്രോസാകുന്നു; ഈ പെത്രാമേൽ ഞാൻ എന്റെ സഭയെ സ്ഥാപിക്കും" (ഇംഗ്ലീഷിൽ Thou art Peter; and upon this rock I will build my Church) എന്നാണു്. ഇവിടെ പെത്രോസ് എന്നും പെത്രാ എന്നും രണ്ടു ഭിന്നപദങ്ങൾ ഉപയോഗിച്ചിരിക്കുന്നതുകൊണ്ടു് ക്രിസ്തു സഭയെ സ്ഥാപിച്ചിരിക്കുന്നതു പത്രോസിലല്ലാ എന്നു ചില പ്രോട്ടസ്റ്റൻറുകാർ വാദിക്കാറുണ്ടു്. പക്ഷെ അവർ ഒരു പരമാർത്ഥം വിസ്മരിച്ചുകളയുന്നു. നമ്മുടെ കർത്താവു സംസാരിച്ചതു ഗ്രീക്കുഭാഷയിലല്ലായെന്നതു തന്നെ. നമ്മുടെ കർത്താവു സംസാരിച്ചതും, വിശുദ്ധ മത്തായി തന്റെ സുവിശേഷമെഴുതിയതും അറാമായഭാഷയിലാണു്. അറാമായഭാഷയിൽ "നീ കേപ്പാ ആകുന്നു; ഈ കേപ്പാമേൽ ഞാൻ എന്റെ സഭയെ സ്ഥാപിക്കും" എന്നാണുള്ളതു്. ഇനി ഗ്രീക്കുതർജ്ജമയിലെ പെത്രോസും പെത്രായും ഭിന്നാർത്ഥപദങ്ങളാണോ? അല്ല. പെത്രോസു എന്ന പദത്തിനു ഇളക്കമില്ലാത്ത പാറ, പാറക്കഷണം എന്നർത്ഥമുണ്ടു്. പെത്രായ്ക്കാകട്ടെ ഉറപ്പുള്ള പാറ എന്നാണർത്ഥം. അപ്പോൾ പ്രസ്തുത ഭാഗത്തിന്റെ അർത്ഥം "ശിമയോനെ, നീ പാറയാകുന്നു; ഈ ഉറപ്പുള്ള പാറമേൽ ഞാൻ എന്റെ സഭയെ സ്ഥാപിക്കും" എന്നായിരിക്കും മലയാളത്തിൽ. ഗ്രീക്കുമൂലത്തിലെ പദവ്യത്യാസംകൊണ്ടു പത്രോസിന്റെ പരമാധികാരത്തിനു യാതൊരു കോട്ടവും തട്ടുന്നില്ലെന്നു ചുരുക്കം.

(തുടരും)

Chakolas SILK HOUSE
TRICHUR-ERNAKULAM
കല്യാണ സാരികൾ
ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ടു്.
EP

# ചോദിച്ചാൽ പറയാം

165 ചോ: ഒരു ക്രിസ്ത്യാനി പുണ്യവും പാപവും ചെയ്യാതിരുന്നാൽ അവനു മോക്ഷം കിട്ടുമോ?

(സി. എം. പാലാ)

ഉ: പുണ്യമോ പാപമോ ചെയ്യാത്ത ഒരവസ്ഥ ഒരു ക്രിസ്ത്യാനിക്കു എങ്ങനെയാണുണ്ടാകുക? ദൈവത്തെ അറിയുകയും സ്നേഹിക്കുകയും അവിടുത്തെ കല്പനകളനുസരിച്ചു് അവിടുത്തെ സേവിക്കുകയും ചെയ്തുകൊണ്ടു് നിത്യരക്ഷ പ്രാപിക്കുവാനാണു ദൈവം മനുഷ്യരെ സൃഷ്ടിച്ചിരിക്കുന്നതു്. ഈ സാമാന്യകല്പനയിൽനിന്നു യാതൊരു ക്രിസ്ത്യാനിയും ഒഴിവാക്കപ്പെട്ടിട്ടില്ല. അവൻ ദൈവപ്രമാണങ്ങളനുസരിച്ചു് അവിടുത്തെ സേവിക്കുന്നുവെങ്കിൽ പുണ്യം ചെയ്യുന്നു. അങ്ങനെ ചെയ്യുന്നില്ലെങ്കിലോ പാപംചെയ്യുന്നു. ഈ രണ്ടിനുമിടയ്ക്കുള്ള ഒരു നിശ്ചലാവസ്ഥ മാനുഷികകൃത്യങ്ങളിൽ സാദ്ധ്യമല്ല. തന്നെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്യുന്നവർക്ക്, പുണ്യം ചെയ്യുന്നവർക്ക്, ദൈവം നിശ്ചയിച്ചിരിക്കുന്ന സമ്മാനമാണു മോക്ഷം. പുണ്യം ചെയ്യാത്തവരെ സംബന്ധിച്ചു് സമ്മാനത്തിന്റെ പ്രശ്നമേ ഉദിക്കുന്നില്ലല്ലോ.

പുണ്യവും പാപവും ഒന്നും ചെയ്യാത്തവരെപ്പററി നമ്മുടെ കർത്താവു രസകരമായ ഒരു ഉപമ അരുളിച്ചെയ്തിട്ടുണ്ടു്. ദൂരയാത്രയ്ക്കു പുറപ്പെട്ട ഒരു പ്രഭു തന്റെ ഭൃത്യന്മാരിൽ ഒരുത്തനു 5-ം, ഒരുത്തനു 2-ം, ഒരുത്തനു 1-ം താലന്തുകൾ വീതം കൊടുത്തു. 5 കിട്ടിയവൻ അതു കൊണ്ടു വ്യാപാരംചെയ്തു് അതു പത്താക്കി; രണ്ടു കിട്ടിയവൻ അതു നാലാക്കി; എന്നാൽ ഒന്നു കിട്ടിയവനാകട്ടെ അതു നിലത്തു കുഴിച്ചിട്ടു സ്വസ്ഥനായിരുന്നു. പ്രഭു തിരിച്ചുവന്നു കണക്കു ചോദിച്ചപ്പോൾ 5 കിട്ടിയിരുന്നവൻ 10-ം, 2 കിട്ടിയിരുന്നവൻ 4-ം യജമാനനെ ഏല്പിച്ചു. സന്തുഷ്ടനായ പ്രഭു "ഗുണവാനും വിശ്വസ്തനുമായ ഭൃത്യാ, അല്പത്തിൽ നീ വിശ്വസ്തനായിരുന്നു; അധികത്തിൽ ഞാൻ നിന്നെ നിയമിച്ചാക്കും; നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു നീ പ്രവേശിക്കുക" എന്നുപറഞ്ഞു് അവർക്കു സമ്മാനംനൽകി. ഒന്നു കിട്ടിയവൻ അതുതന്നെ മടക്കിക്കൊണ്ടുവന്നു കൊടുത്തു. കോപിഷ്ഠനായ പ്രഭു പറഞ്ഞു: "നീ എന്റെ ദ്രവ്യം പലിശയ്ക്കു ഇടേണ്ടതായിരുന്നു; എങ്കിൽ ഞാൻ വന്നു എന്റേതു് അതിന്റെ പലിശകളോടുകൂടി തിരികെ വാങ്ങിക്കൊള്ളുമായിരുന്നു...മടിയനായ ഭൃത്യനെ പുറത്തെ ഇരുട്ടിലേക്കു തള്ളിക്കളയുവിൻ. അവിടെ കരച്ചിലും പല്ലുകടിയുമുണ്ടാകും" (മത്തായി XXV 14—30)

പ്രഭു ഭരമേല്പിച്ച നാണയം ഒന്നും ചെയ്യാതെ മണ്ണിൽ കുഴിച്ചിട്ട ഭൃത്യൻ പുണ്യവും പാപവും ചെയ്യാത്ത ക്രിസ്ത്യാനിക്കു തുല്യനാണു്. ആ ഭൃത്യനെപ്പററി പ്രഭു പറഞ്ഞ വാക്കുകൾ അത്തരം ക്രിസ്ത്യാനികളെപ്പററി ദൈവവും പറയുന്നതാണു്: "ആ താലന്തു അവനിൽനിന്നെടുത്തു, തന്റെ പക്കൽ പത്തു താലന്തു ഉള്ളവനു കൊടുക്കുവിൻ...ഉള്ളവൻ ആരോ അവനു കൊടുക്കപ്പെടും. എന്നാൽ ആർക്കു ഇല്ലാതിരിക്കുന്നുവോ അവനുള്ളതുകൂടെയും അവനിൽനിന്നു എടുക്കപ്പെടും. തങ്ങളുടെമേൽ ഞാൻ ഭരണംനടത്തുവാൻ മനസ്സില്ലാതിരുന്ന എന്റെ ശത്രുക്കളെ കൊണ്ടുവരുവിൻ. അവരെ എന്റെ മുൻപാകെവെച്ചു കൊന്നുകളയുവിൻ..." (ലൂക്കാ XIX 24—27) പുണ്യവും പാപവും ചെയ്യാത്ത ഒരു ക്രിസ്ത്യാനിക്കു മോക്ഷം കിട്ടുകയില്ലെന്നു മാത്രമല്ല, ദൈവം അവനു കൊടുത്ത താലന്തായ "വിശ്വാസ"ത്തെ വേണ്ടവിധം വ്യാപരിക്കാതിരിക്കുന്നതിനാൽ അവൻ നരകശിക്ഷയ്ക്കു വിധേയനാകുകയുംചെയ്യും.

(ശേഷം 10-ാംപേജിൽ)

Wednesday
October 30
1957

# THE SATHYADEEPAM

Reg. No. M. 2393
Vol. 31
No. 12

(ESTD. 1927)

BROADWAY—ERNAKULAM (KERALA STATE)






പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ,
കുഞ്ഞനിയത്തികളേ,

നമ്മുടെ പീറ്റർ കുററബോധമുള്ളവനായി അനുതാപം പ്രകടിപ്പിച്ചു. നല്ല മാലാഖാ അവനെ സ്വാന്തനപ്പെടുത്തുന്നതിനും നല്ല ഉപദേശങ്ങൾ അവനു പറഞ്ഞുകൊടുക്കുന്നതിനും തുടങ്ങി. മകനേ, നാം നമ്മെത്തന്നെ ജയിക്കണം. നമ്മുടെ ദുർവ്വാസനകൾക്കു വളംവച്ചുകൊടുക്കരുതു്. നമ്മുടെ അലസതയെ ജയിക്കണം. ഇതെല്ലാം ചെയ്യുന്നതിനു ദൈവസ്നേഹം സദാ നമ്മെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ടു്. അതുകൊണ്ടു ദൈവം നമ്മെ എന്തുമാത്രം സ്നേഹിക്കുന്നുവെന്നു നാം പലപ്പോഴും ചിന്തിക്കണം. അവിടുന്നു ഇല്ലായ്മയിൽനിന്നു നമ്മെ സൃഷ്ടിച്ചു. എന്തുമാത്രം വിശിഷ്ടമായ അനുഗ്രഹങ്ങൾ നമുക്കു തന്നു എത്രയെത്ര അനുഗ്രഹങ്ങൾ തന്നുകൊണ്ടിരിക്കുന്നു. ഇനിയും നാം വിശ്വസ്തരായി വർത്തിച്ചാൽ എത്ര വിശിഷ്ടമായ അനുഗ്രഹങ്ങളാണു് നമുക്കു തരുവാൻ അവിടുന്നു കരുതിവച്ചിട്ടുള്ളതു്. അവിടുത്തെ സ്നേഹത്തിൻെറ ഏററവും മഹനീയമായ ഒരു പ്രകടനമായിരുന്നില്ലേ, പാപത്തിൽനിന്നു നമ്മെ വീണ്ടെടുക്കുന്നതിനുവേണ്ടി അവിടുത്തെ തിരുസുതനെത്തന്നെ നമുക്കു തന്നതു്. പരിശുദ്ധ ത്രിത്വത്തിൻെറ രണ്ടാമാളായ പുത്രൻ മനുഷ്യനായി അവതരിച്ചുശേഷം എത്ര വലിയൊരു സ്നേഹമാണു് നമ്മുടെനേരെ പ്രകടമാക്കിയിരിക്കുന്നതു്. അവിടുന്നു നമുക്കുവേണ്ടി ക്ലേശിക്കുകയും പാടുപീഡകൾ സഹിക്കുകയും അവസാനം കുരിശിൽതൂങ്ങി മരിക്കുകയും ചെയ്തു. നമ്മെ രക്ഷിക്കുവാൻവേണ്ടി മരിച്ചു ആ നല്ല സ്നേഹിതനെ നാം മറക്കുകയോ? അവിടുത്തോടുള്ള പ്രതിസ്നേഹം കാണിക്കുന്നതിനു ഓരോ നിമിഷവും നാം ശ്രദ്ധയുള്ളവരായിരിക്കേണ്ടയോ? അതിനുവേണ്ടി എന്തു ത്യാഗവും നാമനുഷ്ഠിക്കേണ്ടയോ?

പീററരേ, എന്താണു ദിവ്യബലിയെന്നു നിനക്കറിയാമോ? ദിവ്യഈശോ കുരിശിൽ അർപ്പിച്ചതായ ആ ദിവ്യയജ്ഞം ലോകാവസാനത്തോളവും നാമതിൽ അക്ഷരശ്ശ പങ്കുകാരാകുന്നതിനു വേണ്ടി നമ്മുടെ അൾത്താരകളിൽ

## 137-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—ചെറുപുഷ്പം

## പ്രശ്നം നമ്പർ 138

(സി. കെ. ലോറൻസ്
Reg. No. 97)

എല്ലാവരുടേയും ഒരുപയോഗസാധനമാണു് ഞാൻ. ആരാധനകർമ്മങ്ങളിൽ പോലും അനിവാര്യമായ ഒരു സ്ഥാനമാണു് എനിക്കുള്ളതു്. ഞാൻ ആത്മപരിത്യാഗത്തിൻെറ ഒരു പ്രതീകമാണു്. എൻെറ പേരിനു് അഞ്ചക്ഷരമുണ്ടു്. ഒന്നാമത്തെ അക്ഷരം മെത്രാനിലുണ്ടു്, വൈദികനിലില്ല. രണ്ടാമത്തെ അക്ഷരം പുഴവിലുണ്ടു്, പപ്പാത്തിയിലില്ല. മൂന്നാമത്തെ അക്ഷരം കുതിരയിലുണ്ടു്, ഒട്ടകത്തിലില്ല. നാലാമത്തെ അക്ഷരം തിരമാലയിലുണ്ടു്, എന്നാൽ കടലിലില്ല. അവസാനത്തെഅക്ഷരം ചകിരിയിലുണ്ടു്, ചവിട്ടിയിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ആവർത്തിക്കപ്പെടുന്നതിനു അവിടുന്നുതന്നെ അവിടുത്തെ ദിവ്യമായ അനന്തസ്നേഹത്തിലും അനന്തശക്തിയിലും സ്ഥാപിച്ചിട്ടുള്ള പരമരഹസ്യമാണതു്. അൾത്താരയിലെ ദിവ്യബലി യഥാർത്ഥത്തിൽ കുരിശിലെ ബലിതന്നെയാണു്. അവിടുന്നുതന്നെ വൈദികൻെറ കർമ്മപ്രവൃത്തികൾവഴി അതർപ്പിക്കുകയാണു്. അതിൽ നാമെല്ലാം സംബന്ധിക്കുന്നതിനാണു്, പങ്കുപററുന്നതിനാണു്, തിരുസഭാമാതാവു നമ്മെ വിളിക്കുന്നതു്. ആണ്ടുവട്ടത്തിൽ കുറെദിവസമെങ്കിലും നാമതിൽ സംബന്ധിക്കുന്നതിനുവേണ്ടിയാണു് ഞായാഴ്ചദിവസങ്ങളിലും തിരുനാളുകളിലും അതു പാപത്തിൻകീഴ് കടപ്പെടുത്തിയിരിക്കുന്നതു്. അതുകൊണ്ടു് ദൈവത്തെ സ്നേഹിക്കുവാൻ ആഗ്രഹിക്കുന്ന ഒരു നല്ല ക്രിസ്ത്യാനി കടപ്പെട്ട ഒരു കർബാന മുടക്കുമോ? തീർച്ചയായും ഇല്ല. അതുകൊണ്ടുമാത്രം പോരാ, കഴിവുള്ളിടത്തോളം എല്ലാ ദിവസവും നാം ദിവ്യബലിയിൽ സംബന്ധിക്കാൻ ശ്രമിക്കണം. നമുക്കുവേണ്ടി സ്വയം ബലിയർപ്പിക്കുന്ന ദിവ്യഈശോയെ നാമൊരിക്കലും അവഗണിച്ചുകളയരുതു്. മാത്രമല്ല പാടുണ്ടെങ്കിൽ അവിടുന്നു ലോകത്തിൽ അർപ്പിക്കുന്ന ഓരോ ദിവ്യബലിയിലും സംബന്ധിക്കുന്നതിനുള്ള വലിയ ആഗ്രഹം നമുക്കുണ്ടായിരിക്കണം. ആഗ്രഹത്താലെങ്കിലും അതിൽ നാം പങ്കുകാരാകണം. വേണ്ടയോ, പീററരേ?

പീററിനു ഈ സംഭവം ഒരു പുതിയ പ്രകാശം പ്രദാനംചെയ്തു. കൃതജ്ഞതയോടും സ്നേഹത്തോടുംകൂടി അവൻ മാലാഖായെ നോക്കിക്കൊണ്ടു പറഞ്ഞു: എൻെറ പ്രിയപ്പെട്ട മാലാഖാ, ഞാനെന്താണു പറയേണ്ടതു്? ദിവ്യബലി എന്താണെന്നു എന്നെ പഠിപ്പിച്ചു അങ്ങേയോടു ഞാനെങ്ങിനെയാണു് കൃതജ്ഞത പറയേണ്ടതെന്നെനിക്കറിഞ്ഞുകൂടാ. ഞാൻ ഇനി ഒരിക്കലും കുർബാന മുടക്കുകയില്ല. മാത്രമല്ല കഴിവുള്ളപ്പോഴെല്ലാം ദിവസവും ഞാനതിൽ സ്നേഹപൂർവ്വം പങ്കുകൊള്ളുന്നതാണു്.

വല്യേട്ടൻ



ജോർജ് വീ. ചിറയത്തു
(Reg. No. 36)

ചെറുകഥ

## ജീവിതനാടകം

(വീ.ററി. ചാണ്ടി Reg. No. 199)

ബൊഹാക്കിൻെറ അരുമക്കതിരുകൾ ആ ചെററപ്പുരയുടെ മൂലയിൽ ചാക്കുകട്ടിലിൽ കിടക്കുന്ന ഔതച്ചേട്ടൻെറ ദേഹത്തു ചുട്ടികൾ കുത്തി. ദേവാലയത്തിൽനിന്നു് ഏതോ മഹാസംഭവം ആ ഗ്രാമവാസികളെ വിളിച്ചറിയിക്കുവാനായി ശ്രുതിമധുരമായ മണിനാദം സ്വച്ഛമായ ഗ്രാമാന്തരീക്ഷത്തിൽ മുഴങ്ങി. ശാന്തിയുടെ ദിവ്യസന്ദേശം വാരിവിതറുന്ന ദിവ്യമായ സ്നേഹത്തിൻെറ ആ കേദാരത്തിലേക്കു മനുഷ്യർ പറക്കുവാൻ വെമ്പൽകൊള്ളുകയാണു്, അതേ ആ ദേവാലയത്തിലേക്കു്.

ഔതച്ചേട്ടൻെറ വീട്ടിൽനിന്നും ആരും അന്നു പള്ളിയിൽ പോയില്ല. അയാൾ കിടപ്പിലായിട്ടു് ദിവസങ്ങൾ പലതു കഴിഞ്ഞു. അയാളുടെ ഏക ആശാകേന്ദ്രമാണു് ജോസു്. അവൻെറ അമ്മ മരിച്ചിട്ടു് വർഷം ഒന്നുകഴിഞ്ഞു. അയാൾക്കുവേണ്ടി എന്തും സഹിക്കുവാൻ ആ കൊച്ചുഹൃദയം എപ്പോഴും സന്നദ്ധമാണു്. പക്ഷെ, അവൻെറ കുഞ്ഞിക്കൈകൾ തളരാൻ അയാൾ അനുവദിക്കുകയില്ല. എങ്കിലും, നിയതിയുടെ നിയമം മറിച്ചായിരുന്നു.

അയാൾ ജോസിനെ വിളിച്ചു.

"എന്താപ്പാ."

"മകനെ നീ മാത്തുമുതലാളിയുടെ വീട്ടിൽ ചെന്നു പറ, കുറേ രൂപാകൂടി തരാൻ; അയാൾ നമ്മെ ഉപേക്ഷിക്കുകയില്ല."

നിശ്ശബ്ദത...

"അപ്പാ, നമ്മൾ ഇങ്ങനെ പണം കടം വാങ്ങിയാൽ എങ്ങനെ തിരിച്ചുകൊടുക്കും?"

"മകനേ, എൻെറ സുഖക്കേടു മാറുമ്പോൾ എങ്ങനെയെങ്കിലും കൊടുക്കാം"

അവൻ മാത്തുമുതലാളിയുടെ പടിക്കൽ എത്തി. അയാൾ പള്ളിയിൽനിന്നും വരുന്നതേയുള്ളു.

"എന്നാടാ ചെറുക്കാ, വന്നതു്?" അയാൾ ചോദിച്ചു.

ജോസു് ഒന്നും മിണ്ടിയില്ല. അവനെ "എടാ ചെറുക്കാ" എന്നു വിളിച്ചതു അവനു ഒട്ടും രസിച്ചില്ല. അവനും മുതലാളിയും തമ്മിൽ ഒരേ ഒരുഅകൽച്ചയേയുള്ളു. അതു പണത്തിൻേറതു മാത്രമാണു്. ഒരു തെരുവുതെണ്ടിയായാലും അവനും ഉണ്ടല്ലോ ആത്മാഭിമാനം? മററുള്ളവയെല്ലാം ദൈവം അവർക്കു രണ്ടുപേർക്കും ഒരുപോലെയാണു് കൊടുത്തിരിക്കുന്നതു്. പക്ഷേ, അവനെക്കാൾ പണം അയാൾക്കു കൂടുതലുണ്ടു്. ഇങ്ങനെ അവൻെറ ചിന്തകൾ പറന്നുപോയി

"കുറച്ചു രൂപാകൂടി തരാൻ അപ്പൻ പറഞ്ഞു"

"എന്നാടാ, നിൻെറ അപ്പൻ ഉണ്ടോ ഇവിടെ തേടിവെച്ചിട്ടുള്ളു?"

"ഇല്ല കടം തരാനാണു് പറഞ്ഞതു്."

"രൂപാ മുന്നൂറിൻെറ അടുത്തായല്ലോ, പിന്നെ എങ്ങനെയാ തന്നതിക്കുന്നതു്?"

"അപ്പൻെറ സുഖക്കേടു ഭേദപ്പെട്ടമ്പം തരാമെന്നാ പറഞ്ഞതു്"

"എന്നാൽ പത്തു രൂപാകൂടി തരാം. അതിൽ കൂടുതൽ തരാൻ നിവൃത്തിയില്ല"

ജോസു് രൂപായുമായി വേഗം നടന്നു. നേരം ഉച്ചയോടടുത്തിരുന്നു. സൂര്യൻ നേരെ ഉച്ചിയിലെത്തിയതുകൊണ്ടു് ഉഗ്രമായ ചൂടു് അവനു അനുഭവപ്പെട്ടു. അവൻെറ നേത്രങ്ങൾ വിശാലമായ ആകാശപ്പരപ്പിലേക്കു് ഉയർന്നു. പക്ഷികൾ ആ നീലാകാശത്തിൻകീഴിൽ പാറിപ്പറക്കുന്നു. അവ വിതയ്ക്കുന്നില്ല; കൊയ്യുന്നില്ല; കളപ്പുരകളിൽ ശേഖരിക്കുന്നുമില്ല.

നേരം സന്ധ്യയോടടുത്തു. പക്ഷികൾ അവയുടെ കൂടുകൾ തേടിപ്പറപ്പെട്ടു. അങ്ങു് പടിഞ്ഞാറെ ചക്രവാളസീമയിൽ സൂര്യൻ ചെഞ്ചായം പൂശുന്നു. വെളിച്ചം ഇരുട്ടിനു് വഴിമാറിക്കൊടുത്തു. മുററത്തൊരു കാലൊച്ച. ജോസു് മുൻവശത്തേക്കുവന്നു. "മാത്തുമുതലാളി" അവൻ സ്വയം പറഞ്ഞു.

"ഔതച്ചേട്ടൻ ഉറങ്ങിയോ?"

"ഇല്ല" അവൻ പറഞ്ഞു.

"ആരാ, ജോസേ അതു്?" ഔതച്ചേട്ടൻ ആരാഞ്ഞു.

"മാത്തുമുതലാളി"

"എന്താ വിശേഷം"

"ഓ, ഒന്നുമില്ല. എങ്കിലും ഒരു കാര്യം പറയാനാണു് വന്നതു്."

"നമ്മുടെ കടം ഇനി എന്നാണു് വീട്ടുന്നതു്. അതിനു നിൻെറ ഈ കിടപ്പാടം ഇങ്ങു തന്നേരെ അതല്ലേ ഉള്ളു നിനക്കു്."

ഔതച്ചേട്ടൻ ഒന്നുഞെട്ടി. കണ്ണിൽ വെള്ളം നിറഞ്ഞു. "മാത്തുമുതലാളി അങ്ങനെ പറയരുതു്, ഞങ്ങൾ എങ്ങോട്ടുപോകും."

"അല്ല, നിങ്ങൾ ഇവിടെ താമസിച്ചുകൊള്ളു; അതിനു് എനിക്കു വിരോധമില്ല. നാളെ എഴുതാൻ പോകാം. ബാക്കി സംഖ്യ കൂടി നാളെത്തരാം." അയാൾ ഇത്രയും പറഞ്ഞിട്ടു് വേഗം നടന്നു.

പുലരിയുടെ പുതുമകളെ പുകഴ്ത്തി കിളികൾ കളഗാനം മുഴക്കിയെങ്കിലും അന്നത്തെ പ്രഭാതം തീരെ ഉന്മേഷമില്ലാത്തപോലെ ഔതച്ചേട്ടനു തോന്നി. മാത്തുമുതലാളിവന്നു ആധാരമെഴുത്തു മുതലായവ കഴിഞ്ഞു. അയാളുടെ കിടപ്പാടം അങ്ങനെ വേർപെട്ടു അന്നയാൾക്കു സുഖക്കേടിനു ഒട്ടും കുറവുതോന്നിയില്ല.

ഭീകരമായ നിശീഥിനി! ആ നിശീഥിനിയുടെ നിശ്ശബ്ദതയെ ഭംഗപ്പെടുത്തുവാൻ ആരും തുനിഞ്ഞില്ല. എങ്കിലും ആ ചെററപ്പുരയുടെ ഉള്ളിൽനിന്നും ഒരു കൊച്ചുഹൃദയം നെടുവീർപ്പിടുന്നുണ്ടു്—ആരുമോരുമില്ലാത്ത ആ കൊച്ചുഹൃദയം! ആ ഏകാന്തതയിൽ ഔതച്ചേട്ടൻെറ ആത്മാവു് അനശ്വരതയിലേക്കു പറന്നുയർന്നു. ജോസിൻെറ കൊച്ചുഹൃദയം നിരാധാരമായി; അവൻ നിർദ്ധനനായി.

പിച്ചക്കാൽ വെച്ചുവച്ചു് വിശാലമായ ലോകത്തിലേക്കവൻ ഇറങ്ങി. ആ കൊച്ചുഹൃദയത്തെ അന്വേഷിക്കാൻ ആരുണ്ടു്. നിരാധാരരുടെ ആലംബമായ ദൈവത്തിൽമാത്രം അവൻ ആശ്രയിച്ചു.

അവൻ നടന്നുനടന്നു ഒരു ഗ്രാമത്തിലെത്തി. നേരം സന്ധ്യയോടടുത്തിരുന്നു. അതു ഒരു നിശ്ചയവുമില്ലാത്ത സ്ഥലം. എങ്ങും നിശ്ശബ്ദത, ഭീകരതനിറഞ്ഞ നിശ്ശബ്ദത! നടന്നുനടന്നു കാലു കുഴഞ്ഞു. അവനു നന്നേ വിശക്കുന്നുമുണ്ടു്, പക്ഷെ അവനു എന്തെങ്കിലും കൊടുക്കുവാൻ ആരുണ്ടു്. അവിടെ അടുത്തെങ്ങും ഒരു വീടു പോലുമില്ല. അവൻ ഒരു കല്ലിൽ ചെന്നിരുന്നു സന്ധ്യാനമസ്കാരം കഴിച്ചു. ഒരു കാറിൻെറ ഹോൺ! അവൻ പടിഞ്ഞാറോട്ടുനോക്കി. അങ്ങകലെനിന്നും ഒരു കാർ ഓടിവരുന്നു. കാർ അടുത്തുവന്നു. കാറിൽ ഇരിക്കുന്നവർ ആരോ എന്തോ? കാർ അവൻെറ അടുത്തുവന്നുനിന്നു. കാറിൽനിന്നും ഒരു നാല്പത്തെട്ടുകാരൻ തല പുറത്തേക്കിട്ടു് ജോസിനോടു ചോദിച്ചു: "നീ എന്തിനാ ഇവിടെ ഇരിക്കുന്നതു്."

"വെറുതെ."

"നീ തന്നെയുള്ളോ?"

"ഞാൻതന്നെയുള്ളു."

അയാൾ അവൻെറ മുഖത്തേക്കു ലൈററടിച്ചുനോക്കി. അവൻെറ മുഖത്തു ഒരു കലിനതാപം കളിയാടുന്നതു അയാൾ കണ്ടു. അവൻെറ കണ്ണിൽനിന്നും രണ്ടുതുള്ളി കണ്ണുനീർ അടർന്നുവീണു.

അയാൾ അവനെ വിളിച്ചു കാറിൽകയററി. കാർ അതിവേഗം ഓടി. അവനൊന്നും കാണാൻ കഴിഞ്ഞില്ല. കാർ ഒരു ബംഗ്ലാവിൻെറ മുററത്തെത്തി. കാറിൽനിന്നും ആ മനുഷ്യൻ അവനെ വിളിച്ചുകൊണ്ടു് മുറിക്കുള്ളിലേക്കുപോയി. അവിടെ ഒരു കട്ടിലിൽ ഒരു സ്ത്രീ കിടക്കുന്നു. അയാൾ അവരോടു എന്തൊക്കെയോ സംസാരിച്ചു. അവനുവേണ്ട ഭക്ഷണമെല്ലാം കൊടുത്തു് കിടക്കമുറി അവനു കാണിച്ചുകൊടുത്തു. പി

(ശേഷം 8-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam-1